Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 മിഥുനം 22—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂലൈ 6 | ലക്കം 45

## സ്വതന്ത്രഭാരതവും ക്രിസ്തുരാജഹൃദയവും

[കെ. ഇ. ജോബ്ബ് എം. എ. എൽ. ടി.]

ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ ജവഹർലാൽ നെഹ്റുവിൻെറ സമാധാനദൗത്യവും, ജനകീയഭരണക്രമത്തിലുള്ള അടിയുറച്ച വിശ്വാസവും, കറയററ സന്മാർഗ്ഗനിഷ്ഠയും, സർവ്വജനീനമായ സ്നേഹാദരവും, ഉച്ചനീചത്വമോ കുബേരകുചേലവ്യത്യാസമോ തീണ്ടാത്ത സാഹോദര്യബുദ്ധിയും, സകലലോകരുടേയും അഭിനന്ദനത്തിന് പാത്രീഭൂതമായിരിക്കുന്ന ഒരു കാര്യമാണല്ലോ ഇതു്. അദ്ദേഹം ഒരജ്ഞേയവാദി (Agnostic) ആണെന്നു സ്വയം പറയാറുള്ള ആ ഭാഗമൊഴിച്ചാൽ അദ്ദേഹത്തിൻെറ ആദർശങ്ങൾക്കു ക്രിസ്തുവിൻെറ സാമൂഹ്യവും സാമ്പത്തീകവുമായ ആദർശങ്ങളോടു വളരെ യോജിപ്പുണ്ടെന്നു കാണാം. അദ്ദേഹത്തിൻെറ രാഷ്ട്രീയഗുരുവായിരുന്ന മഹാത്മാഗാന്ധിയാകട്ടെ തികഞ്ഞ ഈശ്വരവിശ്വാസിയും, ഹിന്ദുമതസ്ഥനെങ്കിലും ഒരു ക്രിസ്തുഭക്തനുംകൂടി ആയിരുന്നു. ഒരിക്കൽ ഗാന്ധിയൻ തത്വശാസ്ത്രത്തെ അനുകൂലിച്ചു് ഇൻഡ്യയിലെ പ്രഥമ പേപ്പൽ ഇൻറർനുൺഷ്യോ ആയിരുന്ന മോൺസിഞ്ഞോർ കിയർക്കൽസ് പ്രസ്താവിച്ചിട്ടുള്ളതുപോലെ, "സഭയ്ക്കു വെളിയിൽ ക്രിസ്തീയതത്വങ്ങളെപ്പററിയുള്ള സഭയുടെ പ്രബോധനങ്ങളെ മി. ഗാന്ധിയെപ്പോലെ ആരെങ്കിലും ഇത്ര ഉജ്ജ്വലതയായി പ്രതിദ്ധ്വനിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇൻഡ്യയുടെ സാമ്പത്തീകോദ്ധാരണത്തിനായുള്ള അദ്ദേഹത്തിൻെറ യത്നങ്ങൾക്കിടയിൽ ആത്മീയകാര്യങ്ങളുടെ വിലയും ആധിപത്യവും അദ്ദേഹം മറന്നുകളഞ്ഞിട്ടില്ല." മേൽപ്പറഞ്ഞ വിഷയങ്ങളിലെല്ലാം ആധുനികഭാരതം ക്രിസ്തുരാജഹൃദയത്തോടു സമീപിച്ചുവരികയാണെന്നുള്ളതു് ക്രിസ്തീയവിശ്വാസികൾക്കും ക്രിസ്തുഭക്തരായ വിമതസ്ഥർക്കും ഒന്നുപോലെ ആനന്ദസന്ദായകമാണു്.

സജീവമായ ഒരു മനുഷ്യശരീരത്തിൽക്കൂടി നിർമ്മലമായ ജീവരക്തം തുടിച്ചുപ്രസരിക്കുന്നതുമൂലം ആ മനുഷ്യജീവി ആരോഗ്യവും ബലവും ബുദ്ധിയും സുകൃതവും തികഞ്ഞവനായി പ്രവൃത്തിയെടുക്കുന്നതു് നമ്മുടെ നിത്യപരിചയത്തിൽപ്പെട്ട കാര്യമാണല്ലോ. അതുപോലെതന്നെ ഇൻഡ്യയെപ്പോലെയുള്ള ഒരു ശ്രേഷ്ഠരാഷ്ട്രത്തിലെ പൗരന്മാർ മേൽപ്പറഞ്ഞ നേതാക്കന്മാരുടെ ആദർശങ്ങളെ മുൻനിറുത്തി തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ പ്രവർത്തനങ്ങളെ പതിവായി കരുപ്പിടിപ്പിക്കുന്നപക്ഷം, ആ രാഷ്ട്രവും ക്രിസ്തുരാജഹൃദയത്തോടു സാധർമ്മ്യം പാലിക്കുമെന്നു വിചാരിച്ചാൽ വലിയ അബദ്ധമുണ്ടാകുകയില്ല. എന്നാൽ അനേകകോടി ജനങ്ങളാൽ അധിവസിതമായ നമ്മുടെ ഈ ചെറുഭൂഖണ്ഡരാഷ്ട്രത്തിൽ പരിപൂർണ്ണമായ ക്രിസ്തുഹൃദയസാധർമ്മ്യം കേവലം അപ്രാപ്യമായി തള്ളാതേയും തരമില്ല. ക്രൈസ്തവരാജ്യങ്ങളിൽപ്പോലും ഏതാദൃശമായ ക്രിസ്തുഹൃദയസാധർമ്മ്യം ഒരുകാലത്തുപോലും സംസിദ്ധമായിട്ടുമില്ല.



വിശുദ്ധ മരിയഗൊരേത്തി

(തിരുനാൾ ജൂലൈ 6)

ക്രിസ്തു ലോകത്തിൽ സ്ഥാപിച്ചിട്ടുള്ള ആദ്ധ്യാത്മികജനസമൂഹത്തെയാണു് Ecclesia, Church അഥവാ സഭയെന്നു വിളിക്കുന്നതു്. ഈ സഭയിലെ അംഗങ്ങൾ ക്രിസ്തുവിൻെറ നിർദ്ദേശമനുസരിച്ചു്, ജ്ഞാനസ്നാനംമൂലം സഭയിൽ വീണ്ടും ജനിച്ചവരും, ആ സഭയുടെ വിശ്വാസമനുസരിച്ചുള്ള നിയമാവലികളെ അനുസരിക്കുന്നവരും, സംസ്കാരകർമ്മങ്ങൾ (Sacraments) അനുഷ്ഠിച്ചു് ക്രിസ്തുവിൻെറ (Grace) കൃപാവരം പ്രാപിക്കുന്നവരുമായിരിക്കണമെന്നു നിർബന്ധമുണ്ടു്. ക്രിസ്തുവിൻെറ സാമ്പത്തികവും സാമൂഹ്യവുമായ ആദർശങ്ങളനുസരിച്ചാൽമാത്രം ക്രിസ്തീയ സഭയിലെ അംഗങ്ങളാകുകയില്ല. ക്രിസ്തീയ സഭയിലെ അംഗങ്ങളാകുന്നവർ ക്രിസ്തുവിൻെറ ജ്ഞാനശരീര (Mystical Body) ത്തിലെ അംഗങ്ങളെന്നു വിളിക്കപ്പെടുന്നു. സജീവവും അരോഗവുമായ ഒരു മനുഷ്യശരീരത്തിൽക്കൂടി നിർമ്മലമായ ജീവരക്തം തുടിച്ചുപായുന്നതുപോലെ ക്രിസ്തുവിൻെറ ജ്ഞാനശരീരസിരകളിൽക്കൂടി ക്രൈസ്തവസുകൃതങ്ങളും കൃപാവരവും നിരന്തരം പ്രസരിച്ചുകൊണ്ടിരിക്കുന്നു. സജീവശരീരങ്ങളിൽപ്പോലും രോഗബാധിതമായ ചില ഭാഗങ്ങളുണ്ടാകാറുള്ളതുപോലെ, പാപപങ്കിലരായ ചില ജനങ്ങളും ക്രിസ്തുവിൻെറ ജ്ഞാനശരീരത്തിലുണ്ടാകും. ആദ്ധ്യാത്മികചികിത്സകൾമൂലം ആ ഭാഗങ്ങളെ വീണ്ടും കൃപാവരപ്രവാഹത്താൽ നിറച്ചാൽ, അവ പൂർവ്വവൽ ആരോഗ്യസമ്പൂർണ്ണമായിത്തീരുകയുംചെയ്യും. ക്ഷണഭംഗുരമായ സാമൂഹികസാമ്പത്തികാഭിവൃദ്ധിയെക്കാൾ തുലോം അഭികാമ്യമായ ആദ്ധ്യാത്മികപരിപൂർണ്ണതയ്ക്കവശ്യാവശ്യമായിട്ടുള്ളതു്, ക്രിസ്തുവിൻെറ ജ്ഞാനശരീരത്തിലെ സജീവമായ അംഗത്വമാണു്.

ഈ മഹത്തായ ദൗത്യവും വഹിച്ചുകൊണ്ടു് നമ്മുടെ ഭാരതഭൂമിയിൽ 1900 കൊല്ലങ്ങൾക്കു മുൻപു് കാലൂന്നിയ ഒരു ക്രിസ്തുശിഷ്യനാണു് മാർ തോമ്മാശ്ലീഹാ എന്ന പുണ്യദേഹം. ക്രിസ്തുവിൻെറ സമപ്രായനെന്നു വിചാരിക്കാവുന്ന ഇദ്ദേഹം, രണ്ടു മിഷൻയാത്രകൾ പൗരസ്ത്യദേശങ്ങളിലേക്കു നയിച്ചിട്ടുണ്ടെന്നാണു പണ്ഡിതമതം. പന്തക്കുസ്താ കഴിഞ്ഞശേഷം എ. ഡി. 34-ൽ അപ്പസ്തോലന്മാർ തങ്ങളുടെ മിഷൻരംഗങ്ങളേവയെന്നുള്ള ദൈവഹിതമറിവാൻ ചീട്ടിയിട്ട അവസരത്തിൽ തോമ്മാശ്ലീഹായ്ക്കു പാർത്ത്യാസാമ്രാജ്യമാണു ലഭിച്ചതെന്നു ഓരിജെൻ എന്ന പ്രാചീനസഭാപിതാവു രേഖപ്പെടുത്തിയിട്ടുണ്ടു്. അതനുസരിച്ചുള്ള മിഷൻയാത്ര, മദ്ധ്യധരണിക്കടലിൻെറ കിഴക്കെ തീരത്തുനിന്നും തുടങ്ങി ചൈനാവരെ എത്തിയിരുന്ന (Silk Route) പട്ടുപാത എന്ന അന്നത്തെ വാണിജ്യമാർഗ്ഗത്തിൽ കൂടി ആയിരിക്കാതെ തരമില്ലായിരുന്നു. അതിനിടയ്ക്കു് മെസ്സൊപ്പൊട്ടേമിയാ മുതൽ പേർഷ്യാ കടന്നു് ഉത്തരഭാരതം വരെയാണു് പാർത്തിയാ സാമ്രാജ്യം വ്യാപിച്ചിരുന്നതു്. ഈ കാരണത്താലാണു് ഇന്നും മെസ്സൊപ്പൊട്ടേമിയായിലേയും പേർഷ്യായിലെയും ക്രിസ്ത്യാനികൾ തങ്ങളുടെ പ്രഥമ ആദ്ധ്യാത്മികപിതാവായി മാർത്തോമ്മാശ്ലീഹായെ വന്ദിച്ചുവരുന്നതു്. പട്ടുപാതയുടെ ഒരു ശാഖ ഉത്തരഭാരതത്തിലുള്ള തക്ഷശില എന്ന പ്രാചീന സംസ്കാരകേന്ദ്രത്തിൽക്കൂടി കടന്നുപോയിരുന്നതുകൊണ്ടു്, തീർച്ചയായും തോമ്മാശ്ലീഹാ, തൻെറ ആദ്യത്തെ മിഷ്യൻയാത്രയിൽ അവിടെയും വേദം പ്രസംഗിച്ചിരിക്കുവാനിടയുണ്ടു്. ക്രിസ്തുവർഷം 20-നും 40-നും ഇടയ്ക്കു്, തക്ഷശിലയിൽ രാജധാനിസ്ഥാപിച്ചു ഭരിച്ചിരുന്ന ഗോണ്ടഫാറസ് എന്ന രാജാവു് അദ്ദേഹത്തെ സ്വീകരിച്ചതായുള്ള (Acta Thomae) എന്ന അതിപ്രാചീനകൃതിയിലെ പ്രസ്താവങ്ങൾ കേവലം മിഥ്യയല്ലെന്നു മേൽപറഞ്ഞ സാഹചര്യങ്ങൾ തെളിയിക്കുന്നു. അടുത്തകാലങ്ങളിൽ ഗോണ്ടഫാറസിൻെറ നാമം വഹിക്കുന്ന അനേകം നാണ്യങ്ങളും ഒരു ശിലാലേഖനവും വടക്കെ ഇൻഡ്യയിൽ കണ്ടുപിടിച്ചതോടുകൂടി ഈ അനുമാനം ഒരു യാഥാർത്ഥ്യമായി പണ്ഡിതലോകം പരിഗണിച്ചുവരുന്നു.

ക്രിസ്തുവർഷം 50-ാമാണ്ടിനു മുൻപായി ശ്ലീഹന്മാരെല്ലാം അവരുടെ പ്രഥമ മിഷ്യൻ രംഗങ്ങൾ വിട്ടു ജെറുസലേമിലേക്കു പോയി, രണ്ടാമത്തെ (Apostolic Synod) ശ്ലൈഹിക സൂനഹദോസിൽ ചേരുകയും അവിടെവച്ചു്

ആഖ്യായിക




## അദ്ധ്യായം 7

## ദാവീദിൻ നക്ഷത്രം

(വി. സി. ജോർജ് ബി. എ. എൽ.ററി.)

ശോഭനങ്ങളായ ചിത്രയവനികകളാൽ അലങ്കരിക്കപ്പെട്ട ഭിത്തികളുണ്ടായിരുന്ന ഒരുമുറിയിൽ പ്രൊക്കുറെയിററർ മുമ്പോട്ടും പിമ്പോട്ടും ദ്രുതഗതിയിൽ നീങ്ങിക്കൊണ്ടിരുന്നു. മേൽതട്ടുകളിൽനിന്നു തൂങ്ങിക്കിടന്ന വിളക്കുകൾ പ്രകാശിച്ചു സുരഭിപടലം മുറിയിൽ പരത്തി. ചട്ടികളിൽ കത്തിയെരിയുന്ന കൽക്കരിക്കട്ടകളിൽനിന്നു പുറപ്പെട്ട പുകയാകട്ടെ അന്തരീക്ഷത്തിൽ ലയിച്ചു. ഇററലിയിലെ ചൂടേറിയ സൂര്യപ്രകാശത്തിൽ പരിശീലിച്ച പ്രൊക്കുറെയിറററെ ശരൽകാലീനമായ ശീതബാധയിൽനിന്നു രക്ഷിക്കുവാനായിരുന്നു ഈ ഞെരിപ്പോട്ടുകൾ. ദാസി ക്ലോയെ, ഒരു ചട്ടിയിങ്കൽനിന്നുമററൊന്നിനെ സമീപിച്ചു അഗ്നിക്കാഹാരമായി പുതിയ കരിക്കട്ടകളും തിരുപശയും ഇട്ടുകൊടുത്തു.

വീണ്ടും ചിട്ടിയിട്ട് പുതിയ മിഷ്യൻരംഗങ്ങളിലേക്കു പോയി എന്നും, ഗ്രീഗരി ഓഫ് ടൂർസ് എന്ന സഭാചരിത്രകാരന്മാർ പ്രാചീനപാരമ്പര്യങ്ങളെ ആസ്പദിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധ കന്യകമാതാവിൻെറ സ്വർഗ്ഗാരോപണം ക്രി.വ. 49 ലും ജറുസലേം സൂനഹദോസ് ക്രി.വ. 50-ാമാണ്ടിലും ആണെന്നാണ് സഭാചരിത്രകാരന്മാർ ഏകകണ്ഠമായി പ്രസ്താവിക്കുന്നതു്. ഈ രണ്ടാമത്തെ ചിട്ടിയുടെ ഫലമനുസരിച്ചാണ് ഇൻഡ്യയിലേക്കുള്ള യാത്ര. അപ്രേം മല്പാൻെറ പാട്ടുകളിലും സിറിയൻഭാഷയിലുള്ള നിരവധിരേഖകളിലും പാത്ത്യാമിഷ്യനെപ്പററി മൗനമവലംബിക്കുകയും, ഇൻഡ്യയെപ്പററി ധാരാളം പ്രസ്താവനകൾ നടത്തുകയും ചെയ്യുന്നതു് ഈ രണ്ടാമത്തെ മിഷ്യൻയാത്രയുടെ പരമപ്രാധാന്യം മൂലമാണ്. "ഇൻഡ്യയും തോമ്മയും പര്യായപദങ്ങളാണെ"ന്നു പോലും ഒരു ആധുനികഗവേഷകൻ പ്രസ്താവിച്ചിട്ടുള്ളതു ഇക്കാരണത്താലാണ്. ഇൻഡ്യയിലെ ഇതര പ്രാചീന ക്രൈസ്തവസമൂഹങ്ങളെല്ലാം നിർമ്മാർജ്ജനം ചെയ്യപ്പെട്ട ശേഷവും കേരളത്തിലെ ക്രൈസ്തവസമൂഹം മാത്രം ഏഷ്യാഭൂഖണ്ഡത്തിലെ ഒരു കെടാവിളക്കായി പ്രശോഭിച്ചുകാണുന്നതു്, ഈ വിളക്കിൽ ആദ്യം എണ്ണ വീഴ്ത്തിയ സുവിശേഷപ്രസംഗകൻെറ കൈപ്പുണ്യവും ആ എണ്ണ സ്വീകരിച്ചു വിളക്കിൻെറ ദൈവാധീനവും കൊണ്ടായിരിക്കണം.

മാർത്തോമ്മാശ്ലീഹാ തൻെറ വിയർപ്പുകൊണ്ടും രക്തംകൊണ്ടും നനച്ചുവളർത്തിയ ഈ സഭാലത, ഇന്നിതാ 19 നൂററാണ്ടുകളിലെ ഉൽക്കർഷാപകർഷങ്ങളെ അതിജീവിച്ചു്, മലയാളനാടിൻെറ താങ്ങും തണലുമായി, ക്രിസ്തുനാഥൻെറ സ്ലീവാമരത്തെ ദൃഢമായി ആശ്ലേഷിച്ചുകൊണ്ടു്, സ്വതന്ത്രഭാരതത്തിൽ വിജയശ്രീയോടുകൂടി പരിലസിക്കുന്നു. ഈ ലതയുടെ ചെറുവള്ളികൾ ഭാരതഭൂമിയുടെ നാനാദിഗന്തങ്ങളിലേക്കും പടന്നു പിടിക്കുകയും, അവയിൽ കാലാകാലങ്ങളിൽ മൊട്ടിട്ടു വികസിക്കുന്ന കുസുമങ്ങളുടെ സൗരഭ്യം സകലത്ര വ്യാപിക്കുകയും, തന്മൂലം സ്വതന്ത്രഭാരതത്തിൽ ക്രിസ്തുരാജഹൃദയത്തിനുള്ള സ്ഥാനം ഉയന്നുയന്നു വരുകയും ചെയ്യുന്നതിനു ഈ ജൂലൈ മൂന്നാംതീയതി, ആരുടെ സ്മരണ (ദുക്റാന) നാം കൊണ്ടാടിയോ ആ തോമ്മാശ്ലീഹായുടെ മാദ്ധ്യസ്ഥപ്രാത്ഥന, നമുക്കു ക്രിസ്തുരാജഹൃദയത്തിൽനിന്നും കണക്കില്ലാത്തവിധം നൽവരങ്ങൾ പ്രാപിച്ചു നൽകുമാറാകട്ടെ.

പര്യങ്കങ്ങളിൽ ഒന്നിന്മേൽ ഗവർണരുടെ ധമ്മപത്നി ക്ലാവുദിയാ കമ്പിളികളും തുകലുകളുംപുതച്ചു കിടന്നു. അടുത്തുണ്ടായിരുന്ന ഞെരിപ്പോടിന്മീതെ പിടിച്ച കൈകൾക്കു ചൂടേല്പിക്കുന്ന ജോലിയിൽ അവർവ്യാപൃതയായി മുറിയിൽക്കൂടി അവിശ്രമം സഞ്ചരിച്ചുകൊണ്ടിരുന്ന സ്വഭത്താവിനെ ഉററുനോക്കുകയിൽ അദ്ദേഹത്തിൻെറ മുഖത്തു പ്രതിബിംബിച്ച അസ്വാസ്ഥ്യം ഗ്രഹിക്കുവാൻ ക്ലാവുദിയായ്ക്കു സാധിച്ചു. ഭത്താവിനെ അപേക്ഷിച്ച് അവർക്കു പ്രായക്കൂടുതൽ തോന്നി. കരിങ്കുയിൽ നിറമണിഞ്ഞ അവരുടെ കേശഭാരത്തിൽ ഒട്ടുവളരെ ശ്വേതരേഖകൾ കളിയാടി. അവരുടെ മുഖത്തും ദൃഷ്ടിയിലും ശ്രീത്വംവിലസി, അന്യൂനമായ ദേഹപ്രകൃതി അഭിജാത്യവും ദയാർദ്രതയും ഒത്തിണങ്ങിയതുമായിരുന്നു.

സ്വന്തം ജന്മനഗരമായ റോമിലെ ഭാഷ ഉപയോഗിച്ച് സംക്ഷിപ്തമെങ്കിലുംഅസാധാരണമായ താണസ്വരത്തിൽ ക്ലാവുദിയാ സംസാരിച്ചു, "പീലാത്തോസ്", ഇന്നു താങ്കൾക്കു ഏതൊ ശീലക്കേടാണെന്നുതോന്നുന്നു."

പ്രൊക്കുറെയിററർ സഞ്ചാരം നിറുത്തി പര്യങ്കത്തെ സമീപിച്ച് "അതെ, ഇന്നെനിക്കൊരു ശീലക്കേടുതന്നെ. അതിൽ, ക്ലാവുദിയായ്ക്കു വിസ്മയം തോന്നുന്നുണ്ടോ? ഇവിടത്തെ ജനങ്ങൾ അസഹനീയർ, ഈ രാജ്യമോ, ദുസ്സഹം. ഈ ശീതം ദുസ്സഹം. ഈ ഞാനും അസഹനീയൻ! ഞാൻ ഇങ്ങനെ പറയുന്നതെന്തുകൊണ്ടാണെന്നു മനസ്സിലായില്ലേ? ഈ സമയത്തു്, ഈ മണിക്കൂറിൽതന്നെ, ലാസ്യത്തിലെ ഹരിതഗിരികളിന്മേൽ അരുണൻെറ ചൂടേറിയ കിരണങ്ങൾ പതിയുന്നുണ്ടെന്നുള്ള സംഗതി ക്ലാവുദിയാ ഓർമ്മിക്കുന്നില്ലേ? ഇവിടെയോ, ലെബാനിൽനിന്നുള്ള ശീതവാതം നമ്മുടെ അസ്ഥികൾക്കുള്ളിലുള്ള മജ്ജപോലുംശിലീകരിക്കുന്നുണ്ടു്. ഏഷ്യായുടെ തീരങ്ങൾ കണ്ണിൽ പെടാതിരുന്നെങ്കിൽ നന്നായിരുന്നുവെന്നു് ഞാൻ ചിന്തിക്കുന്നു. ഈ കാലപുരിയെപ്പററി ഞാൻ കേൾക്കാതിരുന്നുവെങ്കിൽ! ദുർമ്മതികളായ ഇവിടത്തെ ജനങ്ങൾ എന്നെ വെറുക്കുന്നു. എൻെറ ഭരണത്തിനും എൻെറ സൽകീർത്തിക്കും തുരങ്കം വയ്ക്കുന്ന അവരോടെനിക്കു അവജ്ഞയുമാണു്."

"വല്ല അനിഷ്ടസംഭവമുണ്ടായോ? ഏതെങ്കിലും ദുഃഖവാത്ത ലഭിച്ചുവോ?" ക്ലാവുദിയാ ചോദിച്ചു.

"ക്ലേശങ്ങൾക്കു മകുടം ചൂടാനെന്നവണ്ണം ദുർവാർത്തകളല്ലാതെ മറെറാന്നും ലഭിക്കുന്നില്ല. ബറാബാസ്, ആ പെരുങ്കള്ളൻ വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. ബറാബാസ് ഇവിടെയും അവിടെയും എവിടെയും ആയി കഴിയുന്നു അവൻെറ അനുചരവർഗ്ഗം പ്രതിദിനം വർദ്ധിക്കുന്നു. ഈ പട്ടണത്തിനു സമീപം വീണ്ടും നമ്മുടെ ഭടന്മാർ, ഒരമ്പതാൾസംഘം, ആക്രമിക്കപ്പെട്ടു. അതിനെ നിശ്ശേഷം കൊന്നൊടുക്കി. എല്ലാം ബറാബാസിൻെറയും അനുയായികളുടേയും വേല."

"ആ കാര്യം നിശ്ചയമാണെങ്കിൽ എന്തുകൊണ്ടാണയാളെ ബന്ധനത്തിലാക്കാത്തതു്?"

"റോമൻ സാമ്രാജ്യത്തിനെതിരായി പ്രവർത്തിക്കുന്ന വിപ്ലവകാരിയുംരാജ്യദ്രോഹിയുമെന്ന നിലയിചല്ലേ? അങ്ങനെചെയ്യുവാനെനിക്കിഷ്ടമില്ല. വിപ്ലവം ഇല്ല, ഉണ്ടായിക്കൂടാ. വിപ്ലവം ഉണ്ടായതായി റോമിൽ ശബ്ദിക്കപ്പെടുന്നതും.എനിക്കിഷ്ടമില്ല. ഹൊ! ഇതൊക്കെ വിസ്തരിച്ചു പറഞ്ഞിട്ടെന്തുകാര്യം? നിങ്ങൾക്കിതൊന്നും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. വേറെ വല്ല സ്ഥലത്തും ഉദ്യോഗത്തിനു പോകേണ്ടിയിരുന്നുവെന്നു തോന്നുന്നു."

"നിങ്ങളുടെ ആഗ്രഹപ്രകാരമാണല്ലോ ഏഷ്യായിലേക്കു പോന്നതു്." ക്ലാവുദിയാ വിരസഭാവത്തിൽ പറഞ്ഞു.

"ഈസംഗതി, ക്ലാവുദിയാ, നിങ്ങൾ എന്നെ ആവത്തിച്ചാവത്തിച്ചനുസ്മരിപ്പിക്കുന്നുണ്ടു്. ഇപ്പോൾതന്നെ സംസാരിച്ചവസാനിപ്പിച്ചുകളയാം. എൻെറ ആഗ്രഹമുണ്ടായിരുന്നുവെന്നു ഞാൻ സമ്മതിക്കുന്നു. അതോടുകൂടി നിങ്ങളുടെ ആഗ്രഹവുമുണ്ടായിരുന്നു. നിങ്ങൾക്കാഗ്രഹമില്ലായിരുന്നുവെങ്കിൽ നിങ്ങളും കുടുംബത്തിലുള്ളവരും ഈ ഉദ്യോഗം എനിക്കു കിട്ടുവാനത്രയധികം പരിശ്രമിക്കുമായിരുന്നുവോ? ഇനി എൻെറ കാര്യമാണെങ്കിൽ ഇവിടെ എന്തെല്ലാം നടക്കുവാനിരുന്നു എന്നുള്ളതിനെപ്പററി എനിക്കു യാതൊരു ഗന്ധവുമുണ്ടായിരുന്നില്ലാ. അധികാരമോഹം എനിക്കുണ്ടായിരുന്നുവെന്നു ഞാൻ സമ്മതിക്കുന്നു. ഭരിക്കുന്നതിനു്, നാമത്തിലല്ലാതെ രാജപദം സ്വീകരിക്കുന്നതിനു്, സമ്പൽസമൃദ്ധമായ ഈ രാജ്യത്തിൽ ഭരണാധികാരം കരസ്ഥമാക്കുന്നതിനു്, ചരിത്രപ്രഖ്യാതമായ ഒരു ജനസമുദായത്തിൻെറ അധിനായകത്വം വഹിക്കുന്നതിനു് എനിക്കു വലിയ ആഗ്രഹമുണ്ടായിരുന്നു. നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിലെ മററംഗങ്ങൾക്കും എൻെറ ആശയംതന്നെ ഉണ്ടായി. അങ്ങനെ നിങ്ങളെല്ലാം എൻെറ വന്മോഹത്തിൽ ഭാഗഭാക്കുകളായി. ഇപ്പോഴത്തെ സ്ഥിതിയോ? രാജ്യത്തിൻെറ സമ്പൽസമൃദ്ധിയെവിടെ? ജനങ്ങളെവിടെ? അവരുടെ ഗുണവിശേഷങ്ങൾ ഏവ? അവർ ഗർഹണീയർ, തീർത്തും ഗർഹണീയർതന്നെ."

"എങ്കിലും ഇവിടെയും ചിലപ്പോഴൊക്കെ നിങ്ങൾ ആനന്ദം അനുഭവിച്ചിട്ടുണ്ടല്ലോ, പീലാത്തോസ്" ക്ലാവുദിയാ മന്ദസ്മിതംതൂകി സ്ത്രീസഹജമായ അഭ്യസൂയയോടുകൂടി പറഞ്ഞു. ക്ലാവുദിയാ സൂചിപ്പിച്ചതെന്തിനെയാണെന്നു് ധരിച്ചു പ്രൊക്കുറെയിററർ അല്പം അസുഖം പ്രകടിപ്പിച്ചിട്ടു മുമ്പോലെ ഉലാത്തുവാൻ തുടങ്ങി.

സ്വല്പനേരത്തെ മൗനംകഴിഞ്ഞപ്പോൾ ക്ലാവുദിയാ പറഞ്ഞു: "എന്നെ സന്ദർശിക്കുവാൻ ഒരാൾ ഇന്നിവിടെ വന്നിരുന്നു."

പീലാത്തോസ് അലക്ഷ്യഭാവത്തിൽ ഭാര്യയുടെനേർക്കു തിരിഞ്ഞു. പക്ഷെ സന്ദർശനത്തിനു വന്നതാരാണെന്നന്വേഷിച്ചില്ല.

"എന്നെ സന്ദർശിച്ച ആളുടെ കാര്യത്തിൽ നിങ്ങൾക്കു ശ്രദ്ധയില്ലെ?" ഭാര്യ ചോദിച്ചു.

"ഉണ്ടു്, തീർച്ചയായും. എങ്കിലും സന്ദർശകരാരെന്നു് ഞാൻ ചോദിക്കുക പതിവില്ലല്ലോ"

"എമന്ന ഇന്നു് സന്ദർശിച്ചതു മഗ്ദാലാമറിയം ആയിരുന്നു"

"ക്ലാവുദിയാ, അവളുടെ ഒടുവിലത്തെ സന്ദർശനം കഴിഞ്ഞിട്ടു കുറെക്കാലമായല്ലൊ."

"അവളും, അവളുടെ സഹോദരനും, സഹോദരി മർത്തായും ഗലീലിയിൽനിന്നു മടങ്ങിവന്നിട്ടു മൂന്നാഴ്ചയേ ആയുള്ളു."

"അവൾ അവളുടെ ആദരങ്ങൾ എനിക്കു സമപ്പിക്കുന്നതിൽ ക്ലാവുദിയായ്ക്കു വിരോധമുണ്ടോ?"

"തീർച്ചയായും ഇല്ല പൊന്നെ, ഒരു കാര്യം പറഞ്ഞേക്കാം, അവളുടെ പ്രകൃതി പാടെ മാറിയിരിക്കുകയാണു്."

"എന്തുസംബന്ധമാണു് പറയുന്നതു്?" പീലാത്തോസ് സകോപം ചോദിച്ചു.

ക്ലാവുദിയാ ഉപധാനത്തിൽ ചാരിയിരുന്നു. അവളുടെ മുഖത്തു ഗൗരവം ദൃശ്യമായി. "ഞാൻ അസംബന്ധം പറയുന്നില്ല, സംബന്ധംതന്നെ തുറന്നു പറഞ്ഞേക്കാം. ആ പെണ്ണിൻെറ കാര്യത്തിൽ നിങ്ങൾക്കു കുറെയധികം താല്പര്യമുണ്ടെന്നു ഞാൻ അറിഞ്ഞിട്ടുണ്ടു്. അവൾ കാഴ്ചയ്ക്കും കാര്യത്തിനും കൊള്ളാവുന്നവളുമാണു്. നിങ്ങൾ തമ്മിൽ പ്രേമം ശങ്കിച്ചിട്ടല്ല ഞാൻ പറയുന്നതു്. നിങ്ങളുടെ വേഴ്ച എത്രത്തോളം പുരോഗമിച്ചുവെന്നു എനിക്കു നിശ്ചയവുമില്ല. എനിക്കും അവളെ താല്പര്യമാണു്. അതുകൊണ്ടു് ഞാൻ ഒന്നും മറച്ചുവെക്കാതെ പറയുന്നതാണു്. ഒരുപരസ്ത്രീപദത്തിനുമാത്രം ദുഷ്ടയല്ല അവൾ... ... അവളെ വിവാഹം ചെയ്യുവാൻ നിങ്ങൾക്കു സാധിക്കയുമില്ല."

പീലാത്തോസ് അധരങ്ങൾ ചേർത്തു കടിച്ചുകൊണ്ടു് നടത്തം തുടന്നു. അയാളുടെ നെററിത്തടം തുടിച്ചുചുവന്നു. മൂക്കിനു മുകളിലായി വിലങ്ങനെ കാണപ്പെട്ട നീലഞെരമ്പു വീങ്ങി. ഞെരിപ്പോടുകളിലെ കരിക്കട്ടകളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന ദാസി ക്ലോയെയോടായി പരുഷസ്വരത്തിൽ അദ്ദേഹം പറഞ്ഞു: "പോകൂ, മതി. ചൂടുകിട്ടുന്നില്ല, വായു ശ്വാസനിരോധം ചെയ്യത്തക്കനിലയിലാകുകയും ചെയ്യുന്നു. ആവശ്യം തോന്നിയാൽ വിളിക്കാം." ഭയവിഹ്വലയായി കണ്ണും തുറിച്ചു അവൾ മുറിയിൽനിന്നുപോയി.

"ക്ലാവുദിയാ, കുറേമുമ്പ് നീ എന്നോടെന്താണു പറഞ്ഞതു്?" പീലാത്തോസ് ചോദിച്ചു.

"മഗ്ദാലാമറിയയുടെ കാര്യം നിങ്ങളപേക്ഷിക്കേണ്ട കാലം വന്നുവെന്നു ഞാൻ വിചാരിക്കുന്നു."

"അത്രയേയുള്ളോ? ഞാൻ അവളിൽ അല്പസ്വല്പം അവധാനം കാണിച്ചുവെന്നല്ലാതെ മറെറാന്നുമില്ല. അതു നിങ്ങൾക്കിഷ്ടമില്ലെങ്കിൽ വീണ്ടും ഉണ്ടാകാതിരിക്കുവാൻ ഞാൻ നോക്കിക്കൊള്ളാം."

"പീലാത്തോസ്, എനിക്കനിഷ്ടമൊട്ടുമില്ല. ഞാൻ പരമാത്ഥം പറയുകയാണു്, ആ കുമാരിയെ ഞാനും ഇഷ്ടപ്പെടുന്നുണ്ടു്. പക്ഷെ അതുകൊണ്ടു കാര്യമായില്ലല്ലൊ. നിങ്ങൾ എൻെറ അഭിമാനഭാജനമാണു്, എൻെറ ഭർത്താവിനെ തിരസ്കൃതനായ ഒരു പ്രേമപ്രാത്ഥകൻെറ വേഷത്തിൽ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മഗ്ദാലാമറിയയുടെ ചിത്തം മററുവഴിക്കു തിരിഞ്ഞിരിക്കുകയാണു്. അവളുടെ സഹോദരൻ മരിച്ച കഥ വല്ലവരും നിങ്ങളോടു പറഞ്ഞുവോ?"

ക്രോധമായ അവിശ്വാസപൂർവ്വം പീലാത്തോസ് പറഞ്ഞു: "ക്ലാവുദിയാ ക്ഷമിക്കണം. അതൊക്കെ വെറും ഭോഷ്കാകുന്നു. ഒരു മനുഷ്യൻ മരിച്ചാൽ മരിച്ചതുതന്നെ. അയാൾക്കു വല്ല മോഹാലസ്യമോ മറേറാ ആയിരുന്നിരിക്കാം. ഞാൻ ആ സംഗതി കേട്ടതാണു്. കപ്പർനാവമിൽ ജോലിയുണ്ടായിരുന്ന ഒരു ശതാധിപൻ എന്നോടുപറഞ്ഞു. കഥ മുഴുവനും അവിശ്വസനീയമാണു്. ധീരധീരന്മാരായ റോമന്മാർപോലും ഈ നാട്ടിൽ വരുമ്പോൾ അസ്ഥിരചിത്തരാകുന്നതാണു് ആശ്ചര്യം. മരിച്ചവരെ ഉയിർപ്പിക്കുന്നു! മൃഷാഭാഷണം!"

"ഹെയ്, നിങ്ങൾ ജോസഫ് പറയുന്നതു കേൾക്കണം. അയാൾ ലാസറസിൻെറ ഉത്ഥാനാവസരത്തിൽ സന്നിഹിതനായിരുന്നു."

"എന്നാൽ അയാളും വഞ്ചിതനായി. ഈ ജോഷ്വാ അഥവാ ഈശോ, ഏതു പേരുകാരനായാലും സമത്ഥനായ ഒരു മായാവിതന്നെ."

"അദ്ദേഹം ഒരു പ്രവാചകനാണെന്നത്രെ ജനസംസാരം."

"ഒരു പ്രവാചകൻ! ഒരു പ്രവാചകനിൽ വിശേഷവിധിയായിട്ടെന്താണുള്ളതു്? നമ്മുടെയിടയിലും ജാലവിദ്യക്കാരുണ്ടല്ലോ. നാമവരെ സംബന്ധിച്ചിത്രവളരെ ഒച്ചപ്പാടുണ്ടാക്കുന്നില്ലെന്നേയുള്ളു. സംസ്കാരസമ്പന്നരായ എല്ലാവക്കുമറിയാം ഈവക മൗഢ്യത്തികന്മാരെല്ലാം വഞ്ചകന്മാരാ

**THE SOUTH INDIAN BANK LTD.**

H. O. TRICHUR. Estd. 1929.

*A SCHEDULED BANK*

| | |
|---|---|
| Authorised Capital | Rs. 50,00,000 |
| Subscribed " | Rs. 25,00,000 |
| Paid up " | Rs. 8,75,000 |
| Reserve & Other Funds | Rs. 5,65,408 |
| Deposits as on 31-12-'54 | Rs. 204,87,883 |

SAVINGS BANK DEPOSITS

We offer interest at 3% p. a. on daily balances without limit.

ADVANCES ON GOLD

Allowed on very roasonable terms For particulars please apply

BRANCHES:-

ALLEPPEY, IRINJALAKUDA, PALGHAT,
ALWAYE, KOLLENGODE, POLLACHI,
COCHIN, KOZHIKODE, PONANI,
COIMBATORE, KUNNAMKULAM, SALEM,
ERNAKULAM, MADRAS, TIRUPPUR,
GOBICHETTI-PALAYAM, OTTAPALAM, TRICHUR,
WADAKKANCHERI

## ആമുഖം

ഇടവകജോലികൾക്കിടയിൽ ചില മതസാഹിത്യഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഇടവകജോലിയിൽ ഞാൻ പ്രവേശിച്ചില്ലായിരുന്നുവെങ്കിൽ ഇടവകവിഷയങ്ങൾ സംബന്ധിച്ചുള്ള സാഹിത്യപ്രസിദ്ധീകരണങ്ങൾക്കായി പരിശ്രമിക്കുകയില്ലായിരുന്നുവെന്നു തോന്നിപ്പോകുന്നു.

തുലോം സങ്കീർണ്ണങ്ങളായ സംഭവങ്ങളും വസ്തുതകളുമാണ് ജീവിതത്തിൽ അനുഭവപ്പെടുന്നതു്. എല്ലാം നന്നായും ക്രമമായും നടക്കണമെന്നു ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നവരുണ്ടു്. എല്ലാം നടക്കുന്നതുപോലെ നടക്കട്ടെ എന്നു വിചാരിക്കുന്നവരുടെ, സംഖ്യ ഒട്ടും കുറവല്ല. എവിടെയെങ്കിലും ക്രമരാഹിത്യമോ അനീതിയോ ദർശിച്ചാൽ ചിലരുടെ മനസ്സ് വേദനിക്കും. എന്തനീതിയിലും ക്രമരാഹിത്യത്തിലും നിഷ്പക്ഷതയും മൗനവും അവലംബിക്കുന്നവരുടെ സംഖ്യയാകട്ടെ വർദ്ധിച്ചും വരുന്നു. "അവനവനിസം" ഇന്നു സർവ്വസാധാരണമാണോ എന്നു ചോദിച്ചാൽ അതിനുത്തരം ഓരോരുത്തരുടേയും മനസ്സാക്ഷിതന്നെ പറയേണ്ടതാണ്.

കഴിവുള്ളവനു മനസ്സില്ല. മനസ്സുള്ളവനു കഴിവുമില്ല. ജോലി ചെയ്യാൻ സമയമില്ലെന്നു പറയുന്നവരുണ്ടു്. ചെയ്യുവാൻ ജോലിയില്ലെന്നു ചിലർ അല്ലെങ്കിൽ പലർ പറയും. മനസ്സുണ്ടെങ്കിൽ വഴിയുമുണ്ടു് എന്നതു് എക്കാലത്തും

ണെന്ന്."

"നിങ്ങൾ ഇപ്രകാരം സംസാരിക്കുന്നതു വളരെ കഷ്ടമാണ്. ഡെൽഫിയിലെ ദേവവാണിയും ഇററലിയിലുള്ള അപ്പോളോയുടെ പുണ്യാലയങ്ങളും ഓർമ്മിക്കുക."

ഈ സംഭാഷണം പീലാത്തോസിനു അസുഖകരമായിത്തീർന്നു. "നമുക്കീ വിഷയംതന്നെ മാററാം. എന്തെങ്കിലും അപ്രതിമമായി കണ്ടാൽ അതിനാൽ വശീകൃതരാകുന്നതാണ് നിങ്ങളുടെ സ്ത്രീജാതി. വിശദീകരിക്കുവാൻ കഴിയാത്തതെല്ലാം നിങ്ങൾക്കു അത്ഭുതവും, അതിമാനുഷവുമത്രെ. ഇനിയും, മഗ്ദലാമറിയയിൽ സംഭവിച്ചുവെന്നൂഹിക്കപ്പെടുന്ന പ്രകൃതിവ്യത്യാസവും ഇവയൊക്കയും തമ്മിൽ ബന്ധമെന്തു്?"

"വലിയ ബന്ധം, പീലാത്തോസ്, വലിയ വലിയ ബന്ധമുണ്ടു്. ഈ സംഭവങ്ങൾ മറിയയിൽ സ്ഥായിയായ മുദ്ര പതിച്ചുകഴിഞ്ഞു. ഞാൻ പ്രസ്താവിച്ചതുപോലെ അവളിൽ സാരമായ പ്രകൃതിവ്യത്യാസം സംഭവിച്ചിട്ടുണ്ടു്. അവൾ ഇപ്പോൾ ശരീരകാന്തി വർദ്ധിപ്പിക്കുന്നതിനായി ഒന്നും ചെയ്യുന്നില്ല, നഖങ്ങളിൽ ചായം പൂശുന്നില്ല, ദുകൂലം ധരിക്കുന്നുമില്ല. ഇപ്പോൾ അവളെ കണ്ടാൽ മഗ്ദലായിലെ ഒരു സാധാരണ കുമാരിമാത്രം. ഈ സ്ഥിതി തുടരുവാൻ അവൾ ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ ഞാനവളെ മുമ്പിലത്തേതിലുമധികം ഇഷ്ടപ്പെടുന്നു. എന്നാൽ എനിക്കു നിശ്ചയമില്ല, നിങ്ങളുടെ ദൃഷ്ടിയിൽ അവൾ......"

"മറിയയിലുള്ള എൻെറ ശ്രദ്ധ നിങ്ങൾ അന്യഥാ ധരിച്ചു പർവ്വതീകരിക്കുകയാണെന്നു, ക്ലാവുദിയാ, ഞാൻ വീണ്ടും പറയുന്നു. എന്നാൽ ഒരു കാര്യംകൂടി പറഞ്ഞേക്കാം, ഈ ഈശോ അവളുടെ തല തിരിച്ചിരിക്കുകയാണെങ്കിൽ അതിനെ പൂർവ്വസ്ഥാനത്തു കൊണ്ടുവരുവാൻ ഞാൻ ഉത്സാഹിക്കുകതന്നെചെയ്യും."

(തുടരും)


# "മതാദ്ധ്യയനം സംഘടനവഴി"

(ഫാ. മാത്യു നടയ്ക്കൽ)

എവിടെയും യാഥാർത്ഥ്യം നിറഞ്ഞ ഒരു ചൊല്ലമാണ്.

ജീവിതമാതൃകയോ പ്രസംഗമോ ഏതാണു കൂടുതൽ ഫലദായകമെന്നുള്ള ചോദ്യത്തിനുത്തരം കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നതു അത്ര പ്രയോജനകരമല്ല. പക്ഷെ പ്രസംഗവും ജീവിതവും തമ്മിൽ പൊരുത്തമില്ലെങ്കിൽ പ്രസംഗകല ശുഷ്കിക്കുകതന്നെ ചെയ്യും. തനിക്കുതന്നെയില്ലാത്തതായ, താൻതന്നെ സമ്പാദിക്കുന്നതിനു് ശ്രമിക്കുകയെങ്കിലും ചെയ്യാത്തതായ ഒരു നന്മയെപ്പററി, താൻ തന്നെ തന്നിൽനിന്നു ദൂരീകരിക്കുന്നതിനു ശ്രമിക്കുകയെങ്കിലും ചെയ്യാത്തതായ ഒരു തിന്മയെപ്പററി ഒരുവനു ഇതരരോടു പ്രസംഗിക്കുവാൻ അവകാശമില്ലെന്നുള്ള വസ്തുതയെ സകലമാനപ്രസംഗകരും ഒരു പ്രമാണമായി സ്വീകരിക്കുന്നപക്ഷം, സത്യസന്ധതയിൽ കെട്ടിപ്പടുത്തതും കാററുലയാത്തതുമായ ഒരു നാഗരികതയെ ദർശിക്കുവാൻ നമ്മുടെ തലമുറയ്ക്കു ഭാഗ്യമുണ്ടാകും.

ഉള്ളതു പറഞ്ഞാൽ, ഏതൊരു രംഗത്തും ജീവിതമാതൃകയാണു് ഇന്നു് അത്യന്താപേക്ഷിതമായിരിക്കുന്നതു്. തത്വങ്ങളും സിദ്ധാ



വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ അമ്മച്ചിയുടെ വളരെ വിഷമമേറിയ സൂഖക്കേടു പരിപൂർണ്ണസുഖം പ്രാപിച്ചതിൽ ഉപകാരസ്മരണ.

പി. ബി. സെബാസ്റ്റ്യൻ,
മൂന്നാർ

ന്തങ്ങളും കേട്ടു കേട്ടു നാം മുഷിഞ്ഞു കഴിഞ്ഞു. ഒന്നു ജീവിച്ചുകാണിക്കുക, ഒന്നു ചെയ്തുകാണിക്കുക, എന്നുള്ള മുറവിളി ദിക്കുകളിൽനിന്നും ദിഗന്തങ്ങളിൽനിന്നും അന്തരീക്ഷത്തിലേക്കു് നിരന്തരം ഉയർന്നുകൊണ്ടിരിക്കുകയാണ്. ഈ മുറവിളിയിൽ പരമാർത്ഥമില്ലയോ? എല്ലാം അവിടുന്നു് നന്നായി ചെയ്തുവെന്നു ദിവ്യരക്ഷകനെപ്പററി വേദപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. ക്രിസ്തുവിൻെറ ജീവിതം തനി മാതൃകയുടെ ജീവിതമാണ്. വി. ഫ്രാൻസീസ് അസീസി, വി. ഡാമിയൻ, വി. ഫ്രാൻസീസ് സേവ്യർ, വി. ഡോൺബോസ്കോ മുതലായവർ മാനവചരിത്രത്തിലെ വിപ്ലവകാരികളാണല്ലൊ. പക്ഷെ അവർ പ്രസംഗിക്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യവും സമയവും നൽകിയിരുന്നതു് പ്രവർത്തിക്കുന്നതിനാണ്.

പ്രവർത്തിച്ചു കാണിച്ചുതരിക എന്നതാണ് ഇന്നത്തെ മുറവിളി. എന്നാൽ ഇവിടെയും ഒരു കീറാമുട്ടി ഉദയം ചെയ്യുന്നുണ്ടു്. ആരാണ് ആദ്യമായി മാതൃക കാണിച്ചുതരേണ്ടതു്? ആരാണ് ആദ്യം ചെയ്തുകാണിക്കേണ്ടതു്? ഈ ചോദ്യത്തിനുത്തരം പറയുകതന്നെവേണം. കാരണം, ശാസ്ത്രവും വ്യവസായവും ഗതാഗതസൗകര്യവും പുരോഗമിച്ചു വരുന്നതുപോലെവിമർശനവ്യവസായവും പുരോഗമിച്ചു വരികയാണ്. വിമർശകന്മാർ ഭൂരിപക്ഷമുള്ള ഒരു ലോകത്തിൽ സൃഷ്ടിപരങ്ങളായ പ്രവൃത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ സംഖ്യ ന്യൂനപക്ഷമായി കുറയാനാണ് ന്യായം. ആകയാലാണ് മേൽ വിവരിച്ച ചോദ്യത്തിനു് ഉത്തരം പറയുകതന്നെ വേണമെന്നു പറഞ്ഞതു്.

ആരു്? "ഞാൻ." ഇതു ഏററം ശരിയായ ഒരുത്തരമല്ലയോ? ഈ ഉത്തരം പറയുന്നതിനു വ്യക്തികൾ സന്നദ്ധരല്ലെങ്കിൽ അവരെ സന്നദ്ധരാക്കണം. അപ്പോൾ അനേകം പ്രശ്നങ്ങൾ പരിഹൃതങ്ങളായിക്കൊള്ളും. അവനവൻെറ കടമകളുടെ നിർവഹണംവഴി ക്ഷേമരാഷ്ട്രത്തെ, സമുദായസംഘടനയെ കെട്ടിപ്പടുക്കണം. ബലവത്താക്കണം.

കടമകളെപ്പററി പറയുമ്പോൾ ജനങ്ങളെ ഭരണകർത്താക്കളെന്നും ഭരണീയരെന്നും രണ്ടായി തരംതിരിക്കാം. ഭരണീയരുടെ കടമ അനുസരിക്കുക, ചെയ്യുക എന്നിവയാണെങ്കിൽ ഭരണകർത്താക്കളുടേതു ചെയ്യുക, ചെയ്യിപ്പിക്കുക എന്നിവയാണ്.

വളരെ ദുർഘടം പിടിച്ച ഒരു പ്രശ്നംകൂടി ഇവിടെ പൊന്തിവരുന്നുണ്ടു്. ഭരണീയരെ അവരുടെ കടമകളെ അനുസ്മരിപ്പിക്കുന്നതിനു ഭരണകർത്താക്കളുണ്ടു് എന്നാൽ ഭരണകർത്താക്കളെ അവരുടെ കടമകളെ അനുസ്മരിപ്പിക്കുന്നതു ആരാണ്? ചോദ്യം കുഴഞ്ഞുമറിഞ്ഞതാണെന്നു തോന്നാമെങ്കിലും അതിനു പ്രയാസമില്ലാതെതന്നെ ഉത്തരംപറയാവുന്നതാണ്. ആരു്? അപ്രകാരംചെയ്യുന്നതിനു കടമയുള്ളവർ. ഇഹത്തിൽ ഏതൊരധികാരവും ഉന്നതാധികാരത്തിനു കീഴ്പ്പെട്ടിരിക്കുന്നുവെന്നുള്ള സിദ്ധാന്തമാണ് ഈ ഉത്തരത്തിനുള്ള തെളിവു്.

ഇത്രയും ആമുഖമായിപ്പറഞ്ഞുകൊണ്ടു് കടമകളുടെ അടിസ്ഥാനത്തിൽ യുവജനശിക്ഷണം സംബന്ധിച്ച ചില കാര്യങ്ങൾ അനുവാചകരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു അഭിലഷിക്കുന്നു. യുവജനശിക്ഷണം എന്നതുകൊണ്ടു പ്രധാനമായി ഇവിടെ ഉദ്ദേശിക്കുന്നതു രണ്ടു മൂന്നു കാര്യങ്ങളാണു.

1. ഏതൊരുയുവാവിനുംമതത്തെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും അബദ്ധാഭിപ്രായങ്ങൾ ദൂരീകരിക്കുന്നതിനും ഉള്ള സാഹചര്യങ്ങൾ, മാർഗ്ഗങ്ങൾ, ഉണ്ടാകണം, നൽകണം.

2. ഇടവകയുടെ അടിസ്ഥാനത്തിൽ സഭയ്ക്കു യുവജനങ്ങളുടെ സംഘടിതശക്തിയും സേവനങ്ങളും ലഭിക്കണം.

3. അദ്ധ്യയനവും സംഘടിതമായ പ്രവൃത്തനങ്ങളും വ്യക്തിപരമായ ജീവിതവിശുദ്ധീകരണത്തിൻെറ അടിസ്ഥാനത്തിലായിരിക്കണം.

### നമ്മുടെ പരിതസ്ഥിതികൾ

വിശ്വവ്യാപകമായ കത്തോലിക്കാ തിരുസ്സഭ മഹത്തായ രണ്ടു ലക്ഷ്യങ്ങൾ സാധിക്കുന്നതിനു നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്നു. (1) അനാഗതരെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിനു് (2) സ്വന്തമക്കളെ വിശ്വാസത്തിൽ നിലനിറുത്തിക്കൊണ്ടുപോകുന്നതിനു്. ഇവ രണ്ടും തുല്യപ്രാധാന്യമർഹിക്കുന്നവതന്നെ.


ഒരിടവകയുടെ ആത്മീയപിതാവായി ജോലിയിൽ പ്രവേശിക്കുന്ന ഒരു വൈദികനു തൻെറ അജഗണങ്ങളെ വിശ്വാസത്തിൽ നിലനിറുത്തിക്കൊണ്ടു പോവുക എന്നുള്ളതു ക്ലേശപൂർണ്ണമായ ഒരു കൃത്യമായി ഇന്നു അനുഭവപ്പെടുന്നുണ്ടു്. അദ്ദേഹത്തിനു അഭിമുഖീകരിക്കേണ്ട പ്രധാനപ്പെട്ട ചില വസ്തുതകളേയും, സാഹചര്യങ്ങളേയും താഴെ കുറിക്കുന്നു.

1. വൈദികന്മാരിൽനിന്നു അൽമേയരെ അകററുന്നതിനു് "പുരോഗമനസാഹിത്യകാരന്മാരും" മതവിരോധികളും പരിശ്രമിക്കുന്നു.

2. നിരീശ്വരപരങ്ങളും അസാന്മാർഗ്ഗികങ്ങളുമായ തത്വങ്ങളുടെ പ്രചരണത്തിനു് സംഘടിതമായ ശ്രമം നടക്കുന്നു.

3. യുവജനങ്ങൾ (ചില ഇടവകകളിൽ) ഗ്രൂപ്പുകളായി തിരിഞ്ഞു് അജപാലകനു നിയന്ത്രണത്തിനു അവസരങ്ങൾ നൽകാതെ സംഘടനകൾ നടത്തിക്കൊണ്ടുപോകുന്നതിൽ തല്പരരായിരിക്കുന്നു.


For favours received




മിസ്റ്റർ & മിസ്സസ് ശാമുവൽ
കോഴഞ്ചേരി.


4. മതനിഷിദ്ധങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ ചിലർ നിർവിശങ്കം വായിക്കുന്നു.

5. ഒരു ഗണം ആളുകൾ മതതത്വങ്ങളേയും പ്രമാണങ്ങളേയും സ്വന്ത മനസ്സാക്ഷിയനുസരിച്ചു വ്യാഖ്യാനിച്ചു തദനുസരണം ജീവിക്കുന്നു. ഈ വസ്തുത സവിശേഷമായ ശ്രദ്ധയെ അർഹിക്കേണ്ട ഒന്നുതന്നെ.

6. ചിലർ പള്ളിയിൽ വരുകയും കൂദാശകൾ സ്വീകരിക്കുകയും, അതേസമയം മതനിഷിദ്ധങ്ങളായ സംഘടനകളിൽ പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

7. പലരും ഉത്തമബോദ്ധ്യത്തിൽ അബദ്ധസിദ്ധാന്തങ്ങളിൽ വിശ്വസിച്ചു ജീവിക്കുന്നു.

8. ഉത്തമകത്തോലിക്കരിൽനിന്നു ജനിച്ചുവളർന്നിട്ടുള്ള ചില യുവാക്കന്മാർ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നു പരസ്യമായ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

9. വൈദികാധികാരത്തോടുള്ള അഭിപ്രായവ്യത്യാസം നിമിത്തമോ, അഥവാ ഭൗതികങ്ങളായ സ്ഥാനമാനങ്ങൾക്കുവേണ്ടിയോ, മതത്തെ പരിത്യജിക്കുന്നവരുമുണ്ടു്.

ഈദൃശങ്ങളായ സാഹചര്യങ്ങൾക്കു വഴിതെളിച്ച പ്രധാനപ്പെട്ട കാരണങ്ങൾ:-

1. ഒന്നുകിൽ സഭയുടെ മൗലികതത്വങ്ങളും, സഭാസ്ഥാപകനായ ക്രിസ്തുവിൻെറ ചരിത്രവും, വ്യക്തിമാഹാത്മ്യവും അവർ പഠിച്ചിട്ടില്ല. അല്ലെങ്കിൽ യഥാതഥം പഠിച്ചിട്ടില്ല.

2. അബദ്ധസിദ്ധാന്തങ്ങൾ സ്വീകരിക്കുന്നതിനുള്ള സാഹചര്യങ്ങളിൽ ഉൾപ്പെട്ടു.

3. പ്രവർത്തനോന്മുഖരായ യുവജനങ്ങൾക്കു സംഘടനാപരങ്ങളും, സൃഷ്ടിപരങ്ങളുമായ പ്രവർത്തനങ്ങൾക്കു ഇടവകയുടെ ആഭിമുഖ്യത്തിൽ സൗകര്യം അഥവാ, അവസരങ്ങൾ ലഭിക്കുന്നില്ല.

### ഇടവകയിലെ മതപഠനം

തിരുസ്സഭപരമപ്രാധാന്യംകൊടുക്കുന്ന ഒരു വിഷയമാണു മതപഠനം. എന്നാൽ പ്രായോഗികമണ്ഡലത്തിൽ മതപഠനം സംബന്ധിച്ച പല കുറവുകളും നമുക്കുണ്ടു്.

ബാലികാബാലന്മാരെ വിദ്യാലയങ്ങളിലും, സൺഡേസ്കൂളുകളിലും മതതത്വങ്ങൾ പഠിപ്പിക്കുന്നുണ്ടു്. പക്ഷെ, വൈദികാധികാരികളും മാതാപിതാക്കന്മാരും അഭിലഷിക്കുന്നതുപോലെ ആവശ്യമായ മതജ്ഞാനം അവർക്കു ലഭിക്കുന്നില്ല. ഓരോ സ്ഥലത്തും, വിദ്യാലയങ്ങളിൽ പഠിക്കാതെയും സൺഡേസ്കൂളുകളിൽ ചേരാതെയും, വളർന്നുവരുന്ന കുട്ടികളുമുണ്ടു്. കുട്ടികൾ വളർന്നു യുവാക്കന്മാരാകുമ്പോൾ വേദപാഠം പഠിക്കുകയെന്നതു് അത്ര ഹിതകരവുമല്ല.

സ്ഥിതിഗതികൾ ഇങ്ങനെയെങ്കിൽ യുവജനങ്ങൾക്കു മതപ്രബോധനം നൽകുന്നതിനുള്ള മാർഗ്ഗമെന്തു്? ഈ ചോദ്യത്തിനു ഇനിയും ഉത്തരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

Clergy Monthly എന്ന മാസികയിൽ ഓരോ ഇടവകയിലും, ഇടവകജനങ്ങൾ ഒന്നടങ്കം വളരണമെന്നുള്ളതാണ് ഇന്നത്തെ ഏററം വലിയ ഒരാവശ്യകതയെന്നുള്ള ഒരഭിപ്രായം കാണുകയുണ്ടായി. ഈ അഭിപ്രായത്തിനു വളരെ പ്രാധാന്യം നൽകേണ്ടതു തന്നെ.

ഒന്നാകെ വളരണമെന്നു പറയുമ്പോൾ നാം എന്തെല്ലാമാണു ഗ്രഹിക്കേണ്ടതു്? ഭക്തകൃത്യങ്ങളും, ഭക്തസഖ്യങ്ങളും, ജീവകാരുണ്യപ്രവൃത്തികളും, മിഷൻപ്രവർത്തനങ്ങളുമെല്ലാം ഇടവകയിലെ ഏതാനുംപേരുടെ മാത്രമല്ല എല്ലാവരുടേയും കാര്യമായിത്തീരണം.

ജനങ്ങൾക്കു തങ്ങളുടെ ഇടവകപ്പള്ളി ഏററം പ്രിയംകരമായ ഒരു സ്ഥാപനമായിഭവിക്കണം. അജഗണം അജപാലകനെ അറിയണം. അജപാലകൻ അജഗണങ്ങളെ അറിയണം. അവരുമായി സമ്പർക്കം പുലർത്തണം. ഇടവകയിലെ സമസ്തജനങ്ങളും, മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിച്ചു ദിവ്യകാരുണ്യസ്വീകരണം നടത്തുന്ന രക്ഷാകരമായ ഒരു പാരമ്പര്യമുണ്ടാകണം. മാസത്തിലൊരിക്കൽ ഇടവകജനങ്ങളെല്ലാം കുമ്പസാരിച്ചു വി. കർബാന സ്വീകരിക്കുന്നതിനുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുകയെന്നതു അത്യുൽകൃഷ്ടമായ ഒരു പ്രേഷിതപരിശ്രമവും, വളർച്ചയുടെ മാനദണ്ഡവുമാകുന്നു. ജനങ്ങളുടെ സുസംഘടിതമായ ശക്തി ഇടവകയുടെ പൊതുവായ വളർച്ചയ്ക്കും, വികസനത്തിനും ഉപകരിക്കണം. സംഘടനയുള്ളിടത്തു നേതൃത്വവുമുണ്ടു്. നേതൃത്വം, വിജയത്തിൻേറയും, കാര്യനിർവ്വഹണത്തിൻേറയും മുന്നോടിയാകുന്നു.

മതസംഘടനകളും, മതത്തോടു ബന്ധമുള്ള ഇതര സംഘടനകളും ഇടവകപ്പള്ളിയെ കേന്ദ്രമാക്കി വളരുകയും വികസിക്കുകയും ചെ

യ്യണം.

ഇടവകപ്പള്ളി വളരണമെന്നു പറയുന്നതിൽ വേറൊരു യുക്തിയും അന്തർഭവിച്ചിട്ടുണ്ടു്. ഒരു ജനതയുടെ മതസ്വാതന്ത്ര്യത്തിൽ കൈവയ്ക്കുന്ന അവസാനസ്ഥലം ദൈവാലയമാണു്. ഇടവകപ്പള്ളിക്കു പുറത്തുള്ള രംഗങ്ങളിൽ അന്തരീക്ഷവാദികളുടേയും ദേശവൽക്കരണപ്രചാരകന്മാരുടേയും, നിശിതമായ ആക്രമണങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നേക്കാം. ഒരു കാലത്തു വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു നാം വളരെ ബദ്ധപ്പെട്ടിരുന്നു. എന്നാൽ നാം സ്ഥാപിച്ചു നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാലയങ്ങൾതന്നെ നാം ആഗ്രഹിക്കുന്നതുപോലെ നമുക്കു പ്രയോജനപ്പെടുന്നില്ല.

ഇടവക ഒന്നടങ്കം വളരണമെന്നുള്ള ആശയഗതിക്കു നാം സാർവ്വത്രികമായ പ്രചാരം നൽകേണ്ടിയിരിക്കുന്നു. നമ്മുടെ പ്രസംഗപീഠങ്ങളും സാഹിത്യകലയും സ്വന്തം മതത്തെപ്പററി ചിന്തിച്ചു പഠിക്കുന്ന ക്രൈസ്തവരെ ഉല്പാദിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതാണു്. കാരണം, ഒരു വൈദികന്റെയോ, ഉപദേശിയുടെയോ സഹായം ലഭിക്കാതെ ഓരോരുത്തനും തന്റെ വിശ്വാസത്തെ സ്വയം സംരക്ഷിക്കേണ്ട ഒരു കാലഘട്ടം ഉണ്ടായെന്നുവരാം.

### സംഘടനകൾ

ഇന്നു നമ്മുടെ ഇടവകകളിൽ ധാരാളം സംഘടനകളുണ്ടു്. ഇനിയും സംഘടനകൾ വർദ്ധിപ്പിക്കുന്നതു അഭിലഷണീയവുമല്ല. എല്ലാ സംഘടനകളേയും ദ്വേഷിക്കുന്ന ഒരു ഗണം എവിടേയും ഉണ്ടായെന്നുംവരാം.

മനുഷ്യൻ ഒരു സാമൂഹ്യവ്യക്തിയാണു്. ആകയാൽ സംഘടനകളില്ലാത്ത ഒരു ഭാവിയെ വിഭാവനം ചെയ്യുവാൻ കഴിയുമെന്നു തോന്നുന്നില്ല.

സംഘടനകൾക്കു ജനകീയമായ പിൻതുണ നഷ്ടപ്പെടുന്നുവെങ്കിൽ അതിനുള്ള പ്രധാന കാരണം സംഘടനാപ്രവർത്തനങ്ങൾ പ്രാർത്ഥനാപരമായ ജീവിതത്തിൽനിന്നു അകന്നുപോകുന്നുവെന്നുള്ളതാണു്. പ്രാർത്ഥനാപരമായ ഒരു ജീവിതത്തിനു് കർമ്മോദ്യുക്തമായ ജീവിതത്തിൽ വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതു നിർഭാഗ്യകരമാകുന്നു.

ഇന്നു പല സംഘടനകളിലേയും അംഗങ്ങൾ പ്രദർശിപ്പിക്കുന്ന സഹനസേവനങ്ങൾ ആരുടേയും അനുമോദനത്തെ അർഹിക്കുന്നുണ്ടു്. വമ്പിച്ച ഘോഷയാത്രകളും, ജാഥാകളും, മീററിംഗുകളും നടത്തുവാൻ ദിനരാത്രങ്ങൾ അലഞ്ഞുതിരിഞ്ഞു പണം പിരിക്കുന്നതിനും, ചൂടും ശൈത്യവും സഹിച്ചു ദരിദ്രരുടെ പുര മേഞ്ഞുകൊടുക്കുന്നതിനും, കലാപ്രകടനങ്ങൾക്കായി നിരന്തരാദ്ധ്വാനം ചെയ്യുന്നതിനും കാണിക്കുന്ന ത്യാഗസന്നദ്ധതയെ ആരും വിലമതിക്കാതിരിക്കുകയില്ല. എന്നാൽ ഒരു പൊതുദിവ്യകാരുണ്യസ്വീകരണം നടത്തുന്നതിനോ, ഒരു പ്രാർത്ഥനാപരിപാടിയിൽ സംബന്ധിക്കുന്നതിനോ ഒരു മണിക്കൂർ സമയം ആരാധന നടത്തുന്നതിനോ, സംഘടനാംഗങ്ങൾ വേണ്ടത്ര താല്പര്യം പ്രദർശിപ്പിക്കാറില്ല. ഇത്രയും പറഞ്ഞതിൽനിന്നു ഇന്നു പല ഇടവകകളിൽ വിവിധ സംഘടനകൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന അത്യുൽകൃഷ്ടങ്ങളായ സേവനങ്ങളെ വിസ്മരിക്കുന്നുവെന്നോ വിഗണിക്കുന്നുവെന്നോ മനസ്സിലാക്കേണ്ടതില്ല. പ്രാർത്ഥനാപരമായ ജീവിതത്തെ വിഗണിച്ചുകൊണ്ടുള്ള സംഘടനാപ്രവർത്തനങ്ങൾ വിജയപ്രദങ്ങളാകുകയില്ലെന്നു മാത്രമല്ല അപകടം ഉളവാക്കുന്നവയുംകൂടിയായിരിക്കുമെന്നു സൂചിപ്പിക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളു.

യുവജനസംഘടനകളെന്നു കേൾക്കുമ്പോൾ ഇടവകയുവജനസംഘടനകളെന്നുള്ള പരിമിതാർത്ഥത്തിൽ ഗ്രഹിക്കേണ്ടിയിരിക്കുന്നു. കാരണം കത്തോലിക്കാ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കായി പല സംഘടനകൾ ഇന്നു നിലകൊള്ളുന്നുണ്ടു്. സി. വൈ. എം. എ; എം. സി. എസ്. എൽ, സി. എസ്. യു. മുതലായവ ഉദാഹരണങ്ങളാണു്. ഈ സംഘടനകൾ ഇടവകയുടെ ആഭിമുഖ്യത്തിൽ പറയത്തക്കവിധം നടത്തിവരുന്നില്ല. വിദ്യാഭ്യാസം തൊഴിൽ മുതലായവയുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെടാവുന്ന ഇടവകയുവജനങ്ങൾക്കു പൊതുവായി ഉപകരിക്കുന്നതിനു മേൽവിവരിച്ച സംഘടനകൾ പര്യാപ്തങ്ങളാണോ എന്നുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.

ബാലസംഘടനകൾ എല്ലാംതന്നെ, ഇടവകയിലെ ബാലികാബാലന്മാരെ പൊതുവായി ഉൾപ്പെടുത്തത്തക്കവയാണു്. എന്നാൽ ഇന്നു ഇടവകയിൽ എല്ലാ യുവാക്കന്മാരേയും, സാമാന്യമായി ഉൾപ്പെടുത്തത്തക്ക സംഘടനകളുണ്ടോയെന്നു ആരായുന്നതും പ്രയോജനകരമായിരിക്കും. ലീജിയൻ, വിൻസെൻറു് ഡി പോൾ, മൂന്നാംസഭ മുതലായ സംഘടനകൾ ഇടവകയിലെ ചുരുക്കം ചിലരെ ഉൾപ്പെടുത്തിയുള്ളവയാണു്. ഒരുപക്ഷെ ഒരു സംഘടനയിലെ അംഗങ്ങൾതന്നെയായിരിക്കും ഇതരസംഘടനകളിലേയും അംഗങ്ങൾ.

യുവജനങ്ങൾക്കു പൊതുവായി മതജ്ഞാനം നൽകണമെന്നുള്ള പ്രധാനലക്ഷ്യത്തോടുകൂടി ഇടവകയിൽ പ്രവർത്തിക്കുന്ന ഒരു സംഘടന നമുക്കില്ലെന്നുള്ളതാണു പരമാർത്ഥം. ഗൗരവാവഹമായ ഈ കുറവിനെ നാം പരിഹരിക്കേണ്ടതാകുന്നു. (തുടരും)

# അവിടുന്നാരാണ്?

(റവ. കുര്യൻ എസ് . ജെ.)

പത്തൊൻപതു ശതാബ്ദങ്ങളായി മനുഷ്യരാശിയെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു കുഴഞ്ഞ പ്രശ്നമാണു്, യേശുക്രിസ്തു. അന്നൊരിക്കൽ തന്റെ ശിഷ്യഗണത്തോടെന്നപോലെ, ഇന്നു് മാനവകുലത്തിലെ ഓരോ വ്യക്തിയോടും അവിടുന്നു ചോദിക്കയാണു്, ഞാൻ ആരാകുന്നുവെന്നാണു് നിങ്ങൾ പറയുന്നതു്? പണ്ഡിതനും പാമരനും, ധനവാനും ദരിദ്രനും, മുതലാളിയും തൊഴിലാളിയും ഈ ചോദ്യത്തിനു മറുപടി നൽകിയേ മതിയാവൂ.

ഏതാണ്ടു രണ്ടായിരം സംവത്സരത്തോളമായി, ക്രിസ്തുനാഥൻ ഭൂജാതനായിട്ടു്. ഈ നീണ്ട കാലയളവിനുള്ളിൽ, അനേകം കത്തോലിക്കരും അകത്തോലിക്കരും തത്വചിന്തകന്മാരും സാധാരണക്കാരും ക്രിസ്തു ആരാണെന്ന ചോദ്യത്തിനു മറുപടിപറയുവാൻ പരിശ്രമിച്ചിട്ടുണ്ടു്.

യേശുക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നുവെന്നു് പത്രോസ് ഉറപ്പായിപ്പറയുമ്പോൾ, അവിടുന്നു ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണെന്നു യോഹന്നാൻ സമർത്ഥിക്കുന്നു. സകല പ്രശ്നങ്ങളുടേയും ഏകപരിഹാരമായി ടെർട്ടല്യൻ ക്രിസ്തുവിനെ കരുതുമ്പോൾ, അസത്യത്തിന്റെയും സർവ്വവിധ അനീതിയുടേയും അസഹിഷ്ണുവായ പ്രതിയോഗിയായി ചിലർ അവിടുത്തെ പരിഗണിക്കുന്നു. യുഗങ്ങളിലെ ഏററവും പ്രശസ്തനായ വ്യക്തിയെന്നു മെയിസിമോട്ടു് യേശുവിനെ അഭിസംബോധനം ചെയ്യുമ്പോൾ, വെറും പുരാണപുരുഷനെന്നു അവിശ്വാസികൾ അവിടുത്തെ താറടിക്കുന്നു. വെറും വഞ്ചകനെന്നു പ്രീശന്മാർ ക്രിസ്തുവിനെ അപഹസിക്കുമ്പോൾ, പ്രഥമസത്യഗ്രഹിയായി സത്യേന്ദ്രനാഥ അവിടുത്തെ ബഹുമാനിക്കുന്നു.

ക്രിസ്തുനാഥൻ അതുല്യനായ ഒരു മഹാത്മാവാണെന്നു മിക്കവാറും എല്ലാവരും, അവിടുത്തെ വിരോധികൾപോലും, തുറന്നു സമ്മതിച്ചിട്ടുണ്ടു്. കാൽവരിഗിരിയിൽ അവർണ്ണനീയമായ യാതനകൾ അനുഭവിച്ചു്, അതിദാരുണമാംവണ്ണം അവിടുന്നു മരണമടഞ്ഞപ്പോൾ, അവിടെ നിന്നിരുന്ന റോമൻ ശതാധിപൻ പറഞ്ഞു: "ഈ മനുഷ്യൻ സത്യമായിട്ടും ദൈവപുത്രനായിരുന്നു"വെന്നു്. "ബുദ്ധിപ്രമാണവാദം (Rationalism) ക്രിസ്തുവിനെ ലോകജാതരിൽ അഗ്രഗണ്യനാക്കുന്നു"വെന്നു് പേരുകേട്ട ഒരവിശ്വാസിയായിരുന്ന സ്ട്രോസ് (Straus) ഒരിക്കൽ പ്രസ്താവിക്കയുണ്ടായി. റെനാന്റെ അഭിപ്രായത്തിൽ, "ക്രിസ്തുവിനെക്കാൾ ശ്രേഷ്ഠനായ ഒരാൾ ഒരിക്കലുമുണ്ടാകയില്ല."

ഒരു കാര്യം തീർച്ചയാണു്; മനുഷ്യന്റെ സാമുദായികവും സാംസ്കാരികവുമായ ജീവിതത്തിൽ ക്രിസ്തുവിനോടൊപ്പം സ്വാധീനം ചെലുത്തിയിട്ടുള്ള ചരിത്രപുരുഷന്മാർ വേറെയില്ല എന്നതു്. "നമ്മുടെ ആദ്ധ്യാത്മികസംസ്കാരത്തിന്റെ ഏക അടിത്തറ ക്രിസ്തുവിന്റെ ആഗമനമാണെന്നു്" ചേംബർലെയിൻ സമർത്ഥിക്കുന്നു. ഫിലിപ്പ്സ് ബ്രൂക്കിന്റെ ഒരിക്കലും മറക്കവയ്യാത്ത വാക്കുകളിൽ, "മനുഷ്യന്റെ ഈലോകവാസത്തിൽ ക്രിസ്തുവിന്റെ ജീവിതം തനിച്ചു് എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടോ, അത്രമാത്രം സ്വാധീനം ഇന്നുവരെ അണിനിരന്നിട്ടുള്ള സകല സൈന്യസമൂഹങ്ങളും, കെട്ടിപ്പടുത്തിട്ടുള്ള സകല നൗകഗണങ്ങളും, കൂടിയിട്ടുള്ള സകല പാർലിമെൻറുകളും, ഭരിച്ചിട്ടുള്ള സകല രാജാക്കന്മാരും ഒരുമിച്ചുപോലും ചെലുത്തിയിട്ടില്ല."

**For favours received**



Mrs. Mary Sebastian
Trichur

എന്നാൽ യേശുക്രിസ്തു ആരാകുന്നുവെന്നാണു് നാം പറയുന്നതു്? അല്ലെങ്കിൽ ഇതിൽ ആരുടെ മറുപടിയാണു മറെറല്ലാററിനെക്കാളും സ്വീകാര്യമായി നമുക്കു തോന്നുന്നതു്? തീർച്ചയായും പത്രോസിന്റേതു്: "അവിടുന്നു ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു"വെന്നതു്. കാരണം, ക്രിസ്തുവിനാൽ അംഗീകരിക്കപ്പെട്ടതും പ്രശംസിക്കപ്പെട്ടതുമായ സമാധാനം ഇതാണു്. ക്രിസ്തുവിന്റെ അലൗകികശ്രേഷ്ഠതയുടേയും ആദ്ധ്യാത്മികപ്രഭാവത്തിന്റേയും ഏകാടിസ്ഥാനം തന്റെ ദൈവത്വമാണു്. സർവ്വേശസുതനല്ലെങ്കിൽ, യേശുക്രിസ്തു അധമരിൽ അധമനാണു്, നികൃഷ്ടരിൽ, നികൃഷ്ടനാണു്. താൻ ദൈവപുത്രനാകുന്നുവെന്ന പ്രസ്പഷ്ടമായ അവിടുത്തെ പ്രസ്താവം അവാസ്തവമെങ്കിൽ, അവിടുന്നു വഞ്ചകനല്ലേ? നീചനല്ലേ? നികൃഷ്ടനല്ലേ?

ക്രിസ്തുവിന്റെ അപദാനങ്ങളെ വാനോളം പ്രകീർത്തിക്കുന്ന പലരും അവിടുത്തെ ദൈവത്വം അംഗീകരിക്കാൻ തയ്യാറില്ല. എന്നാൽ ഇവർ ഒന്നോർക്കേണ്ടതുണ്ടു്; താൻ ദൈവമാണെന്നു ക്രിസ്തുനാഥൻ സ്പഷ്ടമായി പ്രസ്താവിച്ചെന്നു്. ഈ വസ്തുത സ്ഥാപിക്കുന്നതിനുവേണ്ടി അനേകം അത്ഭുതങ്ങൾ അവിടുന്നു പ്രവർത്തിച്ചെന്നു്. തന്റെ ദൈവികശക്തിയാൽ, മരിച്ചവരിൽനിന്നും അവിടുന്നു പുനരുത്ഥാനം ചെയ്തെന്നു്. ഇതെല്ലാം മറക്കുവാനോ, മറയ്ക്കുവാനോ ആർക്കാണു സാദ്ധ്യമാവുക! ക്രിസ്തുനാഥൻ ദൈവമാണെന്ന ഈ പരമാർത്ഥം മാനവസമുദായത്തിലെ ഓരോ അംഗവും അറിയാത്തിടത്തോളംകാലം, അറിഞ്ഞാൽ അതംഗീകരിക്കാത്തിടത്തോളംകാലം, സർവ്വപ്രധാനമായ ഈ ചോദ്യം സമാധാനം കാത്തുകൊണ്ടു് അവരുടെ മുൻപിൽ നിലകൊള്ളുകതന്നെ ചെയ്യും—"ഞാൻ ആരാകുന്നുവെന്നാണു നിങ്ങൾ പറയുന്നതു്?"

നേരെമറിച്ചു്, അവിടുന്നു ദൈവസുതനെങ്കിൽ, മാനവപരിത്രാണാർത്ഥം മനുഷ്യനായിപ്പിറന്ന മിശിഹായെങ്കിൽ, ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിച്ചു്, അവിടുത്തെ സ്നേഹിച്ചുസേവിക്കേണ്ടതു് നമ്മുടെ കടമമാത്രമല്ലേ? വെറും മനുഷ്യൻ മാത്രമായിരുന്ന ഒരു മഹമ്മദിന്റേയോ, ഒരു മാർക്സിന്റേയോ, ഒരു ഗാന്ധിയുടേയോ അപദാനങ്ങളെ പ്രകീർത്തിക്കുന്നതിൽ അനേകായിരങ്ങൾ അഭിമാനംകൊള്ളുമ്പോൾ, സത്യദൈവമായ ക്രിസ്തുനാഥനെ അവിടുന്നർഹിക്കുന്നവിധം ബഹുമാനിക്കുവാൻ നാം തയ്യാറില്ലെന്നോ? വെറും ലൗകികസമ്രാട്ടുമാത്രമായിരുന്ന ഒരു നെപ്പോളിയനുവേണ്ടി ജീവൻപോലും ബലിയർപ്പിക്കാൻ ലക്ഷക്കണക്കിനു ഫ്രഞ്ചുകാർ മടിച്ചില്ലെങ്കിൽ, സ്വർഗ്ഗീയസമ്രാട്ടായ ക്രിസ്തുനാഥനു നമ്മെത്തന്നെ കാഴ്ചകൊടുപ്പാൻ നാം ഒരുക്കമല്ലെന്നോ? വിദ്വേഷം വിതയ്ക്കുന്ന മാർക്സിസ്റ്റു് സിദ്ധാന്തം ലോകമെങ്ങും പ്രചരിപ്പിക്കാൻ കോടാനുകോടികൾ വെമ്പൽകൊള്ളുമ്പോൾ, പരസ്നേഹം പരത്തുന്ന ക്രിസ്തുനാഥന്റെ ദിവ്യോപദേശങ്ങളാശ്ലേഷിക്കുന്നതിനു നമുക്കു ലജ്ജ തോന്നുന്നുവെന്നോ?


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

### ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | " | 36,50,100—0—0 |

### ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " ഡോമിനിക്കു് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
4. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
5. " തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. " കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

# വിവിധവൃത്താന്തങ്ങൾ

## റഷ്യയിലെ സേവനത്തിനു കീർത്തിമുദ്രകൾ

കഴിഞ്ഞ മഹായുദ്ധത്തിൽ റഷ്യക്കാരാൽ ബന്ധനസ്ഥനാക്കപ്പെട്ട ഒരാളാണു് ഫാദർ ജിയോവാനി ബ്രെവി. കഴിഞ്ഞ കൊല്ലംവരെ അദ്ദേഹത്തെ അവർ സ്വതന്ത്രനാക്കിയില്ല. റഷ്യയിലെ ബന്ധനകാലം മുഴുവനും അദ്ദേഹം അനുഷ്ഠിച്ചുപോന്ന ധീരമായ ആദ്ധ്യാത്മികസേവനങ്ങളെ പരിഗണിച്ചു ഇററാലിയൻ ഗവൺമെൻറു അദ്ദേഹത്തിനു ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചിരിക്കുന്നു. അപ്രകാരംതന്നെ പത്തു കൊല്ലക്കാലം റഷ്യൻ തടവുകളിൽ കഴിച്ചുകൂട്ടിയ വേറൊരു വ്യക്തിയാണു് ഫാദർ പിയെട്രോ ലെയോണി എസ്. ജെ. അദ്ദേഹവും ഈയിടെ മോചിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിനും റഷ്യയിലെ ധീരസേവനങ്ങളെ അനുസ്മരിച്ചു ഗവൺമെൻറു ഒരു കീർത്തിമുദ്ര നൽകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

## ആദിമകാലമനുഷ്യൻെറ ദൈവവിശ്വാസം

മതത്തിൻെറ ചരിത്രത്തെ അധികരിച്ചു മതചരിത്രപണ്ഡിതനായ ഫാദർ വിൽഹെം കോപ്പേഴ്സ് എസ്. വി. ഡി. ഈയിടെ റോമിൽ നടന്ന കോൺഗ്രസ്സിൽ പ്രസ്താവിച്ചതു്, ആദിമകാലത്തു് (സ്റ്റോൺഏജ്) ജീവിച്ചിരുന്ന മനുഷ്യൻ ദൈവത്തിൽ വിശ്വസിച്ചിരുന്നു എന്നും, പരിണാമവാദികൾ സിദ്ധാന്തിക്കുന്നതുപോലെ മതം വിഗ്രഹാരാധനയിൽനിന്നു ക്രമേണ കൂടുതൽ സിദ്ധാന്തപരമായി വികസിച്ചതല്ല എന്നും ആണു്. "ഏററം പുരാതനമായ ആദിമമനുഷ്യരും മതങ്ങളും മാനവവംശത്തിൻെറ പിതാവും സർവ്വോന്നതനായ ആസ്തിക്യസത്തയുമായ ദൈവത്തെപ്പററിയുള്ള ആശയം വളരെ തെളിവായി അംഗീകരിച്ചുപോന്നിട്ടുണ്ടു് എന്നതു പ്രത്യേകം ശ്രദ്ധാർഹമാണു്" എന്നദ്ദേഹം വിശദമാക്കി. ഉദാഹരണമായി "മാനവവംശത്തിൻെറ സ്രഷ്ടാവും പിതാവുമായ സുനിശ്ചിതമായ ഒരു പരമസത്തയിൽ" ആസ്ത്രേലിയായിലുള്ള പ്രാകൃതമനുഷ്യൻ വിശ്വസിച്ചുപോരുന്ന വസ്തുതയെ അദ്ദേഹം ചൂണ്ടിക്കാണിച്ചു.

## നിരീശ്വര രാജ്യത്തിൻെറ കപ്പൽ മാൾട്ടാക്കാർക്കു കാണേണ്ട

ഒരു യുഗോസ്ലാവു് യുദ്ധക്കപ്പൽ പ്രദർശനാർത്ഥം മാൾട്ടായുടെ തുറമുഖത്തു വന്നുചേരുന്നതിനുള്ള പരിപാടികൾ ക്രമപ്പെടുത്തി ബ്രിട്ടീഷ് ഗവൺമെൻറിൻെറ ശുപാർശയോടുകൂടി മാൾട്ടായെ വിവരമറിയിച്ചു. മാൾട്ടായിലെ നിയമസഭ ഈ സംഗതിയെപ്പററി പര്യാലോചിക്കുകയും പരിപാടിയെ പ്രതിഷേധിച്ചുകൊണ്ടു് ബ്രിട്ടീഷ് ഗവൺമെൻറിൻെറ തീരുമാനം ഭേദപ്പെടുത്തി വിവരം യുഗോസ്ലാവിയായെ അറിയിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. പ്രമേയം അവതരിപ്പിച്ചുകൊണ്ടു പ്രധാനമന്ത്രി മി. മിൻേറാഫ് പ്രസ്താവിച്ചതു്, "ഈ സന്ദർശനം ഈ ദ്വീപസമൂഹത്തിലെ ജനങ്ങളുടെ സുസ്പഷ്ടമായ വികാരങ്ങളുടെ പ്രകടമായ ഒരു അവഗണനയാണു്" എന്നത്രെ. പ്രമേയം പ്രതിപക്ഷനേതാവു് പിന്താങ്ങുകയും ഐകകണ്ഠ്യേന പാസ്സാക്കപ്പെടുകയും

## ഉപകാരസ്മരണ



വി. ഫംബൈ ശ്ലീഹായുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും രോഗശാന്തിയുണ്ടായതിനു ഉപകാരസ്മരണ.

കെ. സി. മാത്യു. കോടിക്കുളം.

ചെയ്തു. കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിൽനിന്നുള്ള എല്ലാ സമ്പർക്കങ്ങളേയും മാൾട്ടായിലെ ജനത ഒന്നാകെ ശക്തിയായി പ്രതിഷേധിച്ചിട്ടുള്ളതാണു്. ഈ പ്രതിഷേധങ്ങൾക്കു മറുപടിയായി ബ്രിട്ടൻ നൽകിയ സമാധാനം "സമാധാനത്തിനും രാജ്യാന്തര ബന്ധങ്ങൾക്കും വഴിതുറക്കുന്നതിനു യുഗോസ്ലാവിയായിലെ ഗവൺമെൻറുമായി സൗഹൃദബന്ധം പുലർത്തേണ്ടതാവശ്യമാണെ"ന്നായിരുന്നു. പക്ഷെ, ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ടു മാൾട്ടാ പ്രധാനമന്ത്രി പ്രതിഷേധത്തെ വീണ്ടും ഉന്നയിക്കുകതന്നെ ചെയ്തു.

## മാൾട്ടായിൽ ഭവനനിർമ്മാണ സംരംഭം

മാൾട്ടായിലെ മെത്രാപ്പോലീത്താ ഗോൺസി തിരുമനസ്സുകൊണ്ടു് ഈയിടെ അദ്ദേഹത്തിൻെറ 70-ാംജന്മദിനം ഘോഷിക്കുകയുണ്ടായി. അതിലെ പ്രധാനമായ ഒരു പരിപാടി കാൽക്കറാ പ്രദേശത്തുള്ള പാവപ്പെട്ട കുറെ തൊഴിലാളികൾക്കു അവിടെ പുതുതായി പണിതീർത്ത ഭവനങ്ങളുടെ താക്കോലുകൾ നൽകുക എന്നതായിരുന്നു. ഇടവകപ്പള്ളിയിൽ എല്ലാവരും കൂടി ഒരു മണിക്കൂർ ആരാധന നടത്തിയതിൻെറ പര്യവസാനത്തിലാണു് ഈ പരിപാടി നിർവ്വഹിക്കപ്പെട്ടതു്. അവിടത്തെ താമസസ്ഥലങ്ങളുടെ അതിഗൗരവമായ വിരളതയെ നേരിടുന്നതിനു ഇടവകപ്പള്ളിയും കത്തോലിക്കാ പ്രവർത്തനസംഘടനകളും സഹകരിച്ചു നിർമ്മിച്ചതാണു് പ്രസ്തുത ഭവനങ്ങൾ. നാമമാത്രമായ ഒരു വാടകയ്ക്കു സാധാരണക്കാരായ യുവദമ്പതികളുടെ കുടുംബങ്ങൾക്കുവേണ്ടിയാണു് ഈ വീടുകൾ സജ്ജീകരിച്ചിരിക്കുന്നതു്. അവിടെ ഇക്കൊല്ലാവസാനത്തിനുമുമ്പു 100 വീടുകൾകൂടി പണിതീർക്കണമെന്നാണു് ഭാരവാഹികൾ ഉദ്ദേശിച്ചിരിക്കുന്നതു്.

## കത്തുമൂലമുള്ള മതപ്രബോധനം

കഴിഞ്ഞകൊല്ലം ഫെബ്രുവരി മാസത്തിലാണു് ഇംഗ്ലണ്ടിൽ "കാത്തലിക്ക് എൻക്വയറിസെൻറർ" സമാരംഭിച്ചതു്. അകത്തോലിക്കർക്കു് കത്തോലിക്കാസഭയെപ്പററിയും മററു മതകാര്യങ്ങളെപ്പററിയും അറിയേണ്ട കാര്യങ്ങൾ കത്തുമൂലം അവരെ അറിയിക്കുകയാണു സെൻറർ നിർവ്വഹിക്കുന്ന ജോലി. ഇതെപ്പററിയുള്ള അറിവു പത്രപ്പരസ്യങ്ങളിൽനിന്നും എല്ലാവർക്കും ലഭിക്കുന്നു. സെൻററിൻെറ പ്രവർത്തനം പൊതുജനങ്ങൾ എങ്ങനെ വിലമതിക്കുന്നു എന്നു ഇന്നുവരെയുള്ള അനുഭവങ്ങൾ പ്രകടമായ സാക്ഷ്യം വഹിക്കുന്നുണ്ടു്. കഴിഞ്ഞ മാസംവരെ 20,000 പ്രശ്നക്കത്തുകൾ കേന്ദ്രത്തിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ 11,600 പേർ കേന്ദ്രംവഴിയായി സത്യാന്വേഷണപാഠം തുടർന്നുകൊണ്ടിരിക്കുന്നു. ലണ്ടനിലുള്ള വിവിധ ഓഫീസുകൾവഴി ഒരാഴ്ചയിൽ 6,500 എഴുത്തുകൾ ശരാശരി കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണു്. കത്തോലിക്കാജനതയുടെ സഹകരണം ഈ പ്രവർത്തനവിജയത്തിനു വളരെ സഹായിക്കുന്നുണ്ടു്. പ്രത്യേകിച്ചു അവരുടെ "കോൺടാക്ടു് കാർഡ്" പദ്ധതി വളരെ പ്രായോഗികമാണു്. അകത്തോലിക്കാസ്നേഹിതന്മാർക്കു കേന്ദ്രത്തെ പരിചയപ്പെടുത്തിക്കൊണ്ടും കേന്ദ്രത്തിലേക്കു സംശയങ്ങൾ അറിയിക്കത്തക്കവണ്ണം കൂലിതീർത്ത ഒരു കാർഡ് അടക്കം ചെയ്തുകൊണ്ടും അവർ കത്തുകളയക്കുന്നു. അതു കിട്ടുന്നവർക്കു ഏതെങ്കിലും സംശയനിവൃത്തി വരുത്തണമെന്നുണ്ടെങ്കിൽ ആ കാർഡിൽ വിവരം എഴുതി അയച്ചാൽ മാത്രംമതി. ഇതോടുകൂടി കേന്ദ്രവുമായി കത്തിടപാടുകൾ ആരംഭിച്ചുകഴിയും. അനേകായിരങ്ങൾക്കു സംശയനിവൃത്തി വരുത്തുന്നതിനു ഈ പദ്ധതി സഹായിച്ചുകൊണ്ടിരിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല.

## വ്യവസായശാലയിൽ ജപമാല

ബല്ലിനസ്ലോവ് എന്ന സ്ഥലത്തു ഒരു ചെരിപ്പുവ്യവസായശാലയിൽ അവിടത്തെ ജോലിക്കാർ ദിവസവും വൈകിട്ടു് അവരുടെ പണിസ്ഥലങ്ങളിൽതന്നെ ഇരുന്നു കൂട്ടമായി ജപമാലയിൽ സംബന്ധിച്ചുപോരുന്നു. ഈയിടെ വ്യവസായശാലയുടെ അങ്കണത്തിൽ പരിശുദ്ധ കന്യക മറിയത്തിൻെറ ഒരു തിരുസ്വരൂപം പ്രതിഷ്ഠിക്കപ്പെട്ടു. വ്യവസായശാലയുടെ ഉടമസ്ഥന്മാരും തൊഴിലാളികളും നൽകിയ സംഭാവനകൾകൊണ്ടാണു് അതിൻെറ ചിലവു നിർവ്വഹിച്ചതു്. ക്ലോൺഫെർട്ടിലെ മെത്രാൻ ഫിൽബിൻ തിരുമനസ്സുകൊണ്ടാണു് അതാശീർവദിച്ചു ഉൽഘാടനം ചെയ്തതു്. തിരുമേനി ഉത്സവത്തിൽ അവിടെ ദിവ്യബലിയർപ്പിക്കുകയുംചെയ്തു. അവർ കൂട്ടപ്രാർത്ഥനയുടെ അത്ഭുതകരമായ ഒരു ചൈതന്യമാണു് പ്രകടമാക്കുന്നതെന്നാണു് തിരുമേനി പ്രസ്താവിച്ചതു്.

## ദിവ്യകാരുണ്യ കോൺഗ്രസിൽ ഒഴിഞ്ഞ സീററുകൾ

ഈ മാസത്തിൽ ബ്രസീലിലെ റിയോഡെ ജെനെയ്റോ എന്ന സ്ഥലത്തുവച്ചു നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്ന സാർവ്വദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ അർജൻറീനായിൽനിന്നും പ്രതീക്ഷിക്കപ്പെടുന്ന രണ്ടു കർദ്ദിനാളന്മാരുടേയും ഇരുമ്പുമറയ്ക്കു പുറകിൽനിന്നുമുള്ള നാലു കർദ്ദിനാളന്മാരുടേയും സീററുകൾ അവർ വന്നുചേരുന്നതിനു അതതു സ്ഥലത്തെ ഗവൺമെണ്ടുകളുടെ തടസ്സപ്പെടുത്തൽമൂലം സാധിക്കാതെ വരുന്നതായാൽ അവ ഒഴിച്ചിടുന്നതിനാണു് ഭാരവാഹികൾ നിശ്ചയിച്ചിരിക്കുന്നതു്. ആകെ 24 കർദ്ദിനാളന്മാരാണു കോൺഗ്രസ്സിൽ സംബന്ധിക്കുമെന്നു കണക്കാക്കിയിട്ടുള്ളതു്.

## കമ്മ്യൂ. പാർട്ടിയിൽനിന്നു രാജിവച്ചു കോൺഗ്രസിലേക്കു്

ഇൻഡോർ ഡിസ്ട്രിക്ട് കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ ഓർഗനൈസർ മി. ഹരിശ്ചന്ദ്ര പട്ടിൽ കമ്മ്യൂണിസ്റ്റു് പാർട്ടിയിൽനിന്നു രാജിവച്ചു് ഇൻഡോർ ഡിസ്ട്രിക്ട് കിസാൻ സഭയിലുള്ള തൻെറ 200 അനുയായികളോടുകൂടി കോൺഗ്രസിൽ ചേർന്നിരിക്കുന്നു.

—ാ—

## അഗ്നിപരീക്ഷണം


ജർമ്മനിയിലെ വി. ഹെൻറിച്ചക്രവർത്തിയുടെ രാജ്ഞിയായിരുന്നു വി. കുനെഗുന്താ. ഇരുവരും അന്യോന്യം ഭക്തിമത്സരത്തോടെ ജീവിതം കഴിച്ചുവരികയിൽ നരകശത്രു അവരെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനുള്ള ശ്രമം തുടങ്ങി. കൊട്ടാരത്തിലുള്ള ചീലരുമായി രാജ്ഞിക്കു ന്യായരഹിതമായ സംസർഗ്ഗമുണ്ടെന്നും മററും ഏഷണിക്കാരായ ചില കിങ്കരന്മാർ ചക്രവർത്തിയെ പറഞ്ഞുധരിപ്പിച്ചു. അദ്ദേഹം തന്നിമിത്തം ചിന്താകുലനായിത്തീർന്നു. രാജ്ഞിയാകട്ടെ ഒരു ദിവസം ചുട്ടുപഴുപ്പിച്ച ഇരുമ്പുപാളത്തിന്മേൽ നിഷ്പാദുകയായി നടന്നുകൊണ്ടു് തൻെറ നിഷ്കന്മഷതയെ ഭർത്താവിനു തെളിയിച്ചു കൊടുത്തു. ലജ്ജിതനായ ചക്രവർത്തി ഭാര്യയോടു ക്ഷമാപണം ചെയ്യുകയും പൂർവ്വാധികം ഹൃദയൈക്യത്തോടെ അന്നുമുതൽ അവർ ജീവിതം നയിക്കുകയുംചെയ്തു. അടിസ്ഥാനരഹിതമായ സംശയങ്ങൾ എത്രയോ കുടുംബങ്ങളെ ഛിന്നഭിന്നമാക്കിത്തീർക്കുന്നുണ്ടു്!

## രാജ്ഞിയുടെ സമർപ്പണം

സ്വഭർത്താവിൻെറ മരണാനന്തരം ഒരു കൊല്ലംകഴിഞ്ഞു് വി. കുനെഗുന്താ നവമായി താൻ പണിയിച്ച ഒരു പള്ളിയുടെ ആശീർവാദകർമ്മത്തിനു വൈദികാദ്ധ്യക്ഷന്മാരെയും പൗരമുഖ്യന്മാരെയും എല്ലാം ക്ഷണിച്ചു വരുത്തി. ആഘോഷമായ പാട്ടുകുർബാനയുടെ ഏവൻഗേലിയോൻ വായന കഴിഞ്ഞപ്പോൾ സ്ഥാനവസ്ത്രവിഭൂഷിതയായ രാജ്ഞി ബലിപീഠത്തിൻ മുമ്പാകെചെന്നു മുട്ടുകുത്തി. അവിടെവച്ചു തൻെറ സ്ഥാനചിഹ്നങ്ങളും വസ്ത്രാഭരണങ്ങളും ഓരോന്നായി നീക്കിയിട്ടു് വെറും സാമാന്യരീതിയിലുള്ള ഉടയാടസഹിതം നില്ക്കയിൽ സ്ഥലത്തെ മെത്രാൻ അവളുടെ തലമുടി ഛേദിച്ചശേഷം അവൾക്കു് കന്യാസ്ത്രീകളുടെ ശിരോവസ്ത്രം നൽകി. താൻതന്നെ സ്ഥാപിച്ചിരുന്ന കന്യകാമഠത്തിലെ എളിയഅംഗമായി വിശുദ്ധ സ്വയം സമർപ്പിക്കയാണുണ്ടായതു്.

## നിന്നെത്തന്നെ പരിത്യജിക്കുക

ഏതാനും ചില ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചുകൊണ്ടു്, പുണ്യജീവിതത്തിൻെറ വലിയ പദവിയിലെത്തിക്കഴിഞ്ഞു എന്നു് അഭിമാനിച്ചു നടക്കുന്നവരുണ്ടു്. എന്നാൽ ക്രിസ്തീയ പുണ്യപൂർണ്ണതയുടെ പ്രധാനപടി പരിത്യാഗമാണെന്നുള്ളതു് അവർ വിസ്മരിച്ചുകളയുന്നു. വി. കുനെഗുന്താ മഠത്തിൽ പ്രവേശിച്ചശേഷം, പണ്ടേതന്നെ താൻ അഭ്യസിച്ചുവന്ന എളിമയുടേയും പരിത്യാഗത്തിൻെറയും മാർഗ്ഗത്തിൽ കൂടുതൽ പുരോഗതി പ്രാപിപ്പാനാണു് സർവഥാ ശ്രമിച്ചുവന്നതു്. മഠത്തിലെ എളിയ വേലക്കാരിയെപ്പോലെ അവൾ പെരുമാറി. പഴയ രാജകീയ മഹത്വത്തിൻെറ സൂചനപോലുംഅവൾ സഹിച്ചില്ല. തപസ്സിലും പ്രായശ്ചിത്തത്തിലും പ്രാർത്ഥനയിലും ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. 15 കൊല്ലം ഇപ്രകാരം ചെലവഴിച്ചശേഷം പുണ്യപരിപൂർണ്ണതയോടെ അവൾ ഭാഗ്യമരണം പ്രാപിക്കയാണുണ്ടായതു്. അങ്ങിനെ പരിത്യാഗത്താൽ നിത്യകിരീടത്തിനു അവൾ അർഹയായിത്തീർന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ‖ ERNAKULAM, JULY 6 ‖ No. 45


## മതപഠനത്തിൽ ആസക്തി വർദ്ധിക്കണം

ക്രിസ്ത്യാനികളുടെ ഇടയിൽ ഇന്നു വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന മതഭക്തിരാഹിത്യത്തിനും നിഷ്പക്ഷതാമനോഭാവത്തിനും മതത്യാഗങ്ങൾക്കും പ്രമുഖമായ കാരണം അവർ അവരുടെ മതത്തെ വേണ്ടവിധത്തിൽ പഠിക്കുന്നില്ല എന്നുള്ളതാണ്. ശാസ്ത്രീയമായും സാങ്കേതികമായും ലോകം ദൈനംദിനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ബുദ്ധിമണ്ഡലം വിസ്തൃതമായി വികസിച്ചുകൊണ്ടിരിക്കുന്നു. പുതിയ പുതിയ ചിന്താസരണികൾ അതിനു മുമ്പിൽ തെളിഞ്ഞുവരികയാണ്. ഈ സാഹചര്യങ്ങളിൽ മനുഷ്യമനസ്സിന്റെ എല്ലാ പ്രവർത്തനരംഗങ്ങളും സമ്യക്കായി വികസിക്കാതെ അവന്റെ ആത്മീയസൗഷ്ഠവം ഭദ്രമാവുകയില്ല. ശാസ്ത്രീയമായ അവന്റെ പരിജ്ഞാനം ഭൗതികശാസ്ത്രരംഗങ്ങളിൽമാത്രം ഒതുങ്ങിനില്ക്കാതെ അതിലുപരിയായി ആദ്ധ്യാത്മികശാസ്ത്രവിജ്ഞാനത്തിൽക്കൂടി പ്രതിഫലിക്കണം. ഇതിനുള്ള ഏക ഉപാധി മതപഠനമാണ്. സാമാന്യരീതിയിലുള്ള പരമ്പരാഗതമായ ഒരു മതബോധനരീതി ഇന്നത്തെ സാഹചര്യങ്ങൾക്കു ഒരുവിധത്തിലും മതിയാകുന്നില്ല എന്നതാണ് പരമാർത്ഥം. അതുകൊണ്ടു കുറേക്കൂടി പുരോഗമിച്ചതും ആധുനികപരിതസ്ഥിതികളോടു കിടപിടിക്കത്തക്കതുമായ മതതത്വശിക്ഷണം ഇന്നനിവാര്യമായിത്തീർന്നിരിക്കുകയാണ്. മാനവജീവിതത്തിന്റെ എല്ലാ നിലകളിലും ഇതു പ്രായോഗികമാക്കപ്പെടുകയുംവേണം. ബാലികാബാലന്മാർക്കും, യുവതീയുവാക്കന്മാർക്കും, സ്ത്രീപുരുഷന്മാർക്കും അവരവരുടെ സ്ഥിതിക്കനുസരിച്ചുവിധത്തിലുള്ള മതാദ്ധ്യയനം സാധിക്കുവാനുള്ള സജ്ജീകരണങ്ങൾ ഓരോ ഇടവകകളിലും ഉണ്ടാകേണ്ടതു് ഇന്നത്തെ അടിയന്തിരാവശ്യമാണ്. അവയിൽ ആത്മാർത്ഥമായ അഭിനിവേശവും ആസക്തിയും പ്രദർശിപ്പിക്കേണ്ടതു് ക്രിസ്തീയവിശ്വാസത്തെ ഭദ്രമായും ഫലപ്രദമായും സംരക്ഷിക്കുന്നതിനു് അഭിലഷിക്കുന്ന ഓരോരുത്തരുടേയും കർത്തവ്യവുമാണ്.

### പ്രാർത്ഥനാനിയോഗം

ഈ മാസത്തിൽ ലോകത്തിന്റെ പൊതുപ്രാർത്ഥനാവിഷയമായി പരിശുദ്ധമാർപ്പാപ്പ ജപാപ്പസ്തോലനിയോഗത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു് "മതശിക്ഷണം പ്രായപൂർത്തിയായവരിൽ ഫലപ്രദമാക്കുന്നതിനു്" എന്നാണല്ലോ. പ്രായപൂർത്തിയായ ജനവിഭാഗത്തിൽ ഇന്നെവിടെയും ദൃശ്യമാകുന്ന വിലപനീയമായ മതരഹിതമനോഭാവത്തെ മനസ്സിലാക്കിയും തന്മൂലം വന്നുചേരുന്ന ഭയാനകമായ അധഃപ്പതനങ്ങളെ ദർശിച്ചുംകൊണ്ടാണ് പരിശുദ്ധമാർപ്പാപ്പ ലോകത്തിന്റെ പ്രത്യേക ശ്രദ്ധയെ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നതു്. ഇക്കാര്യത്തിൽ തിരുസഭയുടെ നിബന്ധനകൾ നിഷ്കർഷങ്ങളാണ്. "പ്രത്യേകിച്ചും ആത്മാക്കളുടെ പരിപാലനം കൈയേറ്റിരിക്കുന്നവർക്കു്, കത്തോലിക്കരുടെ മതപഠനം സംബന്ധിച്ച ശിക്ഷണം നൽകുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നതിനു വ്യക്തിഗതവും വളരെ ഗൗരവാവഹവുമായ കർത്തവ്യമുണ്ടു്." അതുകൊണ്ടു ഇടവകഭരണം കൈയേറ്റിട്ടുള്ള വികാരിമാർ എല്ലാ ഞായറാഴ്ചയും കടപ്പെട്ട ദിവസങ്ങളിലും പ്രായപൂർത്തിയായ ജനങ്ങൾക്കു കൂടുവാൻ സൗകര്യമുള്ള സമയം നിശ്ചയിച്ചു വേദപാഠങ്ങൾ അവരെ പഠിപ്പിക്കണമെന്നാജ്ഞാപിക്കപ്പെട്ടിരിക്കുന്നു. പക്ഷെ, തിരുസഭയുടെ വിവേകപൂർണ്ണമായ ഈ നിയമത്തേയും നിർദ്ദേശത്തേയും ആരു പാലിക്കുന്നു? എവിടെയും വൈദികർ വിലപിക്കുകയാണ്, പ്രായമായവർ മതപഠനത്തിനു സന്നിഹിതരാകുന്നില്ല എന്നു്. പ്രായപൂർത്തിയായ കത്തോലിക്കർ, സ്ത്രീകളും പുരുഷന്മാരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിക്കുന്നതിനും മതപഠനാസക്തിയെ വർദ്ധിപ്പിക്കുന്നതിനും സന്നദ്ധരാകുന്നില്ലെങ്കിൽ ഈ ദുസ്ഥിതി മാറാൻ പോകുന്നില്ല. ഒന്നിനൊന്നു സമുദായം അധഃപ്പതിക്കുകയേയുള്ളു.

### കോൺഗ്രസ്സ് നിർദ്ദേശങ്ങൾ

1950ൽ റോമിൽ സമ്മേളിച്ച സാർവ്വലൗകിക മതപഠനകോൺഗ്രസ്സ് വിശ്വവ്യാപകമായ മതാന്ധതയെ നേരിടുന്നതിനു പററിയ പലമാർഗ്ഗങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:—

1. ഓരോ ഇടവകയും പ്രത്യേകിച്ചും പ്രായപൂർത്തിയായവരുടെ സാമൂഹികവും മതപരവുമായ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കിത്തീർക്കണം. കുടുംബപരവും സാമുദായികവും രാഷ്ട്രീയവുമായ ജീവിതരംഗങ്ങളുടെയെല്ലാം പ്രചോദനകേന്ദ്രം മതബോധമാണെന്നു അവർക്കു ബോദ്ധ്യം വരത്തക്കവണ്ണമുള്ള ഒരിടവകഘടന പ്രാവർത്തികമാക്കണം.

2. കാനൻ നിയമം 1332-ാം ഖണ്ഡിക പ്രമാണിക്കുന്നതനുസരിച്ചുള്ള മതബോധനരീതി എല്ലാ സ്ഥലത്തും നടപ്പാക്കുക.

3. വേദാദ്ധ്യാപകന്മാർക്കു പ്രത്യേക പരിശീലനകോഴ്സുകളും പഠനത്തിനു ശരിയായ പദ്ധതികളും ഉണ്ടാക്കുക.

4. പാട്ടുള്ളിടത്തോളം ഓരോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു തിരിച്ചു തിരിച്ചു അദ്ധ്യാപനം നിർവ്വഹിക്കുക.

5. സാധാരണ പഠനസമയങ്ങളിൽ ഹാജരാകാൻ സാധിക്കാത്തവർക്കു അതിനു പ്രത്യേക സമയങ്ങൾ കണ്ടുപിടിക്കണം. നൊവേനയുടെ അവസരങ്ങളോ ഗൃഹസംബന്ധമായി വരുന്ന ആവശ്യങ്ങളോടനുബന്ധിച്ചുള്ള സമയങ്ങളോ അതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.

6. ഇടവകധ്യാനങ്ങൾ, കോൺഫറൻസുകൾ മുതലായവ നടത്തുക. നിവൃത്തിയുണ്ടെങ്കിൽ ഓരോ വിഭാഗങ്ങളെ തിരിച്ചു അവയിൽ സംബന്ധിപ്പിക്കുക.

7. അദ്ധ്യയനമണ്ഡലം, വാദപ്രതിവാദസമ്മേളനങ്ങൾ മുതലായവ ഏർപ്പെടുത്തുക.

8. മതപരമായ പഠനത്തിനും സംശയനിവാരണങ്ങൾക്കും സൗകര്യമുള്ള വായനശാലകളോ കേന്ദ്രങ്ങളോ സ്ഥാപിക്കുക.

9. സർക്കുലേററിങ്ങ് ലൈബ്രറികൾ, പ്രസിദ്ധീകരണവിതരണ ഏജൻസികൾ, മതപ്രസംഗ ഗിൽഡുകൾ മുതലായവ സംഘടിപ്പിക്കുക.

10. പരസ്യമായ ആരാധനകർമ്മങ്ങൾ, കോൺഗ്രസ്സുകൾ, തീർത്ഥാടനങ്ങൾ, ജാഥകൾ മുതലായവ നടത്തുക.

11. വൈദികർ അടുത്തുള്ളവർ കൂടിയാലോചിച്ചു പരിപാടികൾ നിർണ്ണയിക്കുകയും ഇടവകകളിലെ കുടുംബങ്ങൾ സന്ദർശിച്ചു ഓരോരുത്തരുമായി നേരിട്ടുള്ള സമ്പർക്കം പാലിക്കുകയും ചെയ്യുക.

ഇപ്രകാരം സ്വീകാര്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചു തീവ്രമായ ഒരു പ്രവർത്തനം ഇക്കാര്യത്തിൽ നടത്തണമെന്നാണ് കോൺഗ്രസ്സ് ശക്തിയായി ഉൽബോധിപ്പിച്ചിട്ടുള്ളതു്. പ്രസ്തുത കോൺഗ്രസ്സിൽ സംബന്ധിച്ചവരോടു് പരിശുദ്ധ മാർപ്പാപ്പാ ചെയ്ത പ്രസംഗത്തിൽ അവിടുന്നു പ്രത്യേകം നിർദ്ദേശിച്ചതിപ്രകാരമാണ്: - "മതപ്രബോധനം തിരുസഭയുടെ തത്വങ്ങളെ സ്പർശിക്കുന്ന എല്ലാ വിഷയങ്ങളേയും ഉള്ളടക്കുന്നതായിരിക്കണം. ദൈവശാസ്ത്രവും, ധർമ്മശാസ്ത്രവും, ദൈവാരാധനക്രമങ്ങളും എല്ലാം ഈ പരിപാടിയിൽ പെടണം. പ്രത്യേകിച്ചും പ്രായപൂർത്തി വന്നവരെ മതകാര്യങ്ങൾ പഠിപ്പിക്കുമ്പോൾ ദൈവത്തെപ്പററിയും, മിശിഹായേയും അവിടുത്തെ ദൈവത്വത്തേയും പററിയും, മിശിഹാ സ്ഥാപിച്ച കത്തോലിക്കാസഭയെപ്പററിയും അവരോടു ഊന്നിപ്പറയണം. ഈ മൂന്നു കാര്യങ്ങൾ അവരുടെ മനസ്സിൽ ആഴമായും വിശദമായും പതിഞ്ഞു കഴിഞ്ഞാൽ വിദ്യാലയത്തിനകത്തും പുറത്തുള്ള പരസ്യജീവിതത്തിലും മററെല്ലാ സത്യങ്ങളേയും അംഗീകരിച്ചു പ്രവർത്തിക്കുന്നതിനു വിഷമമുണ്ടാവുകയില്ല." അതുകൊണ്ടു ക്രിസ്തീയവിശ്വാസം പ്രായോഗികമാക്കുന്നതിനും, ക്രിസ്തീയാദർശങ്ങളുടെ രക്ഷാകരസന്ദേശം ലോകത്തിനനുഭവവേദ്യമാക്കുന്നതിനും, ക്രിസ്ത്യാനികൾ അവരുടെ മതത്തെ പ്രേണ്ടവിധത്തിൽ അറിയുന്നതിനും അതിന്റെ നിയമങ്ങളെ പാലിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## പ്രസാധകക്കുറിപ്പുകൾ

### ലോകതൊഴിലാളി സംഘടനയിൽ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ അംഗത്വം

എല്ലാ രാജ്യങ്ങളിലേയും തൊഴിലാളികളുടെ താല്പര്യങ്ങൾക്കു വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു സംഘടനയാണല്ലോ "ഇൻറർനാഷനൽ ലേബർ ഓർഗാനിസേഷൻ" (ഐ. എൽ. ഒ.) ഏഴു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽനിന്നും അതിലേക്കു പ്രതിനിധികളെ സ്വീകരിച്ചിട്ടുണ്ടു്. ഗവൺമെൻറിന്റെ അധീനതയിലല്ലാതെ സ്വതന്ത്രമായി തൊഴിലാളിതാല്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുപോരുന്ന ഒരു സംഘടനയിൽ, ഗവൺമെൻറധീനതയിൽ അസ്വതന്ത്രമായി കഴിഞ്ഞുകൂടുന്ന കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ തൊഴിലാളിയൂണിയനുകളുടേയും മററും പ്രതിനിധികൾക്കു പ്രവേശനം അനുവദിക്കാവുന്നതല്ലെന്നു ഈ പ്രശ്നത്തെപ്പററിയുള്ള ആലോചനയിൽ തീവ്രമായ വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. എങ്കിലും നിലവിലുള്ള യു. എൻ. ചാർട്ടർ അടിസ്ഥാനമാക്കി പരീക്ഷാർത്ഥം അവർക്കും അംഗത്വം നൽകപ്പെട്ടു. കമ്മ്യൂണിസ്റ്റു പ്രതിനിധികൾക്കു വോട്ടവകാശവും ജനറൽ കൗൺസിലിന്റെ നിയന്ത്രണാധികാരവും നൽകപ്പെട്ടിട്ടില്ല. സാങ്കേതികകാര്യങ്ങളെ സംബന്ധിച്ച ചില കമ്മററികളിൽമാത്രം പരിമിതമായ അധികാരങ്ങളോടുകൂടി ചുരുക്കം മെമ്പറന്മാരെ നിയോഗിച്ചിട്ടുണ്ടു്, അത്രമാത്രമേയുള്ളൂ. "എങ്കിലും ഇതുകാലവും ഈ പരീക്ഷണം വിജയിച്ചിട്ടില്ല. സൃഷ്ടിപരമായ പര്യാലോചനകളിൽ ചിലവഴിക്കപ്പെടാമായിരുന്ന ഒട്ടുവളരെ സമയം നിരുപയോഗപരമായ വാദപ്രതിവാദങ്ങൾമൂലം നഷ്ടപ്പെടുത്തിയിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് പ്രതിനിധികളിൽനിന്നു കാര്യമായ യാതൊരു സംഭാവനയും ലഭിച്ചിട്ടുമില്ല. സംഘടനയുടെ പേരിൽ അവർക്കു കരഗതമായ പ്രസംഗാവസരങ്ങളെ കമ്മ്യൂണിസ്റ്റുപ്രചാരണത്തിനുവേണ്ടി അങ്ങേയററം അവർ ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. യോഗങ്ങളിലെ വാദപ്രതിവാദങ്ങളെ അവയുടെ പരിമിതികളെ ഉല്ലംഘിച്ചു രാഷ്ട്രങ്ങളുടെ വിദേശനയങ്ങളെപ്പററിയുള്ള ചർച്ചകൾവരേയും എത്തിയിട്ടുണ്ടു്." എന്നാണ് ഇതേപ്പററി "ടൈംസ്" എന്ന പത്രം പ്രസ്താവിച്ചിരിക്കുന്നതു്. അതുകൊണ്ടു കമ്മ്യൂണിസ്റ്റു രാജ്യങ്ങളുമായുള്ള ബന്ധം ഐ. എൽ. ഒ. ഉപേക്ഷിക്കുന്നതായിരിക്കും ഭേദം എന്നുള്ള അനുമാനത്തിലാണ് വിമർശകന്മാർ എത്തിച്ചേരുന്നതു്. സഹവർത്തിത്വത്തിന്റെ പേരിൽ ഏതു രാജ്യങ്ങളുമായി കൂട്ടുചേരാമെന്നും ചേരണമെന്നും പ്രബലമായ അഭിപ്രായഗതി പ്രചരിച്ചുവരുന്ന ഇക്കാലത്തു ഐ. എൽ. ഒ. യുടെ അനുഭവം ബുദ്ധിപൂർവ്വകമായി പ്രവർത്തിക്കുന്നതിനു സഹവർത്തിത്വപ്രേഷിതന്മാർക്കു സഹായകമായിരിക്കും. ചെന്നായുമായുള്ള കൂട്ടുകെട്ടു കുഞ്ഞാടിനത്ര പന്തിയാവുമോ എന്നാണ് ചിന്തിക്കേണ്ടതു്.

x x x

### സോവ്യററഷ്യയുടെ പുതിയ ഏകീകരണ പ്ലാൻ

സോവ്യററഷ്യ അതിന്റെ ലോകമേധാവിത്വത്തിനു വേണ്ടി ആരംഭംമുതൽ ഓരോ അടവുകൾ പയററിക്കൊണ്ടിരിക്കുകയാണല്ലോ. പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റു പ്രവർത്തകർ നുഴഞ്ഞുകയറി അവിടങ്ങളിൽ അഞ്ചാംപത്തിപ്രവർത്തകരെ സംഘടിപ്പിച്ചു അട്ടിമറിപ്പൻവിപ്ലവങ്ങൾ സൃഷ്ടിച്ചു ഭരണം കൈയടക്കുകയും അവയെ റഷ്യയുടെ ഉപഗ്രഹരാജ്യങ്ങളാക്കുകയും ചെയ്തിട്ടുണ്ടു്. ഇപ്രകാരം യൂറോപ്പിന്റെ പൂർവ്വാർദ്ധവും ചൈന മുതലായ വൻരാജ്യങ്ങളും കമ്മ്യൂണിസ്റ്റ് ഇരുമ്പുകർട്ടനകത്തായി. ഈ തന്ത്രം ഇതരരാജ്യങ്ങൾക്കു വെളിവായപ്പോൾ അവരുടെ പ്രവർത്തനപുരോഗതി ആ വഴിക്കു നിലച്ചു. പിന്നീടു പ്രയോഗിച്ച ഒരടവാണ് ഇരുമ്പുമറയ്ക്കു പുറമേയുള്ള രാജ്യങ്ങളെക്കൊണ്ടു ഒരു നിഷ്പക്ഷതാശൃംഖല കെട്ടിപ്പടുക്കാനുള്ള ശ്രമം. അതു അത്ര വിലപ്പോയില്ലെന്നാണ് അതിന്റെ പരാജയം സൂചിപ്പിക്കുന്നതു്. ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന ഒരു പുതിയ പ്ലാനാണ് യൂറോപ്പിനെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു പൊതുസംരക്ഷണാപദ്ധതി. കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളെന്നോ, കമ്മ്യൂണിസ്റ്റേതരരാഷ്ട്രങ്ങളെന്നോ ഉള്ള വ്യത്യാസം കൂടാതെ യൂറോപ്പിന്റെ മുഴുവൻ സുരക്ഷിതത്വം പാലിക്കത്തക്ക ഒരേർപ്പാടായിരിക്കണം അതെന്നാണ് വാദിക്കപ്പെടുന്നതു്. ഈ പദ്ധതിയെപ്പററി "ഡെയിലി ടെലഗ്രാഫ്" എന്ന പത്രം ഒരു മുഖപ്രസംഗത്തിൽ വിമർശിച്ചിരിക്കുന്നതു പ്രത്യേകം പരിശോധനാർഹമാണ്. നിഷ്പക്ഷ ശൃംഖലാപദ്ധതിയിൽനിന്നു വളരെ വ്യത്യസ്തമാണ് ഈ പ്ലാൻ. പക്ഷെ അതിപ്രധാനമായ ഒരു സാമ്യം ഇവതമ്മിലുണ്ടു്. ഈ രണ്ടു പദ്ധതികളും കാലാന്തരത്തിൽ "നോർത്തു് അററ്ലാൻറിക്ക് ട്രീററി ഓർഗാനിസേഷനെ" (നാറേറാ) ഉടയ്ക്കുന്നതിനുള്ള സംരംഭമാണ്. നിഷ്പക്ഷമായ ഒരു ജർമ്മനിയുടെ ആസ്തിക്യം നാറേറാ ഉടമ്പടിയനുസരിച്ചുള്ള രാജ്യരക്ഷാപ്രവർത്തനങ്ങളെ പ്രായോഗികരംഗത്തു നിരുപയോഗപ്രദങ്ങളാക്കുന്നതത്രെ. അതുപോലെതന്നെ പൊതുസംരക്ഷണാപദ്ധതിയനുസരിച്ചുള്ള ഒരുടമ്പടിയും, അതിൽപ്പെട്ട വിവിധരാജ്യങ്ങളും തമ്മിൽ ഗാഢമായ ഒരു സൈനികബന്ധം പുലർത്തുന്നതിനു വിഘാതമായിത്തീരുന്നതുകൊണ്ടു് ഫലത്തിൽ മേൽപ്രസ്താവിച്ചതുപോലെ നിരുപയോഗമായിത്തന്നെ പര്യവസാനിക്കും. അതുകൊണ്ടു് യൂറോപ്പിന്റെ പൊതുസംരക്ഷണപദ്ധതിക്കു പ്രായോഗികമായി എന്തെങ്കിലും ഫലമുണ്ടാകണമെങ്കിൽ, ഏതൊരു ഭീഷണിയെ അകററുന്നതിനുവേണ്ടി നാറേറാസഖ്യം സ്ഥാപിതമായോ, പാശ്ചാത്യയൂറോപ്യൻരാജ്യങ്ങളെ സംബന്ധിച്ച പ്രസ്തുത ഭീഷണി ഒന്നാമതായി ഇല്ലാതാകണം. റഷ്യയും പൂർവ്വയൂറോപ്യൻരാജ്യങ്ങളും (ഉപഗ്രഹരാജ്യങ്ങൾ) തമ്മിലുള്ള കൂട്ടുകെട്ടാണ് ഈ ഭീഷണി. അതുകൊണ്ടു് ഉപഗ്രഹരാജ്യങ്ങളിൽനിന്നു റഷ്യയുടെ മേധാവിത്വം പിൻവലിച്ചു അവയെ സ്വതന്ത്രങ്ങളാക്കാതെ മുഴുവൻ യൂറോപ്പിനേയും ബാധിക്കുന്ന ഒരു കൂട്ടുസംരക്ഷണപദ്ധതി രൂപവല്ക്കരിക്കുന്നതിനു പശ്ചിമയൂറോപ്യൻ രാജ്യങ്ങൾ സഹകരിക്കുന്നതല്ല. അതുകൊണ്ടു മോസ്കോയുടെ പിടിയിലമർന്നിട്ടുള്ള രാജ്യങ്ങളെ അടിമത്തത്തിൽതന്നെ വച്ചുകൊണ്ടു് ഇതരരാജ്യങ്ങളെ അവയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ തടസ്സപ്പെടുത്തി ദുർബ്ബലമാക്കി സ്വയംസംരക്ഷണവും തരംപോലെ കടന്നാക്രമണവും സാധിക്കാമെന്നുള്ള കമ്മ്യൂണിസ്റ്റു റഷ്യയുടെ വ്യാമോഹം ഇനിയും വിലപ്പോകുകയില്ലെന്നു തീർച്ചയാണ്.

x x x

### ജനനനിയന്ത്രണ പദ്ധതി! വീണ്ടും രംഗത്തേക്കു്!

ഇന്ത്യൻ യൂണിയനിലെ ആരോഗ്യ വകുപ്പു വകയായി ഒരു കുടുംബസംവിധാന റിസർച്ചു ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുന്നതിനും, അതിന്റെ പ്രവർത്തനങ്ങളുടെ ഒരു ശാഖയായി ഗ്രാമീണജനങ്ങൾക്കു ധാരാളമായി ഉപയോഗിക്കത്തക്കവണ്ണം വില കുറഞ്ഞതും നിരുപദ്രവകരവും ഫലപ്രദവുമായ ജനനനിയന്ത്രണോപകരണങ്ങൾ കണ്ടുപിടിക്കുന്നതിനു ഒരു വിദഗ്ദ്ധ സംഘത്തെ ഏർ

പ്പെടുത്തുന്നതിനും, അതിന്റെ ചിലവിലേക്കു 16 ലക്ഷം ഉറുപ്പിക നീക്കിവയ്ക്കുന്നതിനും തീരുമാനിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. പലയൂറോപ്യൻ രാജ്യങ്ങളിലും പ്രയോഗിച്ചുനോക്കി പരിതാപകരവും അപരിഹാര്യവുമായ നാശഫലങ്ങൾ ഉളവാക്കിക്കഴിഞ്ഞിട്ടുള്ള അധാർമ്മികവും, അസാന്മാർഗ്ഗികവും, ആഭാസവുമായ ഈ പദ്ധതി അതിപുരാതീനമായ സംസ്കാരത്തിന്റെയും ധാർമ്മികമൂല്യങ്ങളുടെയും കേദാരമെന്നഭിമാനിക്കുന്ന ആർഷഭാരതത്തിന്റെ ചില മേധാവികൾക്കു കൈയൊഴിയാൻ നിവൃത്തിയില്ലാതായിരിക്കുന്നു എന്ന രീതിയിലുള്ള ഈ പുറപ്പാടു വിലപനീയവും അപലപനീയവുമാണ്. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മജി എത്ര പ്രാവശ്യം എത്ര ഖണ്ഡിതമായി പ്രഖ്യാപിച്ചിരിക്കുന്നു, അസാന്മാർഗ്ഗികമായ കൃത്രിമ ജനനനിയന്ത്രണം പരിവർജ്ജ്യമാണെന്നു്; ജനനനിയന്ത്രണകുതുകികളോടു് ആത്മനിയന്ത്രണം പരിശീലിക്കണമെന്നു്. രക്ഷാകരമായ ഈ പൈതൃകോപദേശം ഭരണകൂടം പോലും വിസ്മരിക്കുന്നു എന്നതു ഭാരതത്തിന്റെ ദുർദ്ദശാപരിപാകമെന്നല്ലാതെ എന്തു പറയട്ടെ!

ഇന്ത്യയുടെ ജനസംഖ്യാവർദ്ധനവും ഭക്ഷണദാരിദ്ര്യവുമാണ് ജനനനിയന്ത്രണവാദികൾ പൊക്കിക്കാണിക്കുന്ന ന്യായങ്ങൾ. ഇവിടത്തെ ജനപ്പെരുപ്പം ഒരുതരത്തിലും ആശങ്കാജനകമല്ലെന്നും, കൃഷിപ്രധാനരാജ്യമായ ഇന്ത്യയിൽ ഭക്ഷണവിഭവങ്ങളെ വർദ്ധിപ്പിക്കുന്നതിനുള്ള കഴിവുകൾ വളരെയാണെന്നും, മനുഷ്യൻ പ്രവേശിക്കാത്ത വിജനപ്രദേശങ്ങൾ വിസ്തൃതങ്ങളായി വൃഥാ കിടക്കുന്ന ഇവിടെ വാസസ്ഥലമില്ലെന്നുള്ള പ്രശ്നംതന്നെ യഥാർത്ഥത്തിലില്ലെന്നും എത്ര യുക്തിയുക്തമായും കണക്കുകൾ കാണിച്ചും വിശദമാക്കിക്കൊടുത്താലും അക്കൂട്ടർക്ക് അതു സ്വീകാര്യമല്ല! ഭരണകൂടത്തിൽ കടന്നുപററിയിട്ടുള്ള ഈദൃശമനസ്ഥിതിക്കാരാണ് കൂടുതൽകുഴപ്പങ്ങളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതു്. ദുഷ്ടമായ ഈ വിഭ്രാന്തിയാൽ അവർ അന്ധരാക്കപ്പെട്ടിരിക്കുകയാണ്. "ലക്ഷ്യം എത്ര നല്ലതായിരുന്നാൽതന്നെയും ദുഷ്ടമായ മാർഗ്ഗങ്ങൾ അതു പ്രാപിക്കാൻവേണ്ടി സ്വീകരിച്ചുകൂടാ" എന്നുള്ള പ്രമാണം നമ്മുടെ അനിഷേദ്ധ്യനേതാവായ പണ്ഡിററ്ജി തന്നെ അനേകപ്രാവശ്യം ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഇന്ത്യാ ഗവമ്മേണ്ടിന്റെ ആരോഗ്യവകുപ്പിനു അസാന്മാർഗ്ഗികവും നാശോന്മുഖവുമായ ഒരു കാര്യത്തിൽ പോലും ഈ പ്രമാണം സ്വീകാര്യമല്ലായിരിക്കുമോ?

ഈയിടെ ഇംഗ്ലണ്ടു് സന്ദർശിച്ച ജമേയ്ക്കായിലെ ചീഫ് ജസ്റ്റിസ് ലണ്ടനിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. ഗവമ്മേണ്ടു പ്രേരണയിൽ നടക്കുന്ന ഒരു ജനനനിയന്ത്രണപരിപാടി ആ രാജ്യത്തെ തരിപ്പണമാക്കുന്ന ഒരു "ഡയനമിററ്" പ്രയോഗമാണ്. ഞങ്ങളുടെ രാജ്യത്തിൽ ഗുരുതരമായ ജനപ്പെരുപ്പവും, ഭക്ഷണദാരിദ്ര്യവും, തൊഴിലില്ലായ്മയും ഉണ്ടു്. അവയ്ക്കു പ്രതിവിധിയായി കൃഷികൾ വർദ്ധിപ്പിക്കുന്നതിനു കഠിനാദ്ധ്വാനം ചെയ്യുന്നതിനും പുതിയ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുമാണ് ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നതു്. ഇതാണ് നേരായ മാർഗ്ഗം. ഇന്ത്യൻ നേതാക്കന്മാർക്കു ഇപ്രകാരം നേർവഴിക്കു ചിന്തിക്കുന്നതിനുള്ള പ്രകാശം ലഭിക്കുന്നില്ലായെങ്കിൽ

അതുരാജ്യത്തിന്റെ വിനാശകാരണമായി പരിണമിക്കും. ഭാരതത്തിന്റെ അമൂല്യങ്ങളായ ധാർമ്മികപാരമ്പര്യങ്ങളുടെ അണക്കെട്ടുകളെ തട്ടിത്തകർത്തു ഇന്ത്യയിലാകെ അധാർമ്മികതയുടെയും അധഃപ്പതനത്തിന്റെയും ഒരു പ്രളയം സൃഷ്ടിക്കുന്നതിനുമുമ്പു നേതാക്കന്മാർ ഉത്തരവാദിത്വബോധത്തോടുകൂടി ഒന്നു ഗൗരവമായി ചിന്തിക്കേണ്ടതുണ്ടു്. അതിനവർ സന്നദ്ധരാകുന്നില്ലെങ്കിൽ ജനാധിപത്യസംവിധാനത്തിൽ പൗരന്മാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരാവകാശങ്ങളെ പ്രയോഗിച്ചു ഭാരതത്തിന്റെ ആത്മാഭിമാനത്തേയും അമൂല്യാദർശങ്ങളേയും പരിരക്ഷിക്കത്തക്കവിധത്തിൽ അവരെ നേർവഴിക്കു തിരിക്കേണ്ടതു് രാജ്യസ്നേഹികളായ ജനതയുടെ കർത്തവ്യമാണ്.

വാരാന്ത്യവീക്ഷണം

# ശ്രീ നെഹ്റുവിന്റെ റഷ്യാസന്ദർശനം


(സി. ഐ. ജോൺ)

പ്രധാനമന്ത്രി നെഹ്റു സോവിയററു യൂണിയനിലുള്ള തന്റെ പര്യടനം കഴിഞ്ഞശേഷം മോസ്കോയിൽവച്ചു സോവിയററു പ്രധാനമന്ത്രി മാർഷൽ ബുൾഗാനിനുമായി ചേർന്നു ഒരു സംയുക്തപ്രസ്താവനയിൽ ഒപ്പുവയ്ക്കുകയുണ്ടായി. ശ്രീ നെഹ്റു സോവിയററുയൂണിയനിലുള്ള പല സ്ഥലങ്ങളും, റഷ്യൻ കോളണികളായ പല പൂർവ്വയൂറോപ്യൻ രാജ്യങ്ങളും സന്ദർശിക്കുകയും ഇൻഡോ-സോവിയററുബന്ധത്തെപ്പററിയും അന്താരാഷ്ട്രീയ കാര്യങ്ങളിൽ ചിലവയെ സംബന്ധിച്ചും മോസ്കോ, വാഴ്സോ, മുതലായ സ്ഥലങ്ങളിലെ നേതാക്കന്മാരുമായി സംഭാഷണം നടത്തുകയും ചെയ്തതിന്റെശേഷമാണ് സംയുക്തപ്രഖ്യാപനത്തിൽ ഒപ്പുവച്ചതു്. നെഹ്റുവിന്റെ റഷ്യൻ സന്ദർശനത്തിനു ഉന്നതരാഷ്ട്രീയ നിരീക്ഷകന്മാരിൽ പലരും നാം കരുതുന്നത്ര പ്രാധാന്യം കൊടുത്തുകാണുന്നില്ല. അതിനു പല കാരണങ്ങളുമുണ്ടു്. പണ്ഡിതജി മോസ്കോ സന്ദർശിക്കുന്നു എന്നു കേട്ടപ്പോൾ ആ സന്ദർശനത്തിന് കാതലായ ചില ഉദ്ദേശങ്ങളെല്ലാം ഉണ്ടെന്നും അതിനു് ഇന്നത്തെ ലോകസംഘർഷാവസ്ഥയെ ലഘൂകരിക്കുവാൻ കഴിഞ്ഞേക്കുമെന്നും കുഴഞ്ഞുമറിഞ്ഞ ഇന്നത്തെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ സാധിക്കുമെന്നും സാമാന്യജനങ്ങളും പല രാജ്യതന്ത്രജ്ഞന്മാർതന്നെയും വിശ്വസിച്ചിരുന്നു. എന്നാൽ ആ വിശ്വാസം എഴുപത്തഞ്ചുശതമാനവും സംയുക്തപ്രഖ്യാപനം പുറത്തുവന്നതോടുകൂടി പരാജയപ്പെട്ടിരിക്കുകയാണ്. രാജ്യങ്ങൾ തമ്മിലുള്ള പരസ്പരയോജിപ്പും, ഹൃദയംഗമമായുള്ള സഹകരണവും കൂടാതെ ലോകസമാധാനം കൈവരുത്തുക സാദ്ധ്യമല്ല. ജനാധിപത്യചേരിയും കമ്മ്യൂണിസ്റ്റുചേരിയുമായുള്ള ഉരസലുകൾക്ക് ഇടംനൽകുന്ന സംഭവവികാസങ്ങൾ വിപാടനം ചെയ്യുവാൻ കഴിവുള്ള ഒരു രാജ്യതന്ത്രജ്ഞനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ കൈയിലാണ് ഇന്നത്തെ നിലയിൽ ലോകസമാധാനത്തിന്റെ മാർഗ്ഗവും സമാധാനംതന്നെയും സ്ഥിതിചെയ്യുന്നതു്. അതിനു കഴിവുള്ള രാജ്യതന്ത്രജ്ഞൻ ആരാണെന്ന ചോദ്യത്തിന് ഉത്തരം പറയാവുന്നതല്ല; അഥവാ പറഞ്ഞാൽ അതൊരു സാഹസമായിരിക്കും. ലോകസമാധാനം കൈവരുത്തുവാൻ ഒരു രാജ്യതന്ത്രജ്ഞനെക്കൊണ്ടും ഇതുവരെ സാധിച്ചിട്ടില്ലെന്നു ശ്രീ നെഹ്റുതന്നെ ഈയിടെ പോളണ്ടിൽവച്ചു ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായി.

ഫോർമോസാപ്രശ്നം പരിഹരിക്കുവാൻ ആ ദ്വീപ് കമ്മ്യൂ. ചൈനയ്ക്കു വിട്ടുകൊടുക്കുക എന്നതൊഴികെ മററു യാതൊരു മാർഗ്ഗവുമില്ലെന്നു വേണം നെഹ്റു-ബുൾഗാനിൻ പ്രഖ്യാപനത്തിൽനിന്നു മനസ്സിലാക്കുവാൻ. അങ്ങനെ ഒരൊററ മാർഗ്ഗംമാത്രമേ ശ്രീ വി. കെ. കൃഷ്ണമേനോനും അവലംബിച്ചുവരുന്നതായി കാണുന്നുള്ളൂ. സ്വതന്ത്രവും തികച്ചും നിഷ്പക്ഷവുമായ ഒരു ഹിതപരിശോധനയിലൂടെയെങ്കിലും ഫോർമോസാപ്രശ്നത്തിന് പരിഹാരംകാണണം എന്ന നിർദ്ദേശം ഇൻഡ്യൻഭാഗത്തുനിന്നു് ഉന്നയിക്കാതിരിക്കുന്നതു് കഷ്ടമാണ്. അല്ലാതെ ഒരു വൻകരയ്ക്കു തൊട്ടുകിടക്കുന്ന എല്ലാ ചെറുരാജ്യങ്ങളും ദ്വീപുകളും ആ വൻകരയുടെ സംരക്ഷണത്തിനുവേണ്ടി വൻകരയ്ക്കു വിട്ടുകൊടുക്കണം എന്നു പറഞ്ഞാൽ ജോയിന്റ് സ്റ്റോക്ക് കമ്പനികളെപ്പററി എംഗൽസ് പറഞ്ഞിട്ടുള്ള ഉപമപോലെയായിരിക്കും. ഇൻഡ്യക്കും, റഷ്യക്കും അമേരിക്കയ്ക്കുമല്ലാതെ ടെയ്‌വാനെ സംബന്ധിച്ചുള്ള പ്രശ്നത്തിന് പരിഹാരം കാണുവാനുള്ള ഉത്തരവാദിത്വം ഐ. രാ. സമിതിവഴി ടെയ്‌വാനിലെ ജനങ്ങൾക്കു വിട്ടുകൊടുക്കേണ്ടതാണ്.

കൊളോണിയലിസത്തിനും ദക്ഷിണ ആഫ്രിക്കയിലെ വർണ്ണവിവേചനനയത്തിനും എതിരായി യാതൊന്നുംതന്നെ പ്രഖ്യാപനത്തിൽ പറഞ്ഞുകാണുന്നില്ല. ജർമ്മൻ പ്രശ്നത്തെപ്പററിയും അങ്ങനെതന്നെയാണ്. പഞ്ചശീലങ്ങൾ എന്നറിയപ്പെടുന്നതും ഇൻഡ്യൻ വിദേശനയത്തിന്റെ അടിസ്ഥാനവും ബാൻഡുങ്ങ്സമ്മേളനം അംഗീകരിച്ചതും മററുമായ അഞ്ചു തത്വങ്ങൾ വായിച്ചു ശ്രീ നെഹ്റു സന്ദർശിക്കുന്ന എല്ലാ രാജ്യങ്ങളിലേയും നേതാക്കൾ കണ്ണടച്ചു ഒപ്പുവച്ചതുകൊണ്ടു് ലോകസംഘർഷാവസ്ഥയ്ക്കു എന്തെങ്കിലും വ്യതിയാനം വരുമെന്ന് എങ്ങനെ കരുതാനാണ്. മനുഷ്യത്വത്തിന്റെയും മാനുഷികമൂല്യങ്ങളുടേയും സംസ്കാരത്തിന്റേയും വഴിയും വികസനവും ഈ അഞ്ചു തത്വങ്ങളിൽ പ്രതിഫലിക്കുന്നുണ്ടെങ്കിൽ അതിനെ അംഗീകരിച്ചിരിക്കുന്നതായി അവകാശപ്പെടുന്ന രാജ്യങ്ങൾ ആ തത്വങ്ങളിൽനിന്നു ബഹുദൂരം സഞ്ചരിക്കുകയും, ഇപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഈ നിലയിൽ മുന്നോട്ടുപോയാൽ ദീപസ്തംഭം മഹാശ്ചര്യം എന്ന വിധത്തിലാകും. പൂർവ്വയൂറോപ്പിലുള്ള എല്ലാ രാജ്യങ്ങളും ഇന്നു് റഷ്യൻ കോളണികളായിരിക്കുകയാണ്. ഇതു് ഒരു ഭംഗിവാക്കല്ല, പരമാർത്ഥമാണ്. കുറച്ചു രാജ്യങ്ങളെങ്കിലും റഷ്യൻ കോളണികളായി പൂർവ്വയൂറോപ്പിലുണ്ടെന്നു് പണ്ഡിതജിതന്നെ സമ്മതിച്ചിട്ടുള്ളതാണ്. ആഫ്റോ-ഏഷ്യൻ സമ്മേളനത്തിൽവച്ചു "സീറേറാ"പോലെ തന്നെ വിനാശകരമാണ് കോമിൻഫോമെന്നു തുറന്നുസമ്മതിച്ച പണ്ഡിതജി മോസ്കോയിൽചെന്നാലുടൻ ഈ ലോകറഷ്യൻ മേധാവിത്വചങ്ങലയെ ഒന്നയക്കുവാൻ പറയുമെന്നും പോപ്പുലാരിററിക്കുവേണ്ടി എങ്കിലും സോവിയററുയൂണിയനും അതൊന്നഭിനയിക്കുമെന്നും വിചാരിച്ചു. എന്നാൽ അതേപ്പററി ഒരക്ഷരം സംയുക്തപ്രഖ്യാപനത്തിൽ കണ്ടില്ല. നടക്കുകയില്ലാത്ത കാര്യം പറഞ്ഞു നാണംകെടുവാൻ മോസ്കോയിൽ ചെന്നു് അവിടത്തെ പരിതസ്ഥിതികൾ ഏതാണ്ടൊക്കെ കണ്ട ശ്രീ നെഹ്റു മിനക്കെടാതിരുന്നതു് അദ്ദേഹത്തിന്റെബുദ്ധിവൈഭവമായിരിക്കാം. പശ്ചിമജർമ്മനിയേ സംബന്ധിച്ചുള്ള ഉൽകണ്ഠയും "നിഷ്പക്ഷരാഷ്ട്രീയ"നയത്തിൽഈ അടുത്ത ആഴ്ചയിൽ സംഭവിച്ച മററു ചില തകരാറുകളുമല്ലായിരുന്നെങ്കിൽ ശ്രീ നെഹ്റു ആവശ്യപ്പെടാതെതന്നെ അദ്ദേഹത്തിന്റെ സന്ദർശനവേളയിൽ കോമിൻഫോം പിരിച്ചുവിട്ടുമായിരുന്നു. ഏതായാലും അതു സാധിച്ചില്ല. ശ്രീ നെഹ്റു വാർസോയിൽ വച്ചുനടത്തിയ ഒരു പത്രസമ്മേളനത്തിൽ ചെയ്ത ചില പ്രസ്താവനകൾ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ശ്രദ്ധേയമാണ്. ഇൻഡ്യാ അന്താരാഷ്ട്രീയപ്രശ്നങ്ങളിൽ ഉപദേശമൊന്നും കൊടുക്കാറില്ലെന്നും ഗാന്ധിയൻമാർഗ്ഗമാണ് തന്നെ നയിക്കുന്നതെന്നും അക്രമം പ്രവർത്തിക്കുന്ന വ്യക്തികളെയല്ല അക്രമത്തെയാണ് താനെതിർക്കുന്നതെന്ന മഹാത്മജിയുടെ തത്വം സ്വീകരിച്ചിരിക്കുകയാണെന്നും പറയുകയുണ്ടായി ഭാരതം ഭാരതത്തിന്റേതായ നിലതന്നെ എല്ലാ തുറയിലും ഉറപ്പിക്കാതെയുള്ളതും അനേകം പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനുള്ളതുതന്നെ ഇനിയും ഭാരതത്തിൽ ശരിയാകാതിരിക്കുന്നതുമായ ഈ കാലഘട്ടത്തിൽ, അന്താരാഷ്ട്രീയ പ്രശ്നങ്ങളിലേക്കുള്ള എടുത്തുചാട്ടം ഭാരതത്തിലെ വളരെ ഏറെ നേതാക്കന്മാരുടെ വിമർശനത്തിനു പാത്രമായിട്ടുള്ളതാണ്. അതെങ്ങനെ ഇരുന്നാൽതന്നെയും അന്താരാഷ്ട്രീയ പ്രശ്നങ്ങളിൽ യാതൊരുപദേശവും നിർദ്ദേശവും ഇൻഡ്യ കൊടുക്കുന്നില്ലെങ്കിൽപിന്നെ ഇങ്ങനെയുള്ള സന്ദർശനങ്ങളും മഹാസമ്മേളനങ്ങളും കൊണ്ടു "ഖജനാവു് ശുഷ്കിപ്പിക്കൽ" എന്നതൊഴിച്ചു മറെറന്തു് നന്മയാണ് ഉണ്ടാകുന്നതെന്നു ഓരോ ഇൻഡ്യൻ പൗരനും അവഗാഢംപരിചിന്തിക്കേണ്ടതാണ്.

ശ്രീ നെഹ്റു വാർസോയിൽവച്ചു നടത്തിയ പത്രസമ്മേളനത്തിൽ നടന്ന ശ്രദ്ധേയമായ മറെറാരു സംഗതിയുണ്ടു്. ഒരു പശ്ചിമജർമ്മൻ പത്രപ്രതിനിധി ശ്രീ നെഹ്റുവിനോടു് ചോദിച്ച ഒരു ചോദ്യമാണതു്. "തന്റെ വീട്ടുകാരെ മർദ്ദിക്കുകയും വേലക്കാരെ അടിമകളെപ്പോലെ കണക്കാക്കുകയും ചുററുപാടുമുള്ളവരെ ആക്രമിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന ഒരു അയൽവാസിയുമായി സഹവർത്തിത്വത്തിൽ കഴിയുവാൻ സാധിക്കുമെന്നു് അങ്ങു് വിശ്വസിക്കുന്നുവോ?" ഇതാണ് ചോദ്യം. ഇതിനു നെഹ്റു അതൊരു ഇംപോർട്ടൻറ് ക്വസ്റ്റ്യനാണെന്നു മറുപടി നൽകിയപ്പോൾ സദസ്സിൽ കൈയടി മുഴങ്ങി എന്നു റോയിട്ടർ റിപ്പോർട്ടു ചെയ്യുന്നു. സമാധാനപരമായ (കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും മുതലാളിത്തരാജ്യങ്ങളുമായുള്ള) സഹവർത്തിത്വത്തെപ്പററി പ്രസംഗിക്കുന്നതിനു മുൻപു പണ്ഡിതജിയും ശ്രീ വി. കെ. കൃഷ്ണമേനോനുമെല്ലാം ഈ പത്രപ്രതിനിധിയുടെ ചോദ്യത്തെപ്പററി ചിന്തിക്കേണ്ടതുണ്ടു്. അതിനു് സമാധാനം കണ്ടുപിടിച്ചെങ്കിൽ മാത്രമേ ഇന്നത്തെ നിലയിൽ ലോകപ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ.




For favours received
Joseph Mathew
Kozhuvanal

## അടുത്തയാഴ്ചയിൽ

ജൂലൈ

7 വ്യാ: വി. ജമ്മാന്തൂസ്
8 വെ: വി. ഹഡ്‌റിയാൻ
9 ശ: വി. ക്ലാവുദിയൂസ്
10 ഞാ: പന്തക്കുസ്ത 6-ാംഞായർ
11 തി: വി. അബുന്തിയൂസ്
12 ചൊ: വി. യോഹന്നാൻ ഗാൽവത്തോസ്
13 ബു: വി. അനാക്ലെത്തോസ്

# പുസ്തകാഭിപ്രായം

## "ആദർശബാലൻ"

(ഗ്രന്ഥകർത്താ: ഫാദർ റുഡോൾഫ് ററി. ഒ. സി. ഡി., സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം. വില 1ക. 6ണ.)

ബാലസാഹിത്യശാഖയിൽപെട്ട ഒരു നവീനപ്രസിദ്ധീകരണമാണ് ഈ ഗ്രന്ഥം. ഇതിൽ ഉദ്ദേശിക്കപ്പെടുന്ന "ആദർശബാലൻ" ആരാണെന്നറിയേണ്ടവർ ഈ ഗ്രന്ഥത്തിന്റെ കവർപേജിൽ കൊടുത്തിരിക്കുന്ന അതിമനോഹരമായ മുഖചിത്രവും 16-ാമത്തെ പേജിൽ കൊടുത്തിരിക്കുന്ന "തങ്കംകൊണ്ടു കടഞ്ഞെടുത്ത തനുവും" എന്നു തുടങ്ങി "ശ്രീയേശു മേരീസുതൻ" എന്നവസാനിക്കുന്ന ശ്ലോകവും വായിച്ചുനോക്കിയാൽ മതിയാകുന്നതാണ്. എന്നാൽ ബാലനായ ക്രിസ്തുവിന്റെ ചരിത്രത്തിനു പുറമേ കുട്ടികൾക്കു ഏററവും ഉത്തമരാകുന്നതിനുള്ള പല വിലയേറിയ നിർദ്ദേശങ്ങളും ഈ ഗ്രന്ഥത്തിൽ കാണുന്നുണ്ടു്. ആകയാൽ യാതൊരു ശങ്കയും കൂടാതെ എല്ലാ ബാലികാബാലന്മാർക്കും അനുകരിക്കാവുന്നതും അവർ അനുകരിക്കേണ്ടതുമായ പല നല്ല ആദർശങ്ങൾ ഈ ഗ്രന്ഥപാരായണംമൂലം ബാലജനങ്ങൾക്കു ലഭിക്കുമെന്നുള്ളതിനു സംശയമില്ല.

ഇതിലെ ഭാഷാരീതി ലളിതവും പ്രസന്നവും ആണെന്നു പറയുവാൻ സാധിക്കും. ഈ ഗ്രന്ഥം നമ്മുടെ ബാലലോകത്തിന് അത്യന്തം പ്രിയംകരമാക്കണം എന്നുള്ള ഉദ്ദേശ്യം ഗ്രന്ഥകാരനെന്നപോലെ മാന്നാനംപ്രസ്സ് അധികൃതന്മാർക്കും ഉണ്ടെന്നുള്ളതിന് മതിയായ ലക്ഷ്യങ്ങൾ ഇതിൽ കാണാം. ഇതിൽ കൊടുത്തിട്ടുള്ള പത്തു പലവർണ്ണചിത്രങ്ങളും പാലസ്റ്റൈൻപ്രദേശത്തിന്റെ ഭൂപടവും മററു ധാരാളം ലഘുചിത്രങ്ങളും ഇതിനുദാഹരണമാണ്. ഇതു കൂടാതെ അവസരോചിതമായ പല നല്ല പദ്യശകലങ്ങൾ ഈ ഗ്രന്ഥത്തിൽ അങ്ങിങ്ങായി ഉദ്ധരിക്കപ്പെട്ടുകാണുന്നതും ഒരു മെച്ചമായി കരുതാം. പാലാരൂപതയുടെ മെത്രാൻ തിരുമനസ്സുകൊണ്ടു് അവതാരികയിൽ പ്രസ്താവിച്ചു കാണുന്നതുപോലെ

"ആദർശബാലൻ" എന്ന ഈ ലഘുഗ്രന്ഥം വളരെയേറെ സല്ക്കാര്യങ്ങൾ നമ്മുടെ ബാലലോകത്തിനു് നൽകുവാൻ തികച്ചും പര്യാപ്തമാണു്. കുടുംബത്തിൻെറ അനർഘനിക്ഷേപങ്ങളായ കുട്ടികളെ തങ്ങളുടെ വസ്തുവകകളേക്കാൾ അനേകമടങ്ങു് കൂടുതലായി സ്നേഹിക്കുന്ന നമ്മുടെ കുടുംബത്തലവന്മാർ, ഈ ഗ്രന്ഥത്തിൻെറ ഓരോ പ്രതിവീതം വാങ്ങി അവരവരുടെ കുഞ്ഞുമക്കൾക്കു സമ്മാനിക്കുന്നപക്ഷം— പോരാ, അതു അവരെക്കൊണ്ടു് വായിപ്പിക്കുവാൻ ശ്രമിക്കുന്നപക്ഷം—അതു് ഗണ്യമായ ഒരു പുണ്യമായിരിക്കുന്നതാണു്.

(കെ. ഇ. ജെ.)

(10-ാംപേജു് തുടർച്ച).

ഞ്ഞും നടക്കയാണു്. പിശാചിൻെറ സന്താനങ്ങളാണു കത്തോലിക്കർ. കള്ളന്മാരും കൊള്ളക്കാരും വിഗ്രഹാരാധകരും, തുടങ്ങി അനേകസ്ഥാനമാനങ്ങൾ അയാൾ കത്തോലിക്കർക്കു നൽകും. ഒരിക്കൽ ഞാൻ ചോദിച്ചു: "ഉപദേശി, ഈ നരകക്കുഴിയിലല്ലേ അന്നമ്മയേയും ഏലിയാമ്മയേയും പിടിച്ചുതള്ളിയതു്? പെണ്ണുങ്ങൾക്കു ആത്മാവില്ലേ? അവർക്കു നിത്യരക്ഷ ആവശ്യമില്ലേ? ഉപദേശിയെ ഏല്പിച്ചു താലന്തുകളെക്കുറിച്ചു് നിത്യനിയമജ്ഞൻ ചോദ്യംചെയ്യുമ്പോൾ കത്തോലിക്കയിൽ കെട്ടിച്ചുവിടുകയും തന്മൂലം ആത്മനാശത്തിനിടവരുകയുംചെയ്ത പെൺകുട്ടികളെക്കുറിച്ചു് എന്തുസമാധാനം നൽകും?" ഉപദേശിയുടെ കോപം അതിരില്ലാതെ പൊങ്ങി. പഠിച്ച ഭാഷയിലെ വാക്കുകൾ എല്ലാം ഉപയോഗിച്ചു എന്നെ ശപിക്കുവാ

## ഉപകാരസ്മരണ

വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കെ. പി. ഔസേപ്പ്
കളത്തിപറമ്പിൽ, വട്ടതല.

നും പ്രാകുവാനും അസഭ്യം പുലമ്പുവാനും ആരംഭിച്ചു. ഞാൻ ജീവനുംകൊണ്ടോടി രക്ഷപെട്ടു.

വക്കീച്ചേട്ടൻെറ മൂത്തമകൻ ഒരു ഒന്നാംതരം ഡോക്ടറാണു്. നല്ല കൊഴുത്ത ശമ്പളം. തികഞ്ഞ നിരീശ്വരവാദി. പള്ളിയേയും പട്ടക്കാരേയും ധാരാളം പഴിക്കും. ഒരു ഇസ്സത്തിലും ചേർന്നിട്ടില്ല. നല്ല സമ്പാദ്യമുണ്ടു്. സ്ഥലം മാറിച്ചെല്ലുന്നിടത്തെല്ലാം ജീവിതസഖികളുമുണ്ടു്. പക്ഷേ അയാളെക്കുറിച്ചു് വക്കീച്ചേട്ടനും മറിയച്ചേടത്തിക്കും ഒരു വഴക്കുമില്ല. എന്നാൽ ഇളയമകൾ ഏലിക്കുട്ടിപറഞ്ഞു അവൾക്കു യാക്കോബായക്കാരുടെ കേസ്സും പുക്കാറും അസഹ്യമാണെന്നു്. ആത്മാവിൻെറ കാര്യത്തിൽ ശ്രദ്ധചെലുത്താത്ത വൈദികരേയും കോടതിത്തിണ്ണയിൽനിന്നിറങ്ങാത്ത വൈദികാദ്ധ്യക്ഷന്മാരേയും വെറുത്തെന്നു്. അവളെ അദ്ധ്യയനം ചെയ്യിച്ച സുകൃതിനികളായ കന്യാസ്ത്രീകളുടെ സംഘത്തിൽ ചേരണമെന്നു്. ഒരു കത്തോലിക്ക ആകണമെന്നു്. ഫലമോ! അവളുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. പഠിത്തംമുടങ്ങി. ബന്ധനം മിച്ചവുമായി. അതേസമയത്തു് ഒരു യുവ "സഖാ"വുമായി ഒളിച്ചോടിപ്പോയിരുന്നെങ്കിൽ ആ മാതാപിതാക്കൾ ഇത്രയധികം പരിഭ്രമിക്കുമായിരുന്നില്ല.

ഇത്തരം മാതാപിതാക്കളുടെ മാനസ്സാന്തരത്തിനും ഞങ്ങളെപ്പോലെ തിരുസഭാപ്രവേശനത്തിനു കൊതിക്കുന്ന യുവതികളുടെ പ്രതിബന്ധം മാറുന്നതിനും പ്രിയ വായനക്കാരേ, നീങ്ങൾ പ്രാത്ഥിക്കുമോ?

# വിശുദ്ധ തോമസ് മോർ

തിരുനാൾ—ജൂലൈ 6

(എൻ. പി. ജോസഫ് എഴുപുന്ന)

ആയിരത്തി അഞ്ഞൂററി മുപ്പത്തിയഞ്ചു് ജൂലായ് മാസത്തിലെ ഒരു തണുപ്പുള്ള പ്രഭാതം. മണി എട്ടു കഴിഞ്ഞു. മൂടൽമഞ്ഞു് ഇനിയും നീങ്ങിയിട്ടില്ല. ഏതോ ശോകസംഭവത്തിൻെറ നാന്ദി എന്നോണം ഒരുകൂട്ടം കാർമേഘപടലങ്ങൾ സൂര്യബിംബത്തെ മറച്ചിരിക്കുകയാണു്. ലണ്ടനിലെ പൊതുവധക്കളത്തിനു ചുററും വളരെ ജനം തടിച്ചുകൂടിയിട്ടുണ്ടു്. കാരാഗൃഹത്തിൽനിന്നുള്ള വീതികുറഞ്ഞ പാതയിലേക്കാണു് എല്ലാവരുടേയും നോട്ടം.

"അതാ, അദ്ദേഹത്തെ കൊണ്ടുവരുന്നുണ്ടു്" ഒരുത്തൻ വിളിച്ചുപറഞ്ഞു. ജനക്കൂട്ടം ശ്വാസമടക്കിനിന്നു. വധകന്മാരുടെ അകമ്പടിയോടുകൂടി പൊക്കംകുറഞ്ഞു കൃശഗാത്രനായ ഒരു മനുഷ്യൻ കൊലത്തട്ടിലേക്കു് നടന്നടുക്കുകയാണു്. കാണികളുടെ ഹൃദയസ്പന്ദനങ്ങളൊഴിച്ചാൽ പരിസരം നിശ്ശബ്ദമായിരുന്നു. അദ്ദേഹത്തെ ഒരുദ്യോഗസ്ഥൻ കൊലത്തട്ടിലേക്കു് കയററി. പ്രശാന്തനായ അദ്ദേഹത്തിൻെറ കണ്ണുകളിൽ അപ്പോഴും ഒരു ദിവ്യപ്രകാശം കളിയാടിയിരുന്നു.

ജനക്കൂട്ടത്തിൻെറ നേരെ തിരിഞ്ഞു അദ്ദേഹം പറഞ്ഞു: "നിങ്ങളെല്ലാവരും രാജാവിൻവേണ്ടി പ്രാത്ഥിക്കണം." അതായിരുന്നു അദ്ദേഹത്തിൻെറ അന്ത്യസന്ദേശം. ആയിരമായിരം കണ്ണുകളിൽനിന്നു പുറത്തേക്കു കുതിക്കുവാൻ വെമ്പിനിന്നിരുന്ന അശ്രുകണങ്ങൾ അദ്ദേഹത്തിനു യാത്രാനുമതി നൽകി. വധകൻ അവൻെറ കൃത്യം നിർവ്വഹിച്ചു.

അങ്ങിനെ ഹെൻറി അഷ്ടമൻെറ ആജ്ഞയനുസരിച്ചു സർ തോമസ് മോറിനെ പരസ്യമായി വധിച്ചു. സത്യത്തിനും നീതിക്കുംവേണ്ടി പൊരുതിയ ആ പോരാളിവീരൻ അദ്ദേഹത്തിൻെറ ചുടുനിണംകൊണ്ടു ചരിത്രത്തിനു മുദ്രവച്ചു. സത്യത്തിൻേറയും, നീതിയുടേയും സംരക്ഷണത്തിനുവേണ്ടി ജീവനെ ബലികഴിച്ചിട്ടുള്ള ആയിരമായിരം രക്തസാക്ഷികളുടെ നീണ്ടപട്ടികയിൽ മോറിൻെറ പേരും ആലേഖനം ചെയ്യപ്പെട്ടു.

ഇംഗ്ലണ്ടിൽ ഒരു സാധാരണ കുടുംബത്തിൽ 1478-ാമാണ്ടിലാണു് തോമസ് മോർ ഭൂജാതനായതു്. ഒരഭിഭാഷകനായിരുന്ന ജോൺ മോറിൻെറ ആദ്യഭാര്യയുടെ ഏകസന്താനമാണു് തോമസ്. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനായി ഓക്സ്ഫോർഡിൽ ചേർന്നു എന്നാൽ വാസന വക്കീൽ പണിയിലായിരുന്നതുകൊണ്ടു് ഓക്സ്ഫോർഡിലെ പഠനം പൂർത്തിയാക്കാതെതന്നെ നിയമപഠനത്തിനായി "ലിങ്കൺസ് ഇന്നിൽ" ചേർന്നു. അവിടെനിന്നും അദ്ദേഹം ഒരു ബാരിസ്റ്ററായിത്തീർന്നു.

തോമസ് മോർ തൻെറ ഇരുപത്തി ഏഴാമത്തെ വയസ്സിൽ "ജെയിൻകോൾട്ടു്" എന്ന തരുണിയെ വിവാഹം ചെയ്തു. ഏഴുകൊല്ലങ്ങൾക്കുശേഷം ആ സ്ത്രീരത്നം ചരമഗതി പ്രാപിക്കുകയാൽ മോർ "ആലിസ് മിഡിൽടൺ" എന്ന സ്ത്രീയെ വിവാ ം ചെയ്തു.

മോറിൻെറ കുടുംബജീവിതം സമാധാനപ്രദവും സന്തോഷകരവുമായിരുന്നു. എളിയ ജീവിതം നയിക്കുവാനാണു് മോർ ഇഷ്ടപ്പെട്ടിരുന്നതു്. തൻെറ സന്താനങ്ങൾ ഭക്തിയുള്ളവരും എളിമയുള്ളവരുമായിരിക്കണമെന്നു് മോർ നിഷ്കർഷിച്ചിരുന്നു.

ഒരു വക്കീലെന്ന നിലയിൽ തോമസ് മോറിനു് സാമാന്യം നല്ല വരുമാനമുണ്ടായിരുന്നു. ഹെൻറി സപ്തമൻെറകാലത്തു് മോർ പാർലിമെൻറിലെ ഒരു സാമാജികനായിരുന്നുവെങ്കിലും, ഹെൻ റി അഷ്ടമൻെറ കാലത്താണു് അദ്ദേഹത്തിനു് ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കേണ്ടിവന്നതു്. 1510-ൽ മോർ ലണ്ടൻ പട്ടണത്തിൻെറ അണ്ടർഷെറിഫ് ആയി നിയമിക്കപ്പെട്ടു. അതിനുശേഷം രാജപ്രതിനിധിയായി പലേ കരാറുകളിലും സമത്ഥമായി ഇടപെട്ടിട്ടുണ്ടു്. താമസിയാതെ രാജാവിൻെറ കൗൺസിലിലെ ഒരംഗമായി മോർ നിയമിക്കപ്പെട്ടു.

മോർ ഒരു പണ്ഡിതനും, രസികനുമായിരുന്നു. അദ്ദേഹത്തിൻെറ "യൂട്ടോപ്പിയ" (Utopia) എന്ന കൃതി പ്രസിദ്ധമാണു്. ഹെൻ റിയും ഒരു പണ്ഡിതനായിരുന്നതുകൊണ്ടു് മോറുമായുള്ള സമ്പക്കം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. ഭരണവിഷയങ്ങളിലും, മതകാര്യങ്ങളിലും തോമസിൻെറ ഉപദേശങ്ങളെ ഹെൻറി അക്കാലങ്ങളിൽ വളരെ ബഹുമാനിച്ചിരുന്നു. 1521-ൽ അദ്ദേഹത്തെ അണ്ടർ ട്രഷററായിട്ടും, 1524-ൽ ജനസഭയുടെ സ്പീക്കറായിട്ടും നിയമിച്ചു. ഇങ്ങനെ പടിപടിയായി ഉയന്നു് 1529-ൽ തോമസ് മോർ ഇംഗ്ലണ്ടിലെ ചാൻസലറായിത്തീന്നു.

ഹെൻറി ബുദ്ധിമാനും, പ്രാപ്തനുമായിരുന്നുവെങ്കിലും, അനിയന്ത്രിതമായ വിഷയാസക്തിയും അതിയായ വാശിയും അദ്ദേഹത്തിൻെറ എല്ലാ ഗുണങ്ങളും നിഷ്പ്രഭങ്ങളാക്കിക്കളഞ്ഞു. ഇരുപതുവർഷത്തോളം അദ്ദേഹത്തിൻെറ ഭാര്യയായിരുന്ന കാതറയിൻ പകരം, അവളുടെ തോഴിയായ ആനിബോളിനെ വിവാഹം ചെയ്യുവാൻ ഹെൻറി തീരുമാനിച്ചു. തിരുസഭയുമായി ഏററുമുട്ടി. ഇംഗ്ലണ്ടിലെ സഭ തൻെറ അധീനത്തിലാണെന്നു് പരസ്യമായി പ്രഖ്യാപിക്കുകയും പരി. റോമാസിംഹാസനത്തിൽനിന്നു പിരിയുകയുംചെയ്തു. കാൻറർബറിയിലെ മെത്രാപ്പോലീത്തായുൾപ്പെടെ ഇംഗ്ലണ്ടിലെ ഭീരുക്കളായ ഏതാനും വൈദികരെക്കൊണ്ടു് തൻെറ വാദഗതി അംഗീകരിപ്പിക്കുന്നതിനു ഹെൻ റിക്കു സാധിച്ചു. പക്ഷെ ഹെൻറിയുടെ ഈ തീരുമാനങ്ങളെ അനുകൂലിക്കുവാൻ ചാൻസലറായിരുന്ന തോമസ് മോർ സന്നദ്ധനല്ലായിരുന്നു. പുതിയ നയപ്രഖ്യാപനത്തോടുള്ള പ്രതിഷേധം രേഖപ്പെടുത്തുവാൻ അദ്ദേഹം ജോലി രാജിവച്ചു.

ഹെൻറിയുടെ പുതിയ വിവാഹത്തെ സാധൂകരിക്കുന്നതും തിരുസഭയുടെ അധികാരാവകാശങ്ങൾക്കു വിരുദ്ധവുമായ പുതിയ നിയമങ്ങൾ അദ്ദേഹം സൃഷ്ടിച്ചുണ്ടാക്കി. ഈ നിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്നു് ശപഥംചെയ്യുന്നതിനു് മോർ വിസമ്മതിച്ചു. ഇതിനു ശിക്ഷയായി അദ്ദേഹത്തെ "ടവർ" എന്ന കാരാഗൃഹത്തിലേക്കയച്ചു. ജോൺ ഫിഷർ മുതലായ ധീരാത്മാക്കൾ ഈ കാരണത്താൽതന്നെ നേരത്തെ ജയിലിലടയ്ക്കപ്പെട്ടിരുന്നു. മോറിൻെറ പ്രതിഷേധം രാജാവിനു് നല്ലൊരവസരം സൃഷ്ടിച്ചുകൊടുത്തു. ഹെൻറിയുടെ നിർദ്ദേശപ്രകാരം രാജകിങ്കരന്മാരായ ന്യായാധിപന്മാർ മോറിൻെറ പേരിൽ രാജദ്രോഹക്കുററം ചുമത്തുകയും തലച്ഛേദം ചെയ്യുവാൻ വിധിക്കുകയും ചെയ്തു.

തോമസ് മോറിനെ കത്തോലിക്കാസഭ ഒരു വിശുദ്ധനായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായദാർഢ്യവും, ആദർശസ്ഥൈര്യവും നൂററാണ്ടുകളായി അനേകം പേർക്കു് പ്രകാശവും, പ്രചോദനവും നൽകിപ്പോരുന്നു. ആശയസംഘട്ടനങ്ങളും, മതമത്സരങ്ങളും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, മോർ പ്രകടിപ്പിച്ച ധൈര്യവും, അഭിപ്രായദാർഢ്യവും, ധർമ്മബോധവും നമുക്കൊരു മാതൃകയായിരിക്കട്ടെ.


## വിശുദ്ധപത്താം പീയൂസിൻെറ

അതിമനോഹരമായ

ത്രിവർണ്ണചിത്രം

സൈസ് $13\frac{1}{2}$ ഇഞ്ചു × 9 ഇഞ്ചു

—നല്ല ആട്ട്പേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ $\frac{1}{4}$ കമ്മീഷൻ.

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1





## ഇടവകവാർത്തകൾ

**എറണാകുളം:** ഡോക്ടർ പോൾ വിതയത്തിൽ (ഡൻറിസ്റ്റു്) ആധുനികോപകരണങ്ങളോടും സജ്ജീകരണങ്ങളോടുംകൂടി എറണാകുളം ഹൈക്കോർട്ടു് ജങ്ക്ഷനിൽ സമാരംഭിച്ചിട്ടുള്ള ദന്താസ്പത്രിയുടെ ആശീർവ്വാദവും ഉൽഘാടനവും ജൂലൈ 1-ാംനു- നിർവ്വഹിച്ചിരിക്കുന്നു.

**പട്ടിത്താനം:** സ്ഥലം സെൻറു് ബോനിഫാസ് സണ്ടേസ്കൂൾ അസ്സോസിയേഷൻ വാർഷികവും വിജയികളായവക്കായുള്ള സമ്മാനദാനവും രക്ഷാകർതൃദിനവും ജൂൺ 26-ാംനു- ഞായറാഴ്ച പകൽ 3 മണിക്കു സ്കൂൾഹാളിൽ വച്ചു സാഘോഷം നടത്തപ്പെട്ടിരിക്കുന്നു. റവ. ഫാദർ ലിസ്സാവോസ് B. Sc., B. T., T. O C. D. അവർകൾ ആദ്ധ്യക്ഷം വഹിക്കുകയും മെസ്സേഴ്സ് കെ. എം. ജോസഫ് ബി. എസ്സ്സി ബി. എൽ. തോമസ് മൂശാരിപറമ്പിൽ ബി. എസ്സ്സി, കുമാരി ററി. മേരി ബി. ഏ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. തദവസരത്തിൽ സൊഡാലിററിക്കും സണ്ടേസ്കൂൾ വിദ്യാത്ഥിനീവിദ്യാർത്ഥികൾക്കും വേണ്ടിയുള്ള സൗജന്യവായനശാലയുടെ ഉൽഘാടനകർമ്മവും നടത്തപ്പെടുകയുണ്ടായി.

**പുളിങ്കുന്നു:** അ. കേ. കോൺഗ്രസിൻെറ പുളിങ്കുന്നു യൂണിയൻ പ്രതിനിധിസമ്മേളനം ജൂൺ 26-ാംനു- ഞായറാഴ്ച ഉച്ചകഴിഞ്ഞു നാലരമണിക്കു പുളിംകുന്നു് സെൻറു മേരീസ് ഹാളിൽവച്ചു ശ്രീ ററി. ജോസഫ് കൊച്ചുപാലം അവർകളുടെ അദ്ധ്യക്ഷതയിൽകൂടി യൂണിയൻ പ്രസിഡൻറു്, സെക്രട്ടറി, ഖജാൻജി എന്നിവരെ ഐകകണ്ഠ്യന തെരഞ്ഞെടുത്തു,

**ആഴകം:** പൊതുജനസഹകരണത്തോടുകൂടി സ്ഥലത്തു് പ്രവത്തനം നടത്തുന്ന വിമല വായനശാലയുടെ വാർഷികം ഞാലൂക്കര സെൻറു് പീറേറഴ്സ് സ്കൂൾ ഹാളിൽവച്ചു ചീഫ് സോഷ്യൽ എഡ്യൂക്കേഷൻ ഓർഗനൈസർ ശ്രീ കെ. ജേക്കബ് ചെറിയാൻ എം. ഏ., ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. വെരി റവ. ഫാദർ ജി. പി. കവലക്കാട്ടു്, ശ്രീ എം. വക്കീ, ശ്രീ കെ. സി. ജോർജ്ജു് എന്നിവർ പ്രസംഗിച്ചു. യോഗത്തിനിടയ്ക്കു് സെൻറു് ജോർജ്ജ്സ് ബാലികാസംഘക്കാരുടെ ഡാൻസ്, വിനോദപ്രകടനം മുതലായവയും ഉണ്ടായിരുന്നു.

**കുടക്കച്ചിറ:** വി. യൗസേപ്പുപിതാവിൻെറ ദൈവാലയത്തിൽ ആണ്ടുതോറും നടത്തിവരാറുണ്ടായിരുന്ന പതിമ്മൂന്നുമണിയാരാധന കഴിഞ്ഞ ജൂൺ 21-ാംനു- ചൊവ്വാഴ്ച നടത്തുകയുണ്ടായി. അതിനോടനുബന്ധിച്ചു ഇക്കൊല്ലത്തെ ധ്യാനം ജൂൺ 15-ാംനു- ആരംഭിച്ചുനടത്തി. ധ്യാനഗുരു ബഹു. ഹൂബർട്ടു് സി. ഡി. ആയിരുന്നു.

**മേലോരം:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന കലാലയത്തിൻെറ ആഭിമുഖ്യത്തിൽ ശാസ്ത്രീയമായും, സമർത്ഥമായും ഒരു ഫ്ളൂട്ട ബാൻറു് അഭ്യസിപ്പിക്കപ്പെട്ടുവരുന്നു. സംഗീതശാസ്ത്രസമ്രാട്ടായ ശ്രീ ജെ. ഏ. വിതയത്തിലാണു് ഇതിൻെറ ഡയറക്ഷൻ നിർവ്വഹിക്കുന്നതു്.

## ചരമവാത്ത

**എടത്വാ:** ഈ ഇടവക കരിക്കംപള്ളിൽ തൊള്ളായിരത്തിൽ ശ്രീ ഔസേപ്പു വക്കീ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം തൻെറ 83-ാമത്തെ വയസ്സിൽ, ജൂൺ 27-ാംനു- കത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം 28-ാംനു- രാവിലെ 11 മണിക്കു പരേതൻെറ സഹോദരൻ റവ. ഫാദർ എവുസേബിയൂസ് അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ഒട്ടനവധി വൈദികരുടേയും ഒരു വൻപിച്ച ജനാവലിയുടേയും സഹകരണത്തോടുകൂടിയും സ്ഥലം പള്ളിസിമിത്തേരിയിൽ യഥാവിധിനടത്തപ്പെട്ടു. റവ. ഫാ ഗ്രിഗരി കരിക്കംപള്ളിൽ പരേതൻെറ സഹോദരപുത്രനും, ശ്രീ ററി. വി. ചാക്കോ ബി. ഏ. എൽ. ററി., ശ്രീ ററി. വി. ദേവസ്യാ മുതൽപേർ പരേതൻെറ മക്കളുമാണു്.

R. I. P.

## ചെറുകഥ

# ഇരുമ്പഴികളുള്ളിൽ

(എ. ജോൺ)

"ഞാൻ ദേ വരുന്നു, നിങ്ങൾ നടന്നോ" വത്സൻ റോഡിൽനിന്നും വിളിച്ചുപറഞ്ഞു. എല്ലാവരും പോയെന്നു കണ്ടപ്പോൾ അവൻ ഇടവഴിയിലേക്കു കടന്നു. ഇടത്തെ ചൂണ്ടാണിവിരൽ ചൂണ്ടി ഉന്നം നോക്കി അടുത്തു നിന്ന കോട്ടമാവിന്റെ ഉച്ചിയിൽ കിടന്ന പുള്ളിമാങ്ങയെ ലക്ഷ്യമാക്കി രണ്ടു ചീളുകൾ അയച്ചു. ഇലയും ശിഖരവും തകർത്തുകൊണ്ടു അവ ചീക്കുച്ചേട്ടന്റെ മുററത്തു ചെന്നുവീണു.

"എന്നതാടീ പെണ്ണേ ആ കേട്ടതു്?" ഒറോതച്ചേടത്തി അടുക്കളയിൽ നിന്നും വിളിച്ചു ചോദിച്ചു.

"ആണ്ടമ്മച്ചീ, ആരാണ്ടു നമ്മടെ മാത്തേലെറിയണു." പെണ്ണമ്മ വിളിച്ചുപറഞ്ഞു.

"എന്റെ ഒടേതമ്പുരാനേ, ഈ തലതെറിച്ചവന്മാരെക്കൊണ്ടു മടുത്തല്ലോ. ഒണ്ടോ വല്ലേടത്തും മാങ്ങേം മാവും! ഒന്നു ചെന്നു നോക്കടീ പെണ്ണേ അതാരാന്നു്."

പെണ്ണമ്മ മാവിൻ ചുവട്ടിലേക്കു ഓടി. "അവടെ ആരേം കണ്ടില്ലമ്മച്ചീ" അവൾ വിളിച്ചുപറഞ്ഞു.

"നീ രണ്ടു വെറകിങ്ങെടുത്തോണ്ടു വന്നേടീ." കിലും!! ഒരു കുത്ത് കരിമ്പാറക്കഷണം ഓലപ്പുരയും തുളച്ചു പുത്തൻ പാണ്ടിക്കലവും തകർത്തുകൊണ്ടു കടന്നുപോയി.

"എന്റെ ഒടേതമ്പുരാനെ, എന്റെ ചട്ടീം കലോം കളഞ്ഞല്ലോ!" ഒറോതച്ചേട്ടത്തി അടുപ്പുകല്ലും മറിച്ചുകൊണ്ടു പുറകോട്ടു വീണു.

"ആണ്ടമ്മച്ചീ ആ ബത്സൻ ദേ കാട്ടീക്കോടെ ഓടണു." പെണ്ണമ്മ വിളിച്ചുപറഞ്ഞു.

"നിന്റെ കെട്ട്യോനാടീ പൂച്ചക്കണ്ണീ." വത്സൻ തിരിഞ്ഞുനിന്നു പറഞ്ഞിട്ടു ഓടി.

"അമ്മച്ചീ, ആ ചെറക്കനെന്നെ കെട്ട്യോന്നു വിളിച്ചു. ങ്ഹീ... ങ്ഹീ...."

"എന്റെ ഒടേതമ്പുരാനേ, എന്റെ ചട്ടീം കലോം കളഞ്ഞല്ലോ. ഈ മൊതലൊള്ളവന്മാരടെ മേലം പാവങ്ങക്കു കെടക്കപ്പൊറുതിയില്ലന്നായല്ലോ. എന്താ ഇതിന്റെ ശേഷം! ഒറ കഞ്ഞിവച്ചിട്ടാന്നേ എനിക്കു സങ്കടമില്ലാന്നു."

"അമ്മച്ചീ, ഇന്നാളാചെറക്കൻ നമ്മടെ വേലി പൊളിച്ചു പറമ്പിക്കേറി." പെണ്ണമ്മ എരിയുന്ന തീയിൽ ഒരു ചുള്ളികുടിച്ചിട്ടു.

അതാ, ആ കേരവൃക്ഷങ്ങൾക്കിടയിൽ ആധുനികരീതിയിൽ പണിയിച്ചിട്ടുള്ള ഒരു ആറുമുഖപ്പൻമാളിക ഉയർന്നു നില്ക്കുന്നു. അതാ പൊതുജനസേവകനായ അന്തപ്പായുടെ ഭവനമാണു്. അന്തപ്പായും അന്നാമ്മയും കറയററ ദൈവഭക്തരാണു്. ആ ഭക്തസമ്പന്നരുടെ ദാമ്പത്യവല്ലരിയിൽ ആദ്യം മൊട്ടിട്ടതാണു് വത്സൻ. ആ പ്രണയിതാക്കൾക്കു ആൺകുട്ടികൾ പലതും ഉണ്ടായി. പക്ഷെ, വത്സന്റെ അനുജന്മാരായിരിക്കുവാൻ വിസമ്മതിക്കുമാറു അവർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകളഞ്ഞു. വിസ്തൃതമായ അന്തപ്പായിപ്പുരയിടത്തിൽ നിന്നും വിട്ടു, ആ മൊട്ടക്കുന്നിൻചരുവിലാണു് ചീക്കുച്ചേട്ടന്റെയും ഒറോതച്ചേടത്തിയുടെയും "ഓലപ്പുര." ചീക്കുച്ചേട്ടൻ ഒരു തെളിഞ്ഞ തടിവെട്ടുകാരൻ. അവരുടെ ഇളയ സന്താനമാണു് പെണ്ണമ്മ. ആലിൻ ചുവട്ടിൽ തണൽ പററിനില്ക്കുന്നചെറുചെടിപോലെ ആ കൊച്ചുകുടുംബവും അന്തപ്പായുടെ ഔദാര്യത്തിൽ സുഖദുഃഖങ്ങൾ അധികം അറിയാതെ വളർന്നുവന്നു. വത്സനും പെണ്ണമ്മയും കളിത്തോഴരാണു്. അവർ ഇരുവരും ഒരേ ക്ലാസ്സിൽ പഠിക്കുന്നവരുമാണു്.

അന്നു് സന്ധ്യയാകുവാൻ കുറെ താമസമുള്ളതുപോലെ ഒറോതച്ചേടത്തിക്കു തോന്നി. അതാ, പശ്ചിമദിക്കിനു് പതിവിൽ കൂടുതലായ ഒരു വൈകല്ല്യം. ആ വൈവർണ്ണ്യം വൃക്ഷങ്ങളുടേയും കുന്നുകളുടേയും ഉച്ചിയിൽ ചുവപ്പുരേഖ പൂശി. പക്ഷിപറവകൾ ചേക്കിരിക്കുവാൻ ശാഖകൾ നോക്കിപ്പാറന്നു. ചീവീടുകൾ ശബ്ദമുയർത്തി. ക്ഷീണിച്ചു വിവശനായ ചീക്കുച്ചേട്ടൻ അധ്വാനവും കഴിഞ്ഞു മഴു തോളിൽ വച്ചുകൊണ്ടു മുററത്തേക്കു കയറി. ഒറോതച്ചേടത്തി പൊട്ടിയ കലവും എടുത്തുകൊണ്ടു തിണ്ണയിലേക്കു ഇറങ്ങി.

"പിന്നേ, നിങ്ങളെന്തിനാ ഇങ്ങനെ പോത്തുപണിയുമ്പോലെ പണിയണെ, ദേ, നോക്കു്, ഒറക്കഞ്ഞിവച്ചിട്ടാന്നേ എനിക്കു സങ്കടമില്ലാന്നു; ഇതു ഇന്നും ഇന്നലേം തൊടങ്ങിയ നശിപ്പീരാണോ."

"എന്നതാടീ?" ചീക്കുച്ചേട്ടനു കാര്യം മനസ്സിലായില്ല.

"ദേണ്ടേ, ആ മൊതലാളീടെ ആ കുരുത്തംകെട്ട ചെറക്കൻ കല്ലുവലിച്ചെറിഞ്ഞതു്! ഇങ്ങനെയായാല്ലു് എങ്ങനെ ഇവിടെ കഴിയും. ഇന്നാളാ ചെറക്കൻ വേലി ഒരു നീളം പൊളിച്ചു കളഞ്ഞു. ആ കൊടിച്ചിപ്പട്ടീടെ കാലെറിഞ്ഞൊടിച്ചു. പാവങ്ങളാന്നു വെച്ചു അങ്ങനെയങ്ങു മുതുകത്തു കേറിയാലോ! അവന്റെ അപ്പൻ കണ്ട മൊതലല്ലേ നമ്മളു തിന്നണതു്!... നിങ്ങളെന്നാ ഈ മൂങ്ങ പാറന്നപോലെ നില്ക്കണെ? നിങ്ങടെ വായി നാക്കില്ലെ ഇതൊന്നു ചോദിക്കാൻ?"

ചീക്കുച്ചേട്ടന്റെ ക്ഷീണിച്ചു വരണ്ട സിരകളിൽ രക്തം തിളച്ചു. ദേഹം വിറയ്ക്കുന്നതുപോലെ തോന്നി. ആ ചെറുക്കനെ വലിച്ചിറക്കി മഴുവിന്റെ കടയ്ക്കു ഒററ വീക്കു കൊടുക്കുവാൻ അയാൾക്കു തോന്നി. പക്ഷെ, അതു് കുറെ കഠിനമാണെന്നും അയാൾക്കു തോന്നി. "പാവങ്ങക്കും കെടന്നു പൊറുക്കണമല്ലോ" അയാൾ മഴു തിണ്ണയിൽ വച്ചിട്ടു യാതൊന്നും മിണ്ടാതെ അന്തപ്പായുടെ മാളികയെ ലക്ഷ്യമാക്കി നടന്നു. ആ ശോഷിച്ച ശരീരം അപ്പോഴും വിറയ്ക്കുന്നുണ്ടായിരുന്നു. ആ മുതലാളിയോടു എന്തു പറയണമെന്നു് യാതൊരു ബോധവും അയാൾക്കില്ലായിരുന്നു. ആ ശരീരം നീറിക്കൊണ്ടിരിക്കുന്നു. പെട്ടെന്നു ചീക്കുച്ചേട്ടന്റെ ചിന്തകൾ പൂർവ്വസ്മരണയിലേക്കു നീങ്ങി. അന്നു ആ പാലമരത്തിന്റെ ശിഖരം മുറിക്കുകയിൽ താൻ അടിയിലും ശിഖരം മുകളിലുമായി വീണ സംഭവം. അന്നു അന്തപ്പായല്ലായിരുന്നുവെങ്കിൽ ചീക്കുവിന്റെ അസ്ഥികൾ ഇപ്പോൾ ദ്രവിച്ചുതുടങ്ങുമായിരുന്നു. ആ കൊടുംകാററു, ചീക്കുവിന്റെ "ഓലപ്പുര"യുടെ മേൽക്കൂരയെടുത്തു് അമ്മാനമാടിയപ്പോൾ ആരാണു് തനിക്കു സഹായഹസ്തം നീട്ടിയതു്? ആ മനുഷ്യസ്നേഹിയുമായി ഏററുമുട്ടുകയോ? ചീക്കുച്ചേട്ടനു ലജ്ജയും പശ്ചാത്താപവും തോന്നി. അയാൾ വന്ന വേഗതയിൽ തന്നെ "ഓലപ്പുര"യിലേക്കു തിരിച്ചു.

"അമ്മച്ചീ, ഇന്നു ഞങ്ങക്കു പരീച്ചയാ, ഇനിക്കു നേരത്തെ പോണം." പെണ്ണമ്മ തിടുക്കംകാണിച്ചു. ഒറോതച്ചേടത്തി അതു കേട്ടതായി ഭാവിച്ചില്ല. പെണ്ണമ്മ പാറമഷിയിട്ടു സ്ലേററു വൃത്തിയാക്കി. അന്നവൾക്കു ഏററം സന്തോഷകരമായ ഒരു ദിവസമായിരുന്നു. കാരണം, വല്യപെരുന്നാളിനു് വാങ്ങിസൂക്ഷിച്ചുവച്ചിരുന്ന പുത്തൻ കല്ലുപെൻസിൽ കൊണ്ടു അന്നാദ്യമായി എഴുതുവാൻ പോകയാണു്. അവൾ പതിവിൽ നേരത്തെ സ്കൂളിലേക്കു തിരിച്ചു. ഇടവഴിയിൽ പ്രവേശിച്ചപ്പോൾ അതാ, വൽസനും വന്നുകഴിഞ്ഞു.

"ഇന്നലെ നിന്റെ അമ്മച്ചിയോടു പറഞ്ഞിട്ടു ഇനിക്കെന്നാ പാററീടി, പൂച്ചക്കണ്ണീ, മുതുപൂച്ചക്കണ്ണീ."

പെണ്ണമ്മയുടെ അഭിമാനം ചൊടിച്ചു.

"നീയാ പൂച്ചക്കണ്ണൻ"

"എന്തടീ നീ പറഞ്ഞതു്?" വൽസൻ അവളുടെ പക്കലേക്കു ഒററച്ചാട്ടം. പുത്തൻ കല്ലുപെൻസിൽ വാങ്ങി നിലത്തെറിഞ്ഞു താടിക്കു ഒരു തട്ടും കൊടുത്തിട്ടു അവൻ സ്ഥലംവിട്ടു.

"എൻറമ്മച്ചീയേ, എന്റെ കല്ലുപെനസിലേ" അവളുടെ ആ പിഞ്ചുഹൃദയം നീറി. അവൾ വീട്ടിലേക്കു തിരിച്ചു. ചൂലുകെട്ടിക്കൊണ്ടിരുന്ന ഒറോതച്ചേടത്തിക്കു പൊള്ളൽ ഏററതുപോലെ തോന്നി. അവൾ വേലികെട്ടിലേക്കു ഓടി.

"മോളേ, പെണ്ണേ, എന്നാടീ?"

"എന്റെ കല്ലുപെനസ്സിലേ!" ങ്ഹീ......ങ്ഹീ......

"എന്നാടീ പെണ്ണേ?"

"ആ ചെറക്കൻ എന്റെ കല്ലുപെനസ്സിലൊടിച്ചു, എന്നെ പോരുകുത്തി."

"ഏതു ചെറുക്കനാടീ?"

"ആ ബൽസൻ."

"എന്റെ തമ്പുരാനേ! ആ കുരുത്തംകെട്ട ചെറക്കനെക്കൊണ്ടു മടുത്തല്ലോ. അവൻ കൊണംവരാതെപോണേ. പുള്ളേരേം വഴിക്കു നടത്തുല്ലല്ലോ. എന്തിനാ മോളെ ഇതൊക്കെ പറേണെ. നിന്റെ അപ്പന്റെ വായില നാക്കൊണ്ടാന്നേ ഇതൊന്നും ഒണ്ടാകുല്ലാന്നു. എന്റെ മോളേ! നീ ആ മീശയുള്ള സാറിനോടു പറ. അവന്റെ പൊറത്തു് പാള വച്ചുകെട്ടിക്കോളും."

"ഞാൻ പറയുല്ല, ഇനിക്കു പേടിയാകും."

"നിന്നെയെന്നാടീ അയാളു തിന്നോ. നീ പറഞ്ഞില്ലേ ആക്കാഞ്ചേതം. നീ വല്ല ചെറക്കന്മാരടേം ഇടികൊണ്ടു ചാകു്."

ഒറോതച്ചേടത്തി തിരിഞ്ഞു നടന്നുകഴിഞ്ഞു. "എന്റെ കല്ലുപെനസ്സലേ!" പെണ്ണമ്മ ഉറക്കെക്കരഞ്ഞു. ആ രോദനം മാതൃഹൃദയത്തെ വേദനപ്പെടുത്തി. എങ്കിലും ഒറോതച്ചേടത്തി തിരിഞ്ഞുനോക്കാതെ നടന്നു. ആ പിഞ്ചുഹൃദയത്തിന്റെ വിലാപം ശ്രവിക്കുവാൻ ആരുമില്ലായിരുന്നു. ചുററും നിന്ന കേരവൃക്ഷങ്ങൾ കൈകൾ വീശി അവളെ സമാശ്വസിപ്പിച്ചു. ആ പുളിമാവിന്റെ ഉച്ചിയിൽനിന്നും ഒരു വാടമാങ്ങ നിലംപതിച്ചു. അവളുടെ കരച്ചിൽ ശമിച്ചു. ആ മാങ്ങയും എടുത്തുകൊണ്ടു് അവൾ സ്കൂളിലേക്കു നടന്നു.

സംസ്കാരചിത്തരും സാധുജനസേവകരും കുലീനരും ദൈവപേടിയുള്ളവരും ജനിച്ച കുടുംബത്തിലാണു് വൽസൻ പിറന്നതു്.

എങ്കിലും പരുപരുപ്പും നിർഭയത്വവും വക്രതയും അവനിൽ ചെറുപ്പത്തിലേ പ്രത്യക്ഷപ്പെട്ടുതുടങ്ങി. സ്കൂളിൽ അദ്ധ്യാപകന്മാർക്കു ഭാരമായി തോന്നി. സഹപാഠികൾക്കും ഒരു വയ്യാവേലിയായി തീർന്നു. മാതാപിതാക്കന്മാരുടെ പക്കൽ പലരും വൽസനെപ്പററി പരാതിപ്പെട്ടു. വൽസനെ വിളിച്ചു ആ പിതാവു് ഗുണദോഷിച്ചു. എങ്കിലും ആ ഹൃദയത്തെ വേദനിപ്പിക്കുവാൻ അവർക്കു മനസ്സുവന്നില്ല, പ്രായമാകുമ്പോൾ വ്യത്യാസപ്പെട്ടുകൊള്ളും എന്നവർ പ്രത്യാശിച്ചു. എന്നാൽ ആ പുത്രനിലാകട്ടെ യാതൊരു ഭാവഭേദവും കാണപ്പെട്ടിരുന്നില്ല. ചാണകക്കുഴിയിൽ നടപ്പെട്ട മലവാഴപോലെ അവൻ തഴച്ചുകയറി വന്നു.

കാലം സംഭവഗതികളെ മുറിച്ചുകൊണ്ടു മുമ്പോട്ടുനീങ്ങി. ഇന്നു വൽസൻ ഉപരിപഠനാർത്ഥം വിദൂരതയിലാണു്. കൗമാരത്തിന്റെ കാന്തിപ്രചുരിമ അവന്റെ മുഖകമലത്തിൽ വെള്ളവീശി. ജീവിതയാഥാർത്ഥ്യങ്ങൾ തമ്മിൽ കൂട്ടിയിടയുന്ന കാലഘട്ടം. മാതാപിതാക്കന്മാരിൽനിന്നും കേട്ടതുപലതും വെറും പൊള്ളത്തരമായി ആ അഭ്യസ്തവിദ്യനു തോന്നി. സന്മാർഗ്ഗമൂല്യങ്ങളെ അവൻ ഓടയിലേക്കു വലിച്ചെറിഞ്ഞു. നാണയങ്ങളുടെ കിലുകിലാരവത്തിൽ അയാൾ മനുഷ്യന്റെ വ്യക്തിത്വം വിഭാവനം ചെയ്തു. വൽസൻ അറിയാതെതന്നെ അവനു ധാരാളം സ്നേഹിതന്മാർ ഉണ്ടായി. അവധിക്കാലങ്ങളിൽ അവൻ വീട്ടിൽ വരും. പക്ഷെ, ജലത്തിൽനിന്നും എടുക്കപ്പെട്ട മത്സ്യത്തെപ്പോലെ അവനൊരു വിമ്മിട്ടം. അതുകൊണ്ടു് ഓരോ കാരണങ്ങൾ പറഞ്ഞു അവൻ വേഗം തിരികെപ്പോകും. ആ വത്സലമാതാപിതാക്കന്മാർ തങ്ങളുടെഓമനസുതനെ ഒന്നു കൺകുളിർക്കെ കാണുവാൻ വളരെ കൊതിച്ചു. അവരോടു സംസാരിക്കുന്നതു കേൾക്കുവാൻ അവരുടെ കർണ്ണങ്ങൾ കൊതിച്ചു.


അന്നു പതിവുപോലെ ക്രിസ്തുമസ്സു് അവധിക്കു വത്സൻ വീട്ടിൽവന്നു. എങ്കിലും ക്രിസ്തുമസ്സിനു തലേദിവസംതന്നെ അവൻ തിരിച്ചുപോയി. അതാ! ആ മോഹനസുദിനം സമാഗതമായി. അന്തപ്പായും അന്നാമ്മയും പതിവുപോലെ അർദ്ധരാത്രിയിൽ പള്ളിയിൽപോയി. അന്നവർക്കു ആ ദിവ്യഉണ്ണിയോടു വളരെയധികം കാര്യങ്ങൾ പറയുവാനുണ്ടായിരുന്നു. തങ്ങളുടെ ഓമനസുതനുവേണ്ടി ആ ഹൃദയങ്ങൾ ചുട്ടു പ്രാർത്ഥിച്ചു.

അവർ വീട്ടിലെത്തിയപ്പോൾ ഏകദേശം പ്രഭാതമായിരുന്നു. അയ്യോ! അറപ്പുരയുടെ വാതിൽ തുറന്നുകിടക്കുന്നതുപോലെ അന്തപ്പായ്ക്കു തോന്നി. അയാളുടെ കണ്ണുകളിൽ കൊള്ളിയാൻ മിന്നി. ശീഘ്രം അയാൾ വാതുക്കലേക്കു നീങ്ങി. ബലമായി ബന്ധിക്കപ്പെട്ടിരുന്ന കതകുകൾ തുറന്നുകിടക്കുന്നതായിട്ടാണു കണ്ടതു്. അന്തപ്പായുടെ തല കറങ്ങുന്നതുപോലെ തോന്നി. അയാൾ അറപ്പുരയിലേക്കു കയറി. പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന സാധനങ്ങൾ മുറിയിൽ ചിതറിക്കിടക്കുന്നു. അക്കൂട്ടത്തിൽ ആഭരണങ്ങൾ സൂക്ഷിക്കപ്പെട്ടിരുന്ന ചെറുപേടകവും. "എന്റെ ദൈവമേ!" അന്നാമ്മയുടെ മനോവേദന ഹൃദയഭിത്തികളെ ഭേദിച്ചു. അവർ പരസ്പരം നോക്കി. പക്ഷെ ഒന്നും ശബ്ദിക്കുവാൻ സാധിച്ചില്ല. ഈ സമയത്തിനുള്ളിൽ ചീക്കുച്ചേട്ടൻ തുടങ്ങി ആളുകൾ പലരും അവിടെ ഓടിയെത്തി.

## ഉപകാരസ്മരണ

പരിശുദ്ധകന്യകമറിയത്തിന്റെയും ശുദ്ധീകരത്തിലെ ആത്മാക്കളുടേയും മാദ്ധ്യസ്ഥംമൂലം എന്റെ സഹോദരപുത്രൻ ജോസു് ബി. എ. പാസ്സായതിനു് ഉപകാരസ്മരണ.

കെ. ജെ. ത്രേസ്യ, ഒല്ലൂർ



തിരുസഭാചരിത്രം 74

# തിരുസ്സഭ 4-ം 5-ം ശതാബ്ദങ്ങളിൽ

## ജ്ഞാനസ്നാനം

[പ്രൊഫസർ പി. ററി. തോമസ് എം. എ.]

തിരുസഭയിലെ അംഗമായി തീരുന്നതിനു ദീർഘനാളത്തെ ശിക്ഷണവും പഠനവും ആവശ്യമായിരുന്നു. അവസാനം ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, പ്രഥമദിവ്യകാരുണ്യസ്വീകരണം എന്നീ കർമ്മങ്ങളോടുകൂടി ഒരാൾ ക്രിസ്ത്യാനിയായിത്തീരുന്നു.

മാമ്മോദീസായ്ക്കു മുൻപുള്ള ശിക്ഷണകാലത്തിനു് അദ്ധ്യയനകാലം (Catechumenate) എന്നു പറയുന്നു. അദ്ധ്യേതാവാകുവാൻ ആഗ്രഹിക്കുന്ന ഒരാൾ അതിനായി നിർദ്ദിഷ്ടഫാറത്തിൽ ഒരു അപേക്ഷയെഴുതി മെത്രാൻെറ പക്കൽ സമർപ്പിക്കണം. മെത്രാൻ അപേക്ഷകൻെറ ജീവിതരീതിയേയും മററും സംബന്ധിച്ചു് വേണ്ട അന്വേഷണങ്ങൾ നടത്തുന്നു. അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ സത്യസന്ധതയ്ക്കും ക്രിസ്തീയമായ മററു ഗുണങ്ങൾക്കും അനുയോജ്യമല്ലെങ്കിൽ അതിനെ പരിവർജ്ജിക്കുവാൻ മെത്രാൻ അയാളോടാവശ്യപ്പെടുന്നു. അങ്ങനെ എല്ലാവിധത്തിലും തൃപ്തികരമെന്നു ബോദ്ധ്യപ്പെട്ടാൽ മെത്രാൻ അയാളെ അദ്ധ്യേതാവു് (Catechumen) ആയി സ്വീകരിക്കുന്നു. ഈ സ്വീകരണം സംബന്ധിച്ചു് ചില മുറകളുണ്ടായിരുന്നു. പിശാചിനെ ഒഴിക്കുന്ന ചില മന്ത്രോച്ചാരണങ്ങൾ, നെററിയിൽ കുരിശിൻെറ അടയാളം വരയ്ക്കുക, ശിരസ്സിൽ കാർമ്മികൻെറ കൈകൾ വയ്ക്കുക, സ്വീകരിക്കപ്പെടുന്ന ആളിൻെറ നാവിന്മേൽ അല്പം വാഴ്ത്തിയ ഉപ്പു വയ്ക്കുക എന്നിവയായിരുന്നു മുറകൾ. ആ നിമിഷംമുതൽ അദ്ധ്യേതാവു് ക്രൈസ്തവസമൂഹത്തിലെ ഒരംഗമായി പരിഗണിക്കപ്പെടുന്നു. ശ്രോതാവു് (Auditor-Listener) എന്നാണു് അയാൾ വിളിക്കപ്പെടുന്നതു്. അദ്ധ്യേതാക്കളുടെ കുർബാന (Mass of the Catechumens) അവസാനിക്കുന്നതോടുകൂടി അദ്ധ്യേതാക്കൾ എല്ലാവരും ദൈവാലയത്തിൽനിന്നും ഇറങ്ങിപ്പോകണമെന്നായിരുന്നു നിയമം. എന്നാൽ ഇങ്ങനെ പിരിഞ്ഞുപോകുന്നതിനുമുൻപായി കാർമ്മികനായ മെത്രാൻ അവരുടെമേൽ കൈവച്ചു് അനുഗ്രഹിച്ചിരുന്നു.

ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുമുൻപുള്ള ഈ പരിശീലനഘട്ടത്തിൻെറ കാലദൈർഘ്യം ഓരോ രാജ്യത്തിലും വ്യത്യസ്തമായിരുന്നു. സ്പെയിനിൽ രണ്ടു സംവത്സരവും പൗരസ്ത്യരാജ്യങ്ങളിൽ മൂന്നുമായിരുന്നു കാലദൈർഘ്യം. ഈ കാലത്തു് വേദാദ്ധ്യാപകന്മാരിൽ (Catechists) നിന്നും അദ്ധ്യേതാക്കൾ മതബോധനം സ്വീകരിച്ചിരുന്നു. അദ്ധ്യയനം പൂർത്തിയായിക്കഴിയുമ്പോൾ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുള്ള പ്രത്യേകശിക്ഷണം സ്വീകരിക്കുന്നവരുടെ ഗണത്തിൽ പ്രവേശനം ലഭിക്കുന്നതിനായി അദ്ധ്യേതാവു് അപേക്ഷസമർപ്പിക്കുന്നു. ഈ കൂട്ടരെ തെരഞ്ഞെടുക്കപ്പെട്ടവർ (the Elec.) എന്നു വിളിച്ചിരുന്നു. പലരും ഈ അപേക്ഷാസമർപ്പണം മരണാസന്നരാകുന്ന ഘട്ടംവരേക്കും നീട്ടിക്കൊണ്ടുപോകുന്നതിൽ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ബഹുദൈവമതത്തിനെതിരായി ചക്രവർത്തിമാർ സ്വീകരിച്ച മർദ്ദനനടപടികളുടെ ഫലമായി അസംഖ്യമാളുകൾ അക്കാലത്തു് സഭയിൽ അദ്ധ്യേതാക്കളായി ചേർന്നിരുന്നു. ഇവരിൽ അധികംപേർക്കും ക്രിസ്തീയജീവിതം നയിക്കുന്നതിൽ തീക്ഷ്ണമായ അഭിനിവേശമുണ്ടായിരുന്നില്ല. അദ്ധ്യയനകാലം കഴിയുന്നത്ര നീട്ടിക്കൊണ്ടുപോകുന്നതിൽ അവർക്കു വലിയ താല്പര്യമായിരുന്നു. അത്രയുംകാലം കേവലം അദ്ധ്യേതാക്കളായി കഴിഞ്ഞുകൂടുവാനും ബഹുദൈവമതത്തിലെ ആചാരങ്ങൾ തുടർന്നുകൊണ്ടുപോകുവാനും അവർക്കു സാധിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ക്രൈസ്തവമാതാപിതാക്കന്മാർപോലും അവരുടെ സന്താനങ്ങളെ ശൈശവത്തിൽത്തന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിൽ വിമുഖരായിരുന്നു. എന്നാൽ തിരുസ്സഭ ഈ അനാശാസ്യമായ ഗതിക്കു വിരാമമിടുവാൻ നിശ്ചയിച്ചു. അദ്ധ്യയനകാലം പൂർത്തിയാക്കിയ അദ്ധ്യേതാക്കൾ അടുത്തുവരുന്ന ഉയിർപ്പുതിരുനാളിൽ ജ്ഞാനസ്നാനം സ്വീകരിക്കത്തക്കവണ്ണം തെരഞ്ഞെടുക്കപ്പെടുവാനുള്ള അപേക്ഷ കാലേകൂട്ടി സമർപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും സഭ നൽകി. അഞ്ചാംശതാബ്ദത്തിൻെറ പ്രാരംഭഘട്ടമായപ്പോഴേക്കും ശിശുക്കളുടെ ജ്ഞാനസ്നാനം സഭയിൽ സാർവ്വത്രികമായിത്തീരുകയുംചെയ്തു.

തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യേതാക്കൾ മെത്രാൻെറ പക്കൽ പാപസങ്കീർത്തനം നടത്തുകയും തുടന്നു് കൂടുതൽ മതബോധനം സ്വീകരിക്കയും ചെയ്യുന്നു. ഇതിനുശേഷം ക്രിസ്തീയവിശ്വാസപ്രമാണത്തെ ആസ്പദമാക്കിയുള്ള പ്രത്യേകവിശദീകരണങ്ങളും ഉൽബോധനങ്ങളും അവർക്കു നൽകപ്പെടുന്നു. ഈ ഘട്ടത്തിൽ മെത്രാൻ അവരുടെമേൽ പലപ്രാവശ്യം കൈവച്ചു പ്രാർത്ഥിക്കുക പതിവായിരുന്നു. കൂടാതെ പിശാചിൻെറ ഉപദ്രവങ്ങളിൽനിന്നും അവരെ സംരക്ഷിക്കുന്നതിനായി പ്രത്യേകമായ മന്ത്രോച്ചാരണങ്ങളും അവരുടെമേൽ നടത്തപ്പെട്ടിരുന്നു.

ആദിമസഭയിൽ ജ്ഞാനസ്നാനത്തിനു പ്രാരംഭമായുള്ള ശിക്ഷണങ്ങൾ നൽകിയിരുന്നതു് വലിയനോയ്മ്പിൻെറ (Lent) കാലത്താണു്. ഉയിർപ്പുതിരുനാളിലും പന്തക്കുസ്താ ഞായറാഴ്ചയും മാത്രമേ ജ്ഞാനസ്നാനം നൽകപ്പെട്ടിരുന്നുള്ളു. ജ്ഞാനസ്നാനമണ്ഡപം (Baptistry) എന്നു പേരുള്ള ഒരു കപ്പേള അതിനായി പ്രത്യേകം സജ്ജീകരിക്കപ്പെട്ടിരുന്നു. കൂദാശ സ്വീകരിക്കുന്ന ആളിൻെറ ശിരസ്സു് ജലത്തിൽ നിമജ്ജനം ചെയ്തുകൊണ്ടാണു് ജ്ഞാനസ്നാനം നൽകിയിരുന്നതു്. കാർമ്മികൻ കൂദാശാർത്ഥിയുടെ ശിരസ്സു് ഒരു കുഴലിൽ (Tap) നിന്നും വീഴുന്ന ജലധാരയോടു ചേർത്തുപിടിക്കുകയോ അല്ലെങ്കിൽ കൽത്തൊട്ടിയിൽ ശേഖരിച്ചിരിക്കുന്ന ജലം ഒരു പാത്രംകൊണ്ടു കോരി അയാളുടെ ശിരസ്സിൽ ഒഴിക്കുകയോ ചെയ്യുന്നു. പിന്നീടു് ദ്വിവിധത്തിലുള്ള തൈലാഭിഷേകം നടത്തപ്പെടുന്നു. ആദ്യത്തേതു് ജ്ഞാനസ്നാനകർമ്മത്തിൻെറ അംശമാകയാൽ ഒരു സാധാരണവൈദികനാണു നടത്തിയിരുന്നതു്. രണ്ടാമത്തെ തൈലംപൂശൽ സ്ഥൈര്യലേപനമെന്ന കൂദാശയുടെ അംശമാകയാൽ അതു മെത്രാനും നിർവ്വഹിച്ചുപോന്നു. അങ്ങനെ ജ്ഞാനസ്നാനത്തോടുകൂടിത്തന്നെ സ്ഥൈര്യലേപനവും നൽകുകയായിരുന്നു അക്കാലത്തെ പതിവു്. പൗരസ്ത്യസഭകളിൽ ഒരു വൈദികൻതന്നെയാണു് രണ്ടു കൂദാശകളും നൽകിയിരുന്നതു്. കൂദാശകൾ സ്വീകരിച്ചവർ തുടർന്നു വിശുദ്ധ കുർബാനയിൽ സംബന്ധിക്കയും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യുന്നു. കൂദാശകൾ സ്വീകരിച്ചവരോടുള്ള ബഹുമാനത്തെ സൂചിപ്പിക്കുവാനായി പാലും തേനും വാഴ്ത്തുകയെന്നൊരു ചടങ്ങുമുണ്ടായിരുന്നു. ദിവ്യകാരുണ്യം നൽകിക്കഴിഞ്ഞശേഷം ഇവയും വിശ്വാസികൾക്കായി വിതരണം ചെയ്യപ്പെട്ടിരുന്നു.

---

"ആരോ അന്തപ്പായുടെ പുരമുറിച്ചുകൊണ്ടു കടന്നുകളഞ്ഞു" എന്ന വാർത്ത കാട്ടുതീപോലെ പടർന്നു. പോലീസുകാർ വന്നു വീടുപരിശോധനനടത്തി. വിവിധ സ്ഥലങ്ങളിലേക്കു ഫോൺചെയ്തു. അന്വേഷണം ഊർജ്ജിതമായി നടന്നു. ശത്രുവിനെപ്പോലും സ്നേഹബുദ്ധ്യാ വീക്ഷിച്ചിരുന്ന അന്തപ്പായ്ക്കു ആ കള്ളനോടു എന്തെന്നില്ലാത്ത ഒരു വെറുപ്പു്. അവൻ പ്രഹരമേററു പുളയുന്നതു കാണുവാൻ അയാൾ ആഗ്രഹിച്ചു.

പതിവുപോലെ പിറേറദിവസവും അന്തപ്പാ ദേവാലയത്തിൽ പോയി. മടങ്ങിവരികയിൽ കേട്ടു: "തൊണ്ടിസഹിതം കള്ളനെ പിടികൂടി"യെന്നു്. അന്തപ്പായ്ക്കു വലിയ സന്തോഷവും സമാധാനവുമുണ്ടായി. തൻെറ പ്രാർത്ഥനയ്ക്കു ഇത്രവേഗം പ്രതിസമ്മാനം നൽകിയ ആ ജഗന്നിയന്താവിനെ അയാൾ സ്തുതിച്ചു. അയാൾ നേരെ സ്റ്റേഷനിലേക്കു നടന്നു. ആ കള്ളനെ പിടികൂടിയ പോലീസു് കേശുപിള്ളയെ അന്തപ്പാ സ്റ്റേഷനിൽവച്ചു കണ്ടുമുട്ടി. ആ സേവനസമ്പന്നനോടു എങ്ങനെ കൃതജ്ഞത കാണിക്കേണ്ടു. അവിടെ ഏതാനും പച്ചനോട്ടുകൾ കൈമാറി. പ്രത്യേക അനുമതിവാങ്ങി അന്തപ്പാ ജയിലിനു സമീപത്തേക്കു നയിക്കപ്പെട്ടു. അതാ! ആ കാരിരുമ്പഴിക്കുള്ളിൽ ഒരു മനുഷ്യരൂപം നില്ക്കുന്നു. നിർദ്ദയമായ മർദ്ദനമേററു മുഖം വീർത്തും കണ്ണുകൾ കലങ്ങിയുമിരുന്നു. അന്തപ്പാ ജയിലഴിക്കിടയിലൂടെ ആ കള്ളനെ ഉററുനോക്കി. ആ മനുഷ്യരൂപമാകട്ടെ പെട്ടെന്നു മുഖം തിരിച്ചുകളഞ്ഞു. അന്തപ്പായുടെ ഹൃദയസ്പന്ദനം നിലയ്ക്കുന്നതുപോലെ തോന്നി. അയാൾ എന്തോ പറയുവാൻ ചുണ്ടുകൾ വിടർത്തി. എങ്കിലും നാവു ചലനരഹിതമായി കാണപ്പെട്ടു. വേപഥുപൂണ്ട ആ ശരീരം പുറകോട്ടു ചരിഞ്ഞു. "അപ്പച്ചാ!" ഹൃദയാർദ്രമായ ഒരു ദയനീയരോദനം ആ കരിംഭിത്തിക്കുള്ളിൽനിന്നും ഉയർന്നു.... ... ... ............ , ... ... ... ആ കലങ്ങിയ കണ്ണുകളിൽനിന്നും ചുടുനീർ ധാരധാരയായി പ്രവഹിച്ചു. വിത്തുതടിച്ച ആ അധരങ്ങൾ തണുത്തു മരവിച്ച അന്തപ്പായുടെ വദനത്തിൽ പലവുരു പതിച്ചു. പകുതിമാത്രം തുറന്നിരുന്ന ആ പിതൃനയനങ്ങളിൽ രണ്ടു കണ്ണുനീർത്തുള്ളികൾ അപ്പോഴും വററാതെ ഘനീഭവിച്ചിരുന്നു.

---

# "എനിക്കു് കത്തോലിക്കാസഭയിൽ ചേരണം"

(മിസ്സ് കെ. സി. ഗ്രേസ്)

ഇന്നു കേരളത്തിൻെറ പല ഭാഗത്തും പുനരൈക്യപ്പെട്ട കത്തോലിക്കാ കുടുംബങ്ങളും വ്യക്തികളും ധാരാളമുണ്ടു്. നി. വ. ദി. ശ്രീ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യവും പുനരൈക്യസംരംഭങ്ങളും താരും തളിരുമണിഞ്ഞു നില്ക്കുന്നു. പല മതവിഭാഗങ്ങളിൽ ഉൾപ്പെട്ടു നില്ക്കുന്ന കുടുംബങ്ങൾ ഒരു പ്രദേശത്തു കണ്ടെന്നു വരാം. എന്നാൽ വിവിധമതവിശ്വാസാചാരങ്ങൾ പാലിച്ചു് ഒരു കുടുംബത്തിൽ തന്നെ വസിക്കുന്ന സഹോദരീസഹോദരങ്ങൾ ഇന്നു വിരളമല്ല മദ്ധ്യതിരുവിതാംകൂറിൽ. ഒരു ഭവനത്തിൽ അപ്പൻ യാക്കോബായക്കാരനും അമ്മ മർത്തോമ്മാക്കാരിയും ജ്യേഷ്ഠപുത്രൻ പെന്തിക്കോസ്തുപാസ്റ്ററും ഇളയമകൾ കത്തോലിക്കാ കന്യാസ്ത്രീയും ആയി കഴിഞ്ഞുകൂടുന്നു. ഇതു് മനുഷ്യൻെറ വിശാലമനസ്ഥിതിയെയോ മതജ്ഞാനരാഹിത്യത്തെയോ ഏതിനെയാണു് പ്രകടിപ്പിക്കുന്നതെന്നു് അറിഞ്ഞുകൂടാ. അവനവൻെറ ഇച്ഛയേയും സ്വാതന്ത്ര്യത്തേയും അനുകൂലിക്കുന്ന വിധം നിയമങ്ങളുള്ള സഭയിൽ ചേരുക. അവിടെനിന്നു ഒത്തുപോലെ ദൈവത്തെ സേവിക്കുക. അഥവാ ചില അതിരുകളും വരമ്പുകളും ചമച്ചു് ദൈവത്തെ അതിൽ നിറുത്തി സേവിക്കുക. തങ്ങൾ സമപ്പിക്കുന്നതുകൊണ്ടു് ദൈവം തൃപ്തിപ്പെട്ടുകൊള്ളണം; അതിൽ കൂടുതൽ ഒന്നും ദൈവം ഇങ്ങോട്ടു ആവശ്യപ്പെട്ടുകൂടാ.

"എനിക്കും കത്തോലിക്കാസഭയിൽ ചേരണം." എൻെറ അടങ്ങാത്ത ആഗ്രഹം, ഒതുങ്ങാത്ത ആശ, ഞാൻ മാതാപിതാക്കളെ അറിയിച്ചു. നല്ല ആരോഗ്യമില്ലാത്ത ഒരു യുവതിയാണു് ഞാൻ. യുവതിയായില്ല. ബാല്യദശയെ പിന്നിട്ട ഒരുവൾ. എൻെറ ആഗ്രഹം കേട്ടപ്പോഴേക്കും കുടുംബാന്തരീക്ഷം ഒന്നു കറുത്തിരുണ്ടു. ഉഗ്രമായ കൊടുങ്കാററിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. "നിനക്കു കത്തോലിക്കാസഭയിൽ ചേരണം അല്ലേ?" ഞാൻ പേടിച്ചു നടുങ്ങി. അപ്പൻെറയും അമ്മയുടേയും നേരേനിന്നു ഞാൻ സംസാരിച്ചിട്ടില്ല. ഇളയമകളും രോഗിണിയുമായ എന്നോടു അവർക്കനുകമ്പയുണ്ടു്. ഞാൻ അതിനെ ഒരിക്കലും ദുഷണം ചെയ്തിട്ടില്ല.

എൻെറ സഹോദരിമാരിൽ പലരേയും കത്തോലിക്കസഭയിൽപെട്ട പുരുഷന്മാരായിട്ടാണു് ബന്ധിച്ചുവിട്ടതു്. ചിലർ വിവാഹശേഷം തിരുസഭാതരുവോടു് ഒട്ടിക്കപ്പെട്ടു. എൻെറ മാതാപിതാക്കൾക്കു് അശേഷവും വൈമനസ്യം ഇല്ലായിരുന്നു അവരുടെ മതം മാററത്തിൽ. ഒരു സഹോദരിയുടെ വിവാഹത്തിനു, ഇടവകക്കാർ പിണങ്ങി; വികാരിയച്ചൻ ക്ഷോഭിച്ചു. അപ്പച്ചൻ കുലുങ്ങിയില്ല. "സി. എം. എസ്സിലും യാക്കോബായിലും ഓർത്തഡോക്സിലും പെന്തിക്കോസ്തിലും ഒരു മർത്തോമ്മാക്കാരനു മകളെ കെട്ടിക്കാം. അവിടെന്നിന്നെല്ലാം പെൺകുട്ടികളെ സ്വീകരിക്കാം. എന്നാൽ ആഭിജാത്യവും തികഞ്ഞ യാഥാർത്ഥ്യവുമുള്ള കത്തോലിക്കസഭയിൽനിന്നുമായിക്കൂടേ?" അപ്പച്ചൻ അവരോടു ചോദിച്ചു. "അത്ര മൂത്തുവന്നാൽ ഞാനും നാളെ അവിടെ." അവർതന്നെ ശാന്തരായി. "ഒരു അംഗം നഷ്ടപ്പെട്ടാലും സാരമില്ല ചാക്കോച്ചൻെറ കുടുംബം മുഴുവനും പോകുവാൻ അനുവദിച്ചുകൂടാ." അവർ നിശ്ചയിച്ചു.

ഞാൻ കത്തോലിക്കരുമായി സഹവസിച്ചു; അവരുടെ സ്കൂളിൽ പഠിച്ചു. അവരുടെ തത്വവും ചരിത്രവും കഴിവുപോലെ പരിശോധിച്ചു. എനിക്കു ബോദ്ധ്യമായി തിരുസഭയിൽ ചേരേണ്ടതിൻെറ ആവശ്യകത. ഒരു ക്രിസ്ത്യാനിയാകുന്നതു് രക്ഷയ്ക്കാവശ്യമെന്നു എല്ലാ ക്രിസ്തീയവകുപ്പുകാരും വിശ്വസിക്കുന്നെങ്കിൽ അതിലുപരിയായ ഒരു സിദ്ധാന്തമാണു് ഒരു ക്രിസ്ത്യാനി പേരുകൊണ്ടും പ്രവൃത്തികൊണ്ടും ക്രിസ്തീയധർമ്മാനുസാരം ജീവിക്കണമെന്നതു്; അല്ലെങ്കിൽ, തെററിക്കൂടാത്ത—പരിശുദ്ധാത്മാവിൻെറ നിയന്ത്രണമുള്ള—തിരുസഭയുടെ അംഗമാകണമെന്നതു്.

സ്കൂൾഫൈനൽ ക്ലാസ്സിൽ ഞാൻ പഠിച്ചിരിക്കുമ്പോൾ എനിക്കൊരു വിവാഹാലോചനവന്നു. അതും കത്തോലിക്കസഭയിൽപെട്ട ഒരു യുവാവുമായി. അപ്പോൾ എൻെറ പിതാവു സമ്മതിച്ചതായിരുന്നു എന്നെ കത്തോലിക്കയിൽ ചേർക്കാമെന്നു് കല്യാണം നടക്കുമെങ്കിൽ. പക്ഷേ, എന്നോടാലോചിച്ചില്ല. ആ യുവാവും ഈ വിവരം അറിഞ്ഞിരിക്കില്ല. അദ്ദേഹം ഇന്നൊരു വൈദികനാണു്. ഈ ആലോചന ഞാനറിഞ്ഞു. അപ്പോഴും ഞാൻ വിചാരിച്ചു എൻെറ സഭാപ്രവേശനം വിഷമകരമായിരിക്കയില്ല എന്നു്. എന്നാൽ, എൻെറ മാതാപിതാക്കളുടെ ചിന്ത അപ്രകാരമായിരുന്നില്ല. എൻെറ വിവാഹാലോചനാവൃത്തം ഏററം വലുതായിരിക്കണം. അപ്പോൾ അതിനുള്ളിൽ എത്ര ചെറിയ വൃത്തങ്ങൾ വേണമെങ്കിലും നിർമ്മിക്കാമല്ലോ. അതായതു് ഏതു ക്രിസ്തീയവകുപ്പിൽപെട്ടവനായാലും വേണ്ടില്ല, പററിയ ഒരാളെ കിട്ടണം. അതനുസരിച്ചു് സഭയും തീരുമാനിക്കുക. നല്ല ചിന്താഗതിയല്ലേ? ധാരാളം പെൺമക്കളെ കെട്ടിക്കാനുള്ള ഒരു പിതാവിനു ഇങ്ങനെ ചിന്തിച്ചേ പററുകയുള്ളുപോലും. നോക്കണേ അകത്തോലിക്കസഭാംഗങ്ങളുടെ നേർബുദ്ധി. അവരുടെ മതനിയമങ്ങളുടെ പ്രായോഗികത.

യോഹന്നാൻ വല്യപ്പൻ ഒരു പ്രസംഗകനാണു്, തികഞ്ഞ വേർപാടുകാരൻ. രണ്ടു കെട്ടിലുമായി പത്തുപന്ത്രണ്ടു മക്കളുണ്ടു്. പെൺകുട്ടികളെ പലരേയും സുറിയാനികത്തോലിക്കാ യുവാക്കളെക്കൊണ്ടു കെട്ടിച്ചു. അതുവരെ വേർപാടുകാരികളായിരുന്ന പെൺകുട്ടികൾക്കു് മാമ്മോദീസാ മുതൽ വിവാഹംവരെ ലഭിക്കാവുന്നതും ലഭിക്കേണ്ടതുമായ കൂദാശകൾ ഒരു ദിവസംതന്നെ കൊടുക്കേണ്ടിവന്നു. പക്ഷേ, ഇന്നും ഉപദേശി കത്തോലിക്കരേയും കത്തോലിക്കാസഭയേയും ശപിച്ചും കുററംപറ

(ശേഷം 8-ാംപേജിൽ)



വിമർശനവീഥി

# കമ്മ്യൂണിസവും മതവും

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

മാർക്സിന്റെ അഭിപ്രായപ്രകാരം മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്. തല്ക്കാലകഷ്ടതകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും വിമോചനംലഭിക്കാൻ കറുപ്പുതിന്നുന്നതുപോലെ മനുഷ്യൻ ഈ ലോകജീവിതത്തിലെ ദുഃഖദുരിതങ്ങളിൽനിന്നു മുക്തിനേടുവാൻ മതാചാരങ്ങളിൽ വ്യാപൃതനാകുന്നു. മതം സർവ്വശക്തനായ ഒരു ദൈവമുണ്ടെന്നും ആ ദൈവം നമ്മുടെ മരണശേഷം ആനന്ദപ്രദമായ മോക്ഷരാജ്യത്തിലേക്കു് നമ്മെ കൂട്ടിക്കൊണ്ടുപോകുമെന്നും പറഞ്ഞു് ഈലോകജീവിതത്തിലുള്ള കഷ്ടാരിഷ്ടതകളെ സന്തോഷത്തോടുകൂടി സഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. എന്നാൽ ഇവയെല്ലാം വെറും മിഥ്യാബോധങ്ങളാണെന്നും, മനുഷ്യനെ ഈ വക അന്ധവിശ്വാസങ്ങളിൽനിന്നും വിമുക്തനാക്കുവാൻ മതത്തെ നശിപ്പിക്കണമെന്നും മാർക്സ് വാദിക്കുന്നു. കൂടാതെ സാധുക്കളെ ഞെരുക്കി തങ്ങളുടെ ധനം വർദ്ധിപ്പിക്കാൻ മുതലാളിമാരും മതാചാര്യന്മാരും മതമുപയോഗിക്കുന്നു. മാർക്സിന്റെ അഭിപ്രായപ്രകാരം മതങ്ങൾ സ്വാർത്ഥതല്പരരായ അവരാൽ സൃഷ്ടിക്കപ്പെട്ടവയാണു്. അതിനാൽ വെറും മിഥ്യാബോധത്തിന്റെ ഫലവും സാധുക്കളെ ഞെരുക്കുന്നതിനുപായവുമായ മതത്തെ ഭൂമുഖത്തുനിന്നും തുരത്തണമെന്നു് മാർക്സ് തന്റെ അനുയായികളെ പഠിപ്പിക്കുന്നു.

ഇതനുസരിച്ചു് കമ്മ്യൂണിസ്റ്റ്കാർ മതത്തെ നശിപ്പിക്കുന്നതിനു് സകല ശ്രമങ്ങളും ചെയ്തിട്ടുണ്ടു്, തുടന്നു ചെയ്തുവരുന്നുമുണ്ടു്. ലെനിന്റെ വാക്കിൽ, കമ്മ്യൂണിസ്റ്റ്കാർ ആദ്യം പഠിക്കേണ്ട പാഠങ്ങൾ നിരീശ്വരത്വവും മതവിരോധവുമാണു്. അതിനാൽ മതങ്ങൾക്കും മതാനുയായികൾക്കുമെതിരായി അവർ ചെയ്തിട്ടുള്ള നീചവും ക്രൂരവുമായ പ്രവൃത്തികൾക്കു് കൈയ്യും കണക്കുമില്ല. കമ്മ്യൂണിസ്റ്റ്കാരുടെ ആധിപത്യം സ്ഥാപിക്കപ്പെട്ട രാജ്യങ്ങളിൽ—ഉദാഹരണമായി, റഷ്യാ, മെക്സിക്കോ, ചൈനാ, പോളൻഡ്, ഫിൻലൻഡ് മുതലായ രാജ്യങ്ങളിൽ—മതത്തിനെതിരായി, പ്രത്യേകിച്ചു് അവർ ഏററവും ഭയപ്പെടുന്ന കത്തോലിക്കാതിരുസഭക്കെതിരായി ചെയ്തിട്ടുള്ള അക്രമങ്ങളും ക്രൂരതകളും എത്രമാത്രമെന്നു് വിവരിക്കുവാൻ പ്രയാസമാണു്. എത്രയെത്ര നിരപരാധികളായ വൈദികരേയും കന്യാസ്ത്രീകളെയും മററു വിശ്വാസികളെയുമാണു് ഇവർ അസഹ്യമായ പീഡനങ്ങൾക്കും കഠിനമായ കാരാഗൃഹവാസത്തിനും വിധിച്ചിട്ടുള്ളതു്! സ്വരാജ്യസ്നേഹികളും നിസ്വാർത്ഥമായി തങ്ങളുടെ രാജ്യക്ഷേമത്തിനുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ളവരുമായ അനേകംപേരെ കമ്മ്യൂണിസ്റ്റ്കാർ നാടുകടത്തിയിട്ടുണ്ടു്, ക്രൂരമരണത്തിനു വിധിച്ചിട്ടുണ്ടു്. അവർ നശിപ്പിച്ചിട്ടുള്ള പള്ളികൾക്കും സന്യാസമന്ദിരങ്ങൾക്കും അനാഥശാലകൾക്കും കണക്കില്ല. ഇവയെക്കുറിച്ചു് നാം ധാരാളം കേട്ടിട്ടുള്ളതുകൊണ്ടു് അവയുടെ ഒരു വിശദവിവരണത്തിനു് തല്ക്കാലം തുനിയുന്നില്ല.

കമ്മ്യൂണിസ്റ്റ്കാർ ഇത്രമാത്രം ശ്രമിച്ചിട്ടും മതത്തെ അവരുടെ രാജ്യങ്ങളിൽനിന്നു നിഷ്കാസനം ചെയ്യുവാൻ സാധിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിൽ പ്രഥമസ്ഥാനമർഹിക്കുന്ന റഷ്യയിൽതന്നെ മതം ഇന്നും നിലനിന്നു വളർന്നുവരുന്നു. റഷ്യൻജനതയുടെ സ്ഥിതി ശരിയായി മനസ്സിലാക്കിയിട്ടുള്ളവരുടെ അഭിപ്രായപ്രകാരം 70 ശതമാനത്തിൽ കൂടുതൽ ജനങ്ങൾ മതവിശ്വാസികളാണു്. എന്തുകൊണ്ടാണു് കമ്മ്യൂണിസ്റ്റ്കാർ തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ചു് യുദ്ധം ചെയ്തിട്ടും മതത്തെ കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിൽനിന്നുപോലും നശിപ്പിക്കുവാൻ സാധിക്കാത്തതു്?

ഇതിനു ശരിയായ കാരണം കണ്ടുപിടിക്കുന്നതിനു് നാം മതത്തിന്റെ അടിസ്ഥാനം ആരായേണ്ടിയിരിക്കുന്നു. മതം മനുഷ്യസ്വഭാവത്തിൽനിന്നും വന്നിട്ടുള്ളതത്രെ. മതം നശിപ്പിക്കണമെങ്കിൽ മനുഷ്യനെത്തന്നെ നശിപ്പിക്കണം. മനുഷ്യനുള്ളിടത്തോളം കാലം മതവും നിലനില്ക്കും. മനുഷ്യനിൽ സ്ഥായിയായ മൂന്നാഗ്രഹങ്ങളുണ്ടു്. ഇതിൽ ആദ്യത്തേതു് മരണമില്ലാതെ ജീവിക്കുന്നതിനും, രണ്ടാമത്തേതു് കളങ്കമററ സത്യം അല്ലെങ്കിൽ അറിവു സമ്പാദിക്കുന്നതിനും, മൂന്നാമത്തേതു ഒരുത്തമസ്നേഹിതനെ കണ്ടെത്തി സ്നേഹിക്കുന്നതിനുമാണു്. ശാശ്വതമായ ജീവൻ, കളങ്കമററസത്യം, സ്ഥിരമായ സ്നേഹം ഇവ നാം എപ്പോഴും അതിയായി ആഗ്രഹിക്കുന്നുണ്ടെങ്കിലും ഈ ലോകത്തിൽ അവ കരസ്ഥമാക്കുവാൻ നമുക്കൊരിക്കലും സാധിക്കുന്നില്ല. ജനിക്കുന്നവരെല്ലാം മരിക്കുന്നു. അതിനാൽ ഇവിടെ മരണമില്ലാത്ത ജീവിതമില്ല. ഇതുപോലെതന്നെ സത്യം അതിന്റെ പൂർണ്ണതയിൽ ഒരുത്തർക്കും കരസ്ഥമാക്കുവാൻ സാധിച്ചിട്ടില്ല. സത്യത്തോടുകൂടി അസത്യവും കലർന്നിരിക്കുന്നു. നിസ്വാർത്ഥവും നിഷ്കളങ്കവുമായ സ്നേഹം മനുഷ്യൻ ആഗ്രഹിക്കുന്നെങ്കിലും ഇതുവരെ അതവനു കിട്ടിയിട്ടില്ല. നാം ആത്മാർത്ഥതയോടുകൂടി സ്നേഹിച്ചുപോന്നവർ പലപ്പോഴും നമ്മുടെ ശത്രുക്കളായിട്ടുണ്ടു്. മിത്രങ്ങളിൽനിന്നുണ്ടായിട്ടുള്ള വഞ്ചനയെക്കുറിച്ചും നന്ദിയില്ലായ്മയെക്കുറിച്ചും എത്രയോ ആവലാതികൾ നാം കേട്ടിട്ടുണ്ടു്. അതിനാൽ ജീവൻ മരണത്തോടു കലർന്നിരിക്കുന്നതുപോലെ, സത്യം അസത്യത്തോടും സ്നേഹം വിരോധത്തോടും കലർന്നിരിക്കുന്നു.

നമ്മുടെ സ്വഭാവത്തിൽ സ്ഥായിയായി സ്ഥിതിചെയ്യുന്ന ഈ മൂന്നാഗ്രഹങ്ങൾ ഒരിക്കലും പൂർണ്ണമായി നിറവേററുവാൻ സാധിക്കുകയില്ലയോ? തീർച്ചയായും സാധിക്കും. അല്ലെങ്കിൽ ഈ ആഗ്രഹങ്ങൾ നമ്മുടെ സ്വഭാവത്തിൽ ഉണ്ടാകുകയില്ലായിരുന്നു. ഭക്ഷണമില്ലായിരുന്നെങ്കിൽ ശിശുക്കൾ ഭക്ഷണത്തിനായി കരയുകയില്ലായിരുന്നു. പ്രകൃതിസൗന്ദര്യം ആസ്വദിക്കുവാനില്ലായിരുന്നെങ്കിൽ കണ്ണുകൾ ഉണ്ടാകുകയില്ലായിരുന്നു, ഇതുപോലെ പൂർണ്ണമായ ജീവനും കളങ്കമററ സ്നേഹവും സ്ഥിരമായ സ്നേഹിതനുമില്ലായിരുന്നെങ്കിൽ ഈ വക ആഗ്രഹങ്ങൾ നമ്മുടെ സ്വഭാവത്തിലുമുണ്ടാകുകയില്ലായിരുന്നു. ഈ മൂന്നു ഗുണങ്ങളുടെയും പൂർണ്ണമായ ആസ്ഥാനം ദൈവമാണു്. ദൈവം ജീവനും സത്യവും സ്നേഹവുമാകുന്നു. ദൈവത്തോടുകൂടി നാം യോജിക്കുമ്പോൾ ഈ മൂന്നാഗ്രഹങ്ങളും അവയുടെ പരിപൂർണ്ണതയെ പ്രാപിക്കും. ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ ഈ മൂന്നാഗ്രഹങ്ങൾ നമ്മിൽ നിക്ഷേപിച്ചു. ഇവവഴി ദൈവത്തോടു് ഐക്യപ്പെടുവാൻ നാം എപ്പോഴും ആഗ്രഹിക്കുന്നു.

നമ്മുടെ സ്വാഭാവികമായ ഈ ആഗ്രഹങ്ങളാണു് മതത്തിന്റെ അടിസ്ഥാനം. ഇവ മനുഷ്യനു സ്വാഭാവികമായതുപോലെ മതവും മനുഷ്യനു സ്വാഭാവികമാണു്. അതുകൊണ്ടാണു് മതത്തെ നശിപ്പിക്കണമെങ്കിൽ മനുഷ്യസ്വഭാവത്തെത്തന്നെ നശിപ്പിക്കേണ്ടിയിരിക്കുന്നതു്. ഭൂമുഖത്തു് മനുഷ്യനുണ്ടായപ്പോൾതന്നെ മതവുമുത്ഭവിച്ചു. മതം എപ്പോഴും എല്ലായിടത്തുമുണ്ടായിരുന്നു എന്നു് അതിനെക്കുറിച്ചു കൂലംകഷമായ പഠനം നടത്തിയ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇപ്രകാരം ടീയൽ, ടെയിലർ തുടങ്ങിയ പണ്ഡിതന്മാർ മതമില്ലാത്ത മനുഷ്യവർഗ്ഗം ഒരിടത്തും കാൺമാനില്ലെന്നും, അതിനെതിരായി ആരെങ്കിലും വാദിക്കുന്നെങ്കിൽ അതു് പഠിപ്പിന്റെ കുറവുകൊണ്ടോ, കാര്യവിവരങ്ങൾ ശരിയായി പരിശോധിക്കായ്കകൊണ്ടോ ആയിരിക്കണമെന്നും പറയുന്നു. പുരാതന ഗ്രീക്കു ചരിത്രകാരൻ പ്ളൂട്ടാർക്കു് പറയുന്നതു് ഭൂലോകത്തിൽ കോട്ടകളും നിയമങ്ങളും സാഹിത്യവുമില്ലാത്ത പട്ടണങ്ങൾ കാണുവാൻ സാധിക്കുമെങ്കിലും, ദേവന്മാരും ദേവാലയങ്ങളും, പ്രാർത്ഥനയും യാഗക്രിയകളുമില്ലാത്ത പട്ടണങ്ങൾ ഒരിക്കലും കാണുവാൻ സാധിക്കുകയില്ലെന്നാണു്. ഇതുതന്നെയാണു് സുപ്രസിദ്ധവാഗ്മിയായ സിസറോയുടേയുമഭിപ്രായം. അതിവിപുലമായ പുരാതനറോമാസാമ്രാജ്യം ഭരിക്കുവാനും നിലനിറുത്തിക്കൊണ്ടുവരുവാനും സാധിച്ചെങ്കിൽ അതിനു കാരണം ജനങ്ങൾക്കു് ദേവന്മാരുടെ നേർക്കുണ്ടായിരുന്ന ഭക്തിയായിരുന്നു എന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു.

മതം മനുഷ്യസ്വഭാവത്തിൽതന്നെ ലയിച്ചിരിക്കുന്നതിനാൽ അതു് ഒരു പുതിയ കണ്ടുപിടുത്തമല്ല. കൂടാതെ ദൈവാസ്തിക്യം തന്നെ മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കുവാൻ സാധിക്കുമെന്നും നാം മുമ്പു തെളിയിച്ചു. ഇപ്രകാരം നമ്മെ സൃഷ്ടിച്ച സർവ്വശക്തനായ ഒരു ദൈവമുണ്ടെന്നും ആ ദൈവം തന്നിട്ടുള്ള നിയമങ്ങളനുസരിച്ചു് ജീവിച്ചാൽ മരണശേഷം പരിപൂർണ്ണജീവനും സത്യവും സ്നേഹവുമായിരിക്കുന്ന ദൈവത്തോടു് ഐക്യപ്പെട്ടു് നിത്യഭാഗ്യം അനുഭവിക്കാമെന്നും നാം വിശ്വസിക്കുന്നു. ഈ മതവിശ്വാസം ഇല്ലാതാക്കുവാൻ മനുഷ്യനെത്ര ശ്രമിച്ചാലും സാധിക്കുകയില്ല. അതിനാലാണു് കമ്മ്യൂണിസ്റ്റ്കാർ മതം നശിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു കണ്ടപ്പോൾ കമ്മ്യൂണിസത്തെത്തന്നെ ഒരു മതമായി മാററിയതു്. ഇന്നു കമ്മ്യൂണിസം ഒരു മതമാണു്. വരുവാനിരിക്കുന്ന കമ്മ്യൂണിസ്റ്റ്സമുദായം അതു വാഗ്ദാനം ചെയ്യുന്ന സ്വർഗ്ഗവും, കക്ഷിത്തലവൻ അതിന്റെ ദൈവവുമാണു്. കമ്മ്യൂണിസ്റ്റ്കാർ അവരുടെ പുതിയ മതത്തിനുവേണ്ടി എന്തു ത്യാഗവും ചെയ്യുവാൻ സന്നദ്ധരായിരിക്കണം. ചിലപ്പോൾ മിഷ്യനറിമാരുടെ മതതീക്ഷ്ണതയെപ്പോലും അതിശയിക്കുന്നതാണു് കമ്മ്യൂണിസത്തിന്റെ പേരിൽ അവർക്കുള്ള തീക്ഷ്ണത. ഇപ്രകാരം മതത്തെ നശിപ്പിക്കുവാൻ പുറപ്പെട്ട കമ്മ്യൂണിസ്റ്റ്കാർ അതിൽ പരാജയമടഞ്ഞപ്പോൾ കമ്മ്യൂണിസത്തെത്തന്നെ ഒരു മതമായി പ്രഖ്യാപിക്കുകയാണു ചെയ്തിരിക്കുന്നതു്! (തുടരും)

—o—


## പ്രതിദിനസുവിശേഷം

സാഹിത്യതിലകൻ ഫാദർ സി. കെ. മററം അച്ചർകളാൽ വിവർത്തിതവും, കാലോചിതവും ലളിതവും സുന്ദരവുമായ ഭാഷയിൽ തയ്യാർ ചെയ്തിട്ടുള്ളതുമായ ഒരു വിശിഷ്ടഗ്രന്ഥം ഇതാ പുറത്തായിരിക്കുന്നു.

പ്രതിദിനപാരായണത്തിനുതകുന്ന രീതിയിൽ തിയതികൾ കാണിച്ചും ആണ്ടുവട്ടം ആകെ വികസിപ്പിച്ചും സംവിധാനം ചെയ്തിരിക്കുന്ന ഈ മഹൽഗ്രന്ഥം കേരളത്തിലെ എല്ലാ ഭവനങ്ങൾക്കും ഒരു അവശ്യഭൂഷണമാണു്.

12-നു രണ്ടും, 100ക യ്ക്കു 25 ക യും കമ്മീഷൻ.

പരുക്കൻകടലാസ് 1-8-0 ടി അരക്കെട്ടുകാലിക്കൊ 1-12-0 മേനിക്കടലാസ് 2-0-0 മേനിക്കടലാസ് അരക്കെട്ടു കാലിക്കൊ 2-4-0

Apply to
St. Joseph's I. S. Press,
Elthuruth P. O. Trichur.



ബുദ്ധിപൂർവ്വമായി നിക്ഷേപിച്ചതിനാൽ ജീവിതത്തിലെ മുഖ്യമായ •



ആഗ്രഹം സഫലമായി

ശ്രീമാൻ മൂർത്തിയും അദ്ദേഹത്തിന്റെ ഭാര്യയും വളരെ നാളുകളായി ഈ സുദിനം കാത്തുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ ബന്ധുക്കളും സുഹൃത്തുക്കളും വിവരിച്ചു കേട്ടിട്ടുള്ളതായ പുണ്യസ്ഥലങ്ങളെപ്പററി അവർ വീണ്ടും വീണ്ടും സംസാരിക്കാറുണ്ടായിരുന്നു. ഈ തീർത്ഥാടനം ചെയ്യുവാൻ വേണ്ട സമ്പാദ്യം ഉണ്ടാകുന്നതുവരെ അവർ കൊല്ലംതോറും ഓരോ തുകകൾ മിച്ചം വച്ചുകൊണ്ടിരുന്നു. ആ തുകകൾ നല്ല പലിശ കിട്ടുന്നതിനു വേണ്ടി പാലാ സെൻട്രൽ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുകയും ചെയ്തു.

വാർദ്ധക്യ കാലത്തേക്കു വേണ്ടി എങ്ങിനെ കരുതുവാൻ സാധിക്കും

വാർദ്ധക്യത്തിൽ ഒരു വാർഷികാദായം ലഭിക്കുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? നിങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവർക്കു ഒരു സ്ഥിരമായ വരുമാനം സിദ്ധിക്കണമെന്നുണ്ടോ? ജോലിയിൽ നിന്നും വിരമിച്ചതിനു ശേഷം ഒരു വീടു് പണിയിക്കണമോ? പുണ്യസ്ഥലങ്ങൾ സന്ദർശിക്കണമോ?

നിങ്ങൾക്കു ഉത്തമമായിട്ടുള്ളതു് ഒരു ദീർഘകാല നിക്ഷേപ പദ്ധതിയാണു്. അതിനാൽ നിങ്ങളുടെ സമ്പാദ്യം പാലാ സെൻട്രൽ ബാങ്കിൽ സ്ഥിര നിക്ഷേപമായി ഇടുക. ആദായകരമായ ഒരു വരുമാനം നിങ്ങൾക്കു് മുടങ്ങാതെ കിട്ടും. ഈ ഗുണവശങ്ങളെ പ്രത്യേകം ഓർമ്മിക്കുക:

* വർദ്ധിച്ച പലിശ നിരക്കു്: 3 മാസത്തിനു് $2\frac{1}{2}$ ശതമാനം
  6 „ 3 „
  12 „ $3\frac{1}{2}$ „
  24 „ 4 „
  36 „ $4\frac{1}{2}$ „
* പലിശ ആറാറു മാസം കൂടുമ്പോൾ നൽകുന്നു.
* നൂറു രൂപാ മുതൽ ഏതു സംഖ്യയും നിക്ഷേപിക്കാം.

കൂടുതൽ പലിശ കിട്ടുന്ന സ്ഥിരനിക്ഷേപങ്ങൾ

എന്ന ലഘു ഗ്രന്ഥത്തിന്റെ ഒരു കോപ്പിക്കു് അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോടു് ആവശ്യപ്പെടുക.




പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ESTD. 1927

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

PC. 331

Reg. M. No. 2293

# Sathya Deepam

Vol. 28 — Ernakulam July 6 1955 — No. 45

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ മാതൃകയായ കൊച്ചുഡോമിനി എല്ലാ ആഴ്ചയിലും ഭക്തിപൂർവ്വം തന്റെ ചെറിയചെറിയ കുററങ്ങൾ വലിയ ദുഃഖത്തോടും എളിമയോടുംകൂടി ഏററുപറഞ്ഞു കുമ്പസ്സാരിച്ചിരുന്നു. നമ്മുടെ ആത്മാവിലുണ്ടാകുന്ന ഏതു പാപക്കറയും ക്രിസ്തുവിന്റെ രക്തത്താൽ കഴുകിക്കളയുന്നതിനു അവിടുന്നുതന്നെ സ്ഥാപിച്ചിട്ടുള്ള കൂദാശയാണല്ലോ കുമ്പസ്സാരം. അതുതന്നെയാണ് സ്നേഹഈശോയെ ഭക്തിയായി സ്വീകരിക്കുന്നതിനുള്ള ഒന്നാമത്തെ ഒരുക്കവും. സഹോദരസ്നേഹവും മററുള്ളവർക്കു സഹായം ചെയ്യുന്നതിനുള്ള സന്നദ്ധതയും വിശുദ്ധനിൽ പ്രത്യേകം പ്രശോഭിച്ചിരുന്നു. കഴിഞ്ഞ ദിവസത്തെ ചിത്രങ്ങളിൽ നാം കണ്ടല്ലോ, വിഷാദംപിടിച്ചുനിന്ന ഒരു ബാലനെ ഡോമിനി സമീപിച്ചു സമാശ്വസിപ്പിക്കുന്നതും, രോഗിയായികിടക്കുന്ന ഒരു കൂട്ടുകാരനെ ശുശ്രൂഷിക്കുന്നതും. പരസ്നേഹപ്രവൃത്തികളിലും ഡോമിനിയെ നാം കണ്ടുപഠിക്കണം.

വല്ല്യേട്ടൻ.



"ഡോമിനി, എന്താണിതു്? ഒരു കുട്ടിയുടെ പുസ്തകം കീറിക്കളയുകയോ?"
"ക്ഷമിക്കണേ, ഈ ചീത്തപ്പുസ്തകം വായിക്കാൻ കൊള്ളുന്നതല്ല. അതു യാതൊരുത്തനേയും നശിപ്പിക്കാതിരിക്കാൻ ഞാൻ ചീന്തിക്കീറി നശിപ്പിച്ചതാണ്."



"കൂട്ടുകാരേ, നിങ്ങൾ ആ യുവാവിന്റെ അടുത്തുപോകരുതു്. അവന്റെ ഉള്ളിൽ പിശാചാണ് ഇരിക്കുന്നതു്. അവന്റെ വായിൽനിന്നു ചീത്തവാക്കുകൾ കൂരമ്പുപോലെ നാലുപാടും പായുകയാണ്. അടുത്തുചെന്നാൽ അവ നിങ്ങളുടെമേൽ തറയ്ക്കും."

### 29-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

ചെടിയിന്മേലുണ്ടായിരുന്ന പഴം = 31

### പ്രശ്നം നമ്പ്ര് 30

(മോളി വക്കി, വാഴക്കുളം, വയസ്സ് 14)

എന്റെ അദ്ധ്യാപികയുടെ പേർ എല്ലാവരും അറിയണമെന്നു എനിക്കു് ഒരാഗ്രഹം. ആ പേരിന്റെ ആദ്യക്ഷരം അശോകനിലുണ്ടു്, അക്ബറിലില്ല; രണ്ടാമത്തെ അക്ഷരം ആശാനിലുണ്ടു്, അദ്ധ്യാപകനിലില്ല; മൂന്നാമത്തെ അക്ഷരം ചമ്മന്തിയിലുണ്ടു്, ദോശയിലില്ല. ആ പേരു നിങ്ങൾക്കു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## അപ്പന്റെ ഫോട്ടോ

(എം. സി. വറീതു് മടത്തുംപടി, എരവിമംഗലം. വ-16)

അന്നും പതിവുപോലെ അയാൾ വിശ്രമിക്കുന്നതിനു് കടൽത്തീരത്തേക്കു പോയി. മണൽത്തിട്ടയിൽക്കൂടി നടന്നുകൊണ്ടിരിക്കുമ്പോൾ എന്തോ ഒരു സാധനം സൂര്യരശ്മി തട്ടി മണലിൽ കിടന്നു തിളങ്ങുന്നതു കണ്ടു. അയാൾ കുനിഞ്ഞെടുത്തു നോക്കി. "ഹാ! മരിച്ചുപോയ എന്റെ അപ്പന്റെ പടമാണല്ലോ ഇതു്!" അയാൾ അത്ഭുതപ്പെട്ടു. ഒരു വലിയ നിധി കിട്ടിയതുപോലുള്ള സന്തോഷമാണയാൾക്കുണ്ടായതു്. അതിനെ ഭദ്രമായി പോക്കററിൽ നിക്ഷേപിച്ചു. വീട്ടിൽ തിരികെ വന്നിട്ടു ഭാര്യയോടുപോലും അതിനെപ്പററി മിണ്ടിയില്ല.

മുഖം നോക്കുന്ന കണ്ണാടിയുടെ ഒരു കഷണമായിരുന്നു അതു്. പക്ഷെ അക്കാലത്തു് കണ്ണാടി അത്ര പ്രചാരത്തിലുണ്ടായിരുന്നില്ല. ചുരുക്കം ചില ധനികരുടെ വീടുകളിൽ മാത്രമേ അതുണ്ടായിരുന്നുള്ളു.

ദിവസവും എഴുന്നേററാലുടനെ അയാൾ ആ ചില്ലിലുള്ള "അപ്പന്റെ പട"മെടുത്തു നോക്കും. കിടക്കാൻ പോകുമ്പോഴും അവസാനത്തെ കൃത്യം ആ പടം കാണുകയാണ്. അതെപ്പോഴും ഭദ്രമായി ഉടുപ്പിന്റെ കീശയിൽ നിക്ഷേപിച്ചിരുന്നു.

അയാളുടെ ഭാര്യ ഇതൊക്കെ രഹസ്യമായി വീക്ഷിക്കുന്നുണ്ടായിരുന്നു. അവൾക്കു ജിജ്ഞാസ വർദ്ധിച്ചു. "ഏതോ യുവതിയുമായി വേഴ്ചയുണ്ടു്. അവളുടെ പടമാണ് ഇയ്യാളിത്ര കാര്യമായി കൊണ്ടുനടക്കുന്നതു്," എന്നവൾ അനുമാനിച്ചു. ഒരു ദിവസം അവൾ നേരത്തെ എഴുന്നേററു. ഭർത്താവപ്പോൾ കൂർക്കം വലിച്ചുറങ്ങുകയാണ്. അവൾ സാവധാനത്തിൽ അയാളുടെ ഉടുപ്പിന്റെ പോക്കററിൽനിന്നു അതെടുത്തു പുറത്തു കൊണ്ടുപോയി നോക്കി. "ഹാ! എത്ര വാസ്തവം! ഞാൻ സംശയിച്ചതുതന്നെ ഇതു്. ഹാ! ദൈവമേ, ഇയ്യാളിങ്ങനെ ചെയ്തല്ലോ!" അവളുടെ നെഞ്ചത്തടിയും നിലവിളിയും കേട്ടാണ് ഭർത്താവു ഉണർന്നതു്. "അപ്പന്റെ പടം" അവളെടുത്തതു കണ്ടപ്പോൾ അയാൾക്കു കോപമായി. പെട്ടെന്നു അതിനെ ബലമായി പിടിച്ചു വാങ്ങി.

"ഇനി ഇയ്യാളുടെ കൂടെ താമസിക്കുവാൻ കഴികയില്ല" ഭാര്യയും തീരുമാനിച്ചു. അവൾ എല്ലാം വാരിക്കെട്ടി സ്വന്തം വീട്ടിലേക്കു യാത്രയായി. വഴിയിലിറങ്ങിയപ്പോൾ പട്ടണത്തിൽ താമസിക്കുന്ന ആങ്ങള വരുന്നു എതിരെ. കരഞ്ഞുകൊണ്ടു കാര്യങ്ങളെല്ലാം അവൾ പറഞ്ഞു കേൾപ്പിച്ചു. "ങ്ഹാ, അളിയൻ അത്ര കൊള്ളരുതാത്തവനായോ! ഞാനും കൂടിവന്നു് ഒന്നു് ചോദിച്ചിട്ടു് വീട്ടിലേക്കു പോയാൽ മതി." രണ്ടു പേരും കൂടി വീട്ടിലേക്കു തിരിച്ചു വന്നു.

ഭർത്താവു് ചിന്താമഗ്നനായി ഇരിക്കുകയാണ്. അളിയൻ കാര്യങ്ങൾ ആരാഞ്ഞു. "എന്റെ അപ്പന്റെ ഈ പടം കണ്ടിട്ടാണ് ഇവൾ ചാടിത്തുള്ളി ഈ കലാപമെല്ലാം ഉണ്ടാക്കിയതു്. അതു കൊള്ളാമോ?" അയാൾ കണ്ണാടിച്ചില്ലെടുത്തു അളിയനെ കാണിച്ചു. അളിയൻ പൊട്ടിച്ചിരിച്ചുപോയി. കണ്ണാടിച്ചില്ലു് കൈയിൽ മേടിച്ചിട്ടു് അയാൾ പറഞ്ഞു: "നിങ്ങൾ രണ്ടു പേരും ഇങ്ങോട്ടടുത്തു വരിൻ, ഞാൻ നടുക്കും നില്ക്കാം. എന്നിട്ടു ഇതിലേക്കു നോക്കുവിൻ." അവർ നോക്കിയപ്പോൾ ഭർത്താവും ഭാര്യയും ആങ്ങളയും അതിനുള്ളിൽ! കണ്ണാടിച്ചില്ലിന്റെ കാര്യം അവരപ്പോഴാണ് മനസ്സിലാക്കിയതു്. ഭാര്യ ലജ്ജിച്ചു് തലതാഴ്ത്തി. ഭർത്താവു് ഇളിഭ്യനായി.

—o—

## വിനോദവീഥി



"അല്ലേ, നമ്മുടെ തൊമ്മിയെ നീയറിയില്ലേ? അങ്ങേലെ പശുനെ രാത്രി മോഷ്ടിച്ചോണ്ടുപോയി വിററില്ലേ, ആ തൊമ്മി!"

x x x



"നിങ്ങൾക്കു 175 വയസ്സുവരെ ജീവിച്ചിരിക്കാം. വെറും ഒരണ കൊടുത്തു് ഈ മരുന്നുവാങ്ങി കാഞ്ഞവെള്ളത്തിൽ കലക്കികുടിക്കുക!"

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—I